പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 57 ലക്കം 12
മാർച്ച് 2018

പഞ്ചായത്ത് ദിനാഘോഷം

ആഘോഷവേളയുടെ അനുഭവങ്ങളിലൂടെ...

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക
നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം

പഞ്ചായത്ത്‌രാജ്

മാർച്ച് 2018

അകത്ത്

ഏകോപിത സർവ്വീസ് ഈ വർഷം തന്നെ
പിണറായി വിജയൻ 5

ആഘോഷവേളയുടെ അനുഭവങ്ങളിലൂടെ... 9

മാറ്റങ്ങൾക്കായി മനസ്സൊരുക്കാം
ഡോ. കെ.ടി. ജലീൽ 12

അരികുവത്കരണത്തെ അതിജീവിക്കണം
എ.കെ. ബാലൻ 15

വേണം സംയോജിത പദ്ധതികൾ
ഡോ.ടി.എം. തോമസ് ഐസക് 19

സർഗാത്മകമാകണം സർക്കാർ സർവ്വീസ്
പി. ശ്രീരാമകൃഷ്ണൻ 22

നന്മയ്ക്കെന്നും പുതുമ
പാലൊളി മുഹമ്മദ് കുട്ടി 24

സമഗ്രദർശനം അനിവാര്യം
ടി. കെ. ജോസ് ഐ.എ.എസ് 26

ബഹുതല ആസൂത്രണത്തിന്റെ അനന്തസാധ്യതകൾ
ഡോ. കെ.എൻ. ഹരിലാൽ 30

പഴുത്തിലകളെ സ്നേഹിക്കുന്ന പച്ചിലകൾ 40

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 33

ഭൂതക്കണ്ണാടി 35

കില ന്യൂസ് 38

എന്ന് വായനക്കാർ... 42

കണ്ണും കാതും 42

മാർച്ച് 2018
പുസ്തകം 57 ലക്കം 12
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

എഡിറ്റോറിയൽ

ഉപദേശക സമിതി

ചെയർമാൻ
ഡോ. കെ.ടി. ജലീൽ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
പി.മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
പി.മേരിക്കുട്ടി ഐ.എ.എസ്
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2321280
മൊബൈൽ: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

പ്രവർത്തനോർജ്ജം നൽകിയ പഞ്ചായത്താഘോഷം

മറ്റൊരു പഞ്ചായത്ത് ദിനാഘോഷം കൂടി കടന്നുപോയിരിക്കുന്നു. ഓരോ വർഷവും വരുന്ന വർഷത്തേക്കുള്ള പ്രവർത്തനോർജ്ജവും കൂടുതൽ കൂടുതൽ ജനങ്ങളുമായി സൗഹാർദ്ദപരമായി അടുക്കുന്നതിനും ജനങ്ങളുടെ വികസന- ക്ഷേമ സംരംഭങ്ങൾ അവരുമായി കൂടിയാലോചിച്ച് നടപ്പിലാക്കുന്നതിനുമുള്ള ശക്തിയും കരുത്തും നല്കിയാണ് പഞ്ചായത്ത് ദിനാഘോഷദിവസങ്ങൾ ഉജ്ജ്വലമാകുന്നത്.

മുൻവർഷങ്ങളിലെ പ്രവർത്തനമികവിനാൽ പുരസ്കാരം നേടിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമാപനസമ്മേളനവേളയിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. 2016-17-ൽ ഏറ്റവും നല്ല പ്രകടനം കാഴ്ചവച്ച് ഒന്നാം സമ്മാനം കരസ്ഥമാക്കിയത് പാലക്കാട്ടെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്താണ്. തൊട്ടുപിന്നിൽ എറണാകുളത്തെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തുണ്ട്. മൂന്നാം സ്ഥാനത്ത് കണ്ണൂരിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്താണ്. ബ്ലോക്ക് പഞ്ചായത്തിൽ കോട്ടയത്തെ ളാലം ബ്ലോക്കും ജില്ലാ പഞ്ചായത്തിൽ പത്തനംതിട്ടയും മികവിന്റെ പുരസ്കാരങ്ങൾ കരസ്ഥമാക്കി. ജില്ലാതലത്തിലും മികവ് പുലർത്തിയവരെ തെരഞ്ഞെടുത്തിട്ടുണ്ട്.

2016-17 വർഷം മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിനിർവ്വഹണത്തിൽ മികവ് പുലർത്തി മഹാത്മാ പുരസ്കാരം നേടിയത് വളരെ പിന്നാക്കമേഖലയെന്ന് നാം കരുതിയിരുന്ന ഇടുക്കിയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്താണ്. പാലക്കാട്ടെ അഗളി ഗ്രാമപഞ്ചായത്തും വയനാട്ടിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. എല്ലാ വിജയങ്ങൾക്കും വിജയത്തിന് ശ്രമിച്ചവർക്കും അഭിനന്ദനങ്ങൾ.

വിജയികളെ അനുമോദിക്കുമ്പോഴും ചില കാര്യങ്ങൾ പറയാതെ വയ്യ. ഇടുക്കി ജില്ലയിൽ നിന്ന് ജില്ലാതലത്തിൽ ഒരു ഗ്രാമപഞ്ചായത്തും പുരസ്കാരത്തിനുള്ള യോഗ്യത നേടിയില്ല എന്നത് പ്രത്യേകം ഓർമ്മിക്കണം. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും രണ്ടാം സ്ഥാനത്തിന് അർഹത നേടിയ ഗ്രാമപഞ്ചായത്തുകളൊന്നും ഇല്ലായിരുന്നു എന്നതും ചിന്തനീയമാണ്. സംസ്ഥാനത്ത് വികേന്ദ്രീകൃതാസൂത്രണത്തിൽ ഉണ്ടായ പുതുചലനം ഈ ദുസ്ഥിതി ഒഴിവാക്കുമെന്ന് പ്രത്യാശിക്കാം.

2017-18 വാർഷിക പദ്ധതിയുടെ അവസാനനാളുകൾ എത്തിയിരിക്കുന്നു. ഇത് ഏറെക്കുറെ ഭംഗിയായി തന്നെ, പ്രതീക്ഷിച്ച രീതിയിൽ പദ്ധതി പ്രവർത്തനം പര്യവസാനിക്കുമെന്നാണ് കരുതുന്നത്. അതോടൊപ്പം 2018-19 വാർഷിക പദ്ധതിക്കുള്ള പ്രവർത്തനങ്ങളും സജീവമായിത്തന്നെ ഭൂരിപക്ഷം സ്ഥാപനങ്ങളും നടപ്പാക്കിവരുന്നു. കെടുകാര്യസ്ഥതയോ അലസതയോ ആരെയും ബാധിച്ചിട്ടില്ല. മാർഗ്ഗരേഖയിലെ സമയക്രമം പാലിക്കാനുള്ള പരമാവധിശ്രമം എല്ലാവരും നടത്തുന്നുണ്ട്. 2017-18 സാമ്പത്തികവർഷത്തിൽ അംഗീകാരം നേടുന്നതിനും നിർവ്വഹണം നടത്തുന്നതിനും തദ്ദേശസർക്കാരുകൾ കാണിച്ച കർമ്മോത്സുകത 2018-19 പദ്ധതി പ്രവർത്തനങ്ങളിൽ നിലനിർത്തിയാൽ തീർച്ചയായും 2018 ഏപ്രിൽ ഒന്നു മുതൽ തന്നെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്നത് നിസ്തർക്കമാണ്. എല്ലാവിധ ആശംസകളും.

പി. മേരിക്കുട്ടി ഐ.എ.എസ്

എല്ലാ വിജയത്തിന്റെയും അടിസ്ഥാനം നിരന്തരയത്നമാണ്
- ബേക്കൺ

ഏകോപിത സർവ്വീസ് ഈ വർഷം തന്നെ

പിണറായി വിജയൻ
മുഖ്യമന്ത്രി

പ്രധാനമന്ത്രി അധ്യക്ഷനായ ദേശീയ വികസന കൗൺസിലിന്റെ മാതൃകയിൽ സംസ്ഥാനത്തു മുഖ്യമന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള വികസനകൗൺസിൽ കൊണ്ട് മുഖ്യമായും ഉദ്ദേശിച്ചിട്ടുള്ളത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യലും ഈ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കലുമാണ്.

നിർഭാഗ്യവശാൽ, നമുക്ക് കൃത്യമായ ഇടവേളകളിൽ ഈ സമിതിയുടെ യോഗം ചേരാൻ കഴിഞ്ഞിട്ടില്ല. കുറേ വർഷങ്ങളായി ഇതാണ സ്ഥിതി. ഈ സ്ഥിതിക്കു മാറ്റംവരുത്താൻ പോവുകയാണ് ഇനി നമ്മൾ. അതിന്റെ തുടക്കമാണ് ഈ യോഗം.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കു മുമ്പിലുള്ളത് അനന്തമായ വികസന സാധ്യതകളാണ്. മൂലധനമില്ലാതെ ആസ്തിയുണ്ടാക്കാൻ കഴിയുന്നതു നിങ്ങൾക്ക് മാത്രമാണ്. നാട്ടിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നു തോന്നിയാൽ, ജനങ്ങളുടെ സഹകരണത്തോടും സാമ്പത്തിക സഹായത്തോടും കൂടി സർക്കാർ പിന്തുണ ഇല്ലാതെ പോലും നിങ്ങൾക്ക് അതു നടപ്പിലാക്കാൻ കഴിയും. ഇത് മറ്റേതെങ്കിലും സർക്കാർ വകുപ്പുകൾക്ക് ചിന്തിക്കാൻ പോലും കഴിയുന്നതല്ല. പത്തുലക്ഷം രൂപ സർക്കാർ നല്കിയാൽ പതിനഞ്ചു ലക്ഷത്തിന്റേതായി അധിക വിഭവ സമാഹരണത്തോടെ പദ്ധതി നടപ്പാക്കാനുള്ള സ്വാതന്ത്ര്യവും അനുവദിച്ച തുകയുടെ മുക്കാൽഭാഗം കൊണ്ട് പദ്ധതി തീർത്ത് കാൽഭാഗം മിച്ചം വെയ്ക്കാനുള്ള അവകാശവും നിങ്ങൾക്കുണ്ട്. ഇതൊക്കെ മനസ്സിൽ വെച്ചുകൊണ്ടാണ് മൂലധനമില്ലാതെ ആസ്തി നിർമ്മാണം സാധ്യമാക്കാൻ ഇടയുള്ള സാധ്യതകൾ നിങ്ങൾക്കുണ്ടെന്നു പറഞ്ഞത്.

പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാരിന് വ്യക്തമായ നയമുണ്ട്. അധികാരം താഴേത്തലത്തിലേക്ക് കൈമാറാനുള്ള ശ്രമം കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയുടെ കാലത്തുതന്നെ ആരംഭിച്ചിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നത് ആ നയത്തിന്റെ തുടർച്ചയായിത്തന്നെയാണ്. 73, 74 ഭരണഘടനാഭേദഗതികളോടെയാണ് അധികാരം താഴെത്ത

ജീവനക്കാരുടെ ഏകോപനം മാത്രമല്ല പദ്ധതികളുടെ ഏകോപനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലുള്ള ഏകോപനവും കൂടി സാധ്യമാക്കാനാണ് തദ്ദേശസ്വയംഭരണ സർവ്വീസിന് രൂപം നല്കാൻ തീരുമാനിച്ചത്. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ഇതിനുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കുകയാണ്. ഈ വർഷംതന്നെ ഏകോപിത സർവ്വീസ് നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പെരിന്തൽമണ്ണയിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ സംസ്ഥാനത്തെ മികച്ച ജില്ലാ പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പത്തനംതിട്ട ജില്ലാ പഞ്ചായത്തിന് മന്ത്രി ഡോ.കെ.ടി.ജലീൽ സമ്മാനിക്കുന്നു.

ട്ടിലേക്ക് കൈമാറുന്നതിന് മൂർത്തരൂപം കൈവന്നത്. 1994 ൽ കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും പാസ്സാക്കുകയുണ്ടായി. അങ്ങനെ തദ്ദേശസ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നിലവിൽ വന്നു.

എന്നാൽ നിയമപരിരക്ഷ കൊണ്ടു മാത്രം അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയില്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് 1996 ൽ അധികാരത്തിൽ വന്ന ഇ.കെ. നായനാർ സർക്കാർ എസ്.ബി. സെൻ ചെയർമാനായി അധികാരവികേന്ദ്രീകരണ കമ്മിറ്റിയെ നിയമിച്ചത്. ഈ കമ്മിറ്റിയുടെ ശുപാർശകൾക്കനുസരിച്ചാണ് 1999 ൽ നിലവിലുണ്ടായിരുന്ന പഞ്ചായത്ത്, മുനിസിപ്പൽ നിയമങ്ങളിൽ ഭേദഗതി വരുത്തിയത്. ഇത് ഒരു ചരിത്ര സംഭവമാണ്. ഗ്രാമസഭകളെയും വാർഡു സഭകളെയും ശക്തിപ്പെടുത്തുകയും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പ്രാധാന്യം നല്കുകയും പൗരാവകാശരേഖ, അറിയാനുള്ള അവകാശം, പെർഫോമൻസ് ഓഡിറ്റ്, അപ്പലെറ്റ് ട്രൈബ്യൂണൽ, ഓംബുഡ്സ്മാൻ, സംസ്ഥാനവികസന കൗൺസിൽ തുടങ്ങിയ പരിഷ്കാരങ്ങൾ വരുത്തുകയുമെല്ലാം ചെയ്തത് ഈ കാലയളവിലാണ്. 35 അനുബന്ധനിയമങ്ങൾ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്തുകൊണ്ട് 2000 ൽ കേരള നിയമസഭ അധികാരവികേന്ദ്രീകരണ ബിൽ പാസ്സാക്കുകയുണ്ടായി. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനവും ഇത്രയും സമഗ്രമായ ഒരു നിയമനിർമ്മാണം അധികാരവികേന്ദ്രീകരണത്തിനുവേണ്ടി നടത്തിയിട്ടില്ല.

അധികാരം മാത്രം നല്കിയതുകൊണ്ട് പ്രാദേശിക ഭരണ നിർവ്വഹണം ഫലപ്രദമാവുകയില്ല. ഭരണാധികാരത്തോടൊപ്പം ആസൂത്രണാധികാരവും ധനാധികാരവും ജീവനക്കാരുടെ ലഭ്യതയും ഉറപ്പുവരുത്തിയതുകൊണ്ടാണ് ഇന്ത്യയിൽ ഏറ്റവും ശക്തമായ പ്രാദേശിക സർക്കാരുകളായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറിയത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുമുള്ള പദ്ധതിവിഹിതം നിയമസഭയിൽ അവതരിപ്പിക്കുന്ന ബജറ്റിലൂടെ നല്കാനെടുത്ത തീരുമാനം ധീരമായ നടപടിയായി. ഇതും ഇന്ത്യയിൽ ആദ്യത്തെ അനുഭവമാണ്. എല്ലാ പ്രദേശത്തിനും ഒരുപോലെ ബാധകമായ സന്തുലിതമായ വികസനം ഉറപ്പാക്കുന്നതിന് നിശ്ചിതമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ള ധനവിതരണമാണ് സർക്കാർ നടത്തിയത്.

ആസൂത്രണത്തിൽ ജനങ്ങളെക്കൂടി പങ്കാളികളാക്കണമെന്ന ലക്ഷ്യബോധത്തോടെയാണ് നാം ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നല്കിയത്. 1957 മുതലിങ്ങോട്ട് എന്നും അധികാരവികേന്ദ്രീകരണത്തിന്റെ വക്താവായി നില്ക്കുകയും ജനകീയാസൂത്രണ ഘട്ടത്തിൽ അതിന്റെ മാർഗ്ഗദർശിയായി നിലയുറപ്പിക്കുകയും ചെയ്ത മുൻമുഖ്യമന്ത്രി ഇ.എം.എസ്സിനെ ഇത്തരുണത്തിൽ ഓർമ്മിക്കേണ്ടതുണ്ട്. അധികാരവികേന്ദ്രീകരണ രംഗത്ത് സർക്കാർ സ്വീകരിച്ച ദൃഢവും നൂതനവുമായ നടപടികളിലൂടെ നമ്മുടെ ഗ്രാമങ്ങളിലും നഗരങ്ങളിലും പുതിയൊരു ഉണർവ്വുണ്ടായി. സമ്പത്തുല്പാദനത്തിലും സാമൂഹ്യക്ഷേമ കാര്യങ്ങളിലും വലിയ മുന്നേറ്റമുണ്ടാക്കാൻ ഇതുമൂലം കഴിഞ്ഞു.

എന്നാൽ അധികാര വികേന്ദ്രീകരണരംഗത്ത് തുടക്കത്തിലുണ്ടായിരുന്ന ആവേശം ഇപ്പോൾ കാണാനില്ല. 20 വർഷം പിന്നിടുമ്പോൾ ഗ്രാമസഭകളിലും വാർഡുതലസഭകളിലും

മൂലധനമില്ലാതെ ആസ്തിയുണ്ടാക്കാൻ കഴിയുന്നതു നിങ്ങൾക്ക് മാത്രമാണ്. നാട്ടിൽ ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കണമെന്നു തോന്നിയാൽ, ജനങ്ങളുടെ സഹകരണത്തോടും സാമ്പത്തിക സഹായത്തോടും കൂടി സർക്കാർ പിന്തുണ ഇല്ലാതെ പോലും നിങ്ങൾക്ക് അതു നടപ്പിലാക്കാൻ കഴിയും. ഇത് മറ്റേതെങ്കിലും സർക്കാർ വകുപ്പുകൾക്ക് ചിന്തിക്കാൻ പോലും കഴിയുന്നതല്ല.

ജില്ലാ പദ്ധതികൾ അംഗീകരിച്ചു

ജില്ലാ ആസൂത്രണ സമിതികൾ തയ്യാറാക്കിയ ജില്ലാ പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വികസന കൗൺസിൽ യോഗം അംഗീകരിച്ചു. ജില്ലാ പദ്ധതികൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് തയ്യാറാക്കിയ നിർദ്ദേശങ്ങളും നിരീക്ഷണങ്ങളും ഉൾക്കൊള്ളിച്ച് പദ്ധതികൾ പരിഷ്കരിച്ച് മൂന്നു മാസത്തിനുള്ളിൽ പ്രസിദ്ധീകരിക്കും.

സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, എൻജിനിയേർഡ് സാനിട്ടറി ലാൻഡ്ഫിൽ സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിന് ഭൂമി കണ്ടെത്തണം. ഇതിനാവശ്യമായ ഭൂമി കണ്ടെത്താൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തും. കേരളത്തിലെ ഹൈവേ പാതയോരങ്ങളിൽ പൊതു ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിക്കും. പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ 50 കിലോമീറ്റർ ഇടവേളകളിൽ പൊതുടോയിലറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി. മെട്രോപോളിറ്റൻ ഏരിയകൾ രൂപീകരിക്കുന്ന തിനായി പെർസ്പെക്ടീവ് പ്ലാനുകൾ തയ്യാറാക്കും. സംസ്ഥാനത്ത് നഗരഗ്രാമാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും നഗര ഗ്രാമാസൂത്രണ ബോർഡ് സ്ഥാപിക്കാനും ശുപാർശ ചെയ്തു.

ഓരോ ജില്ലയിലും മോഡൽ ഗ്രാമപഞ്ചായത്ത് സ്ഥാപിക്കും. വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്തുകളെ നിശ്ചയിക്കുക. 700 ഗ്രാമപഞ്ചായത്തുകൾക്ക് ഐ. എസ്. ഒ അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. സ്മാർട്ട് പഞ്ചായത്ത്, സ്മാർട്ട് മുനിസിപ്പാലിറ്റി പദ്ധതി ജനങ്ങളിലെത്തിക്കുന്നത് കാര്യക്ഷമമാക്കണം. ഗ്രാമപഞ്ചായത്തുകളിൽ ഒരു അസി. എൻജിനിയർ, രണ്ട് ഓവർസിയർ തസ്തികകൾ അനുവദിക്കുന്നതിനുള്ള ശുപാർശയും മുന്നോട്ടു വച്ചിട്ടുണ്ട്. പാലിനുള്ള സബ്സിഡി ഒരു കർഷകന് ഒരു വർഷം പരമാവധി 30,000 രൂപ എന്ന പരിധി ഒഴിവാക്കണം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾ ഡോക്ടർമാരെ നിയമിക്കുന്ന നടപടി വേഗത്തിലാക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

എത്തുന്നവരുടെ എണ്ണം കുറഞ്ഞു. മുൻകാലങ്ങളിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ സ്ഥിരമായി നിലനിർത്തുന്നതിന് കഴിയാതെ വന്നു. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്തിന്റെ പുരോഗതിക്ക് പുതിയ ചില പരിശ്രമങ്ങൾ കൂടി ആവശ്യമാണെന്ന് ബോധ്യമായത്. നമ്മുടെ നാട് അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഊർജ്ജിതമായ നടപടികൾ ആവശ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് നാല് മിഷനുകൾക്ക് രൂപംനല്കിയത്. ഇപ്രകാരം രൂപീകരിച്ച മിഷനുകളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെച്ചപ്പെട്ട പ്രകടനം കാഴ്ചവെയ്ക്കാൻ കഴിയുമെന്നതിൽ സംശയമില്ല; മാത്രവുമല്ല, പ്രാദേശിക സാമ്പത്തിക വികസനം സാമൂഹ്യനീതിയോടൊപ്പം ആർജ്ജിക്കുന്നതിനും ഇതു വഴിയൊരുക്കും. മിഷനുകൾ രൂപീകരിച്ച് ഒരു വർഷത്തിനുള്ളിൽത്തന്നെ അതിന്റെ സദ്ഫലങ്ങൾ സംസ്ഥാനത്തിലെ ജനങ്ങൾക്ക് ലഭിക്കാൻ തുടങ്ങിയെന്നത് ചാരിതാർത്ഥ്യം പകരുന്ന കാര്യമാണ്. എന്നാൽ പാവപ്പെട്ടവർക്ക് വീട് നല്കുന്ന കാര്യത്തിൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെങ്കിലും വീഴ്ചവരുത്തിയതായി കണ്ടിട്ടുണ്ട്. ഇത് ഒഴിവാക്കേണ്ടതാണ്.

അധികാരവികേന്ദ്രീകരണത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ സർക്കാർ ചില നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. ഇനിയും ചിലത് സ്വീകരിക്കാനുണ്ടുതാനും. സെന്നിന്റെയും വി. ജെ. തങ്കപ്പന്റെയും നേതൃത്വത്തിലുണ്ടായിരുന്ന അധികാര വികേന്ദ്രീകരണ കമ്മിറ്റികളുടെ ശുപാർശകളിൽ പ്രധാനമായും ഇനി നടപ്പിലാക്കാനുള്ളത് ഓഡിറ്റ് കമ്മീഷന്റെ രൂപീകരണം മാത്രമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായുള്ള ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ഭേദഗതി ചെയ്ത് ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതോടെ അധികാര വികേന്ദ്രീകരണ ചക്രം പൂർത്തിയാകുന്നതാണ്.

ജില്ലാ ആസൂത്രണ സമിതിയുടെ പ്രധാന ഉത്തരവാദിത്തം ജില്ലാ പദ്ധതികൾക്ക് രൂപംനല്കുക എന്നതാണ്. ഇതുവരെ ഇതിനു കഴിഞ്ഞിരുന്നില്ല. എന്നാൽ ഈ വർഷം ജില്ലാ പദ്ധതികൾ തയ്യാറാക്കി എന്നു മാത്രമല്ല, അവ വിലയിരുത്തുന്നതിനുള്ള ശില്പശാല കൂടി നടത്തപ്പെട്ടു. ജില്ലാ പദ്ധതികൾ വിവിധ വകുപ്പുകളുടെയും പദ്ധതികളുടെയും ഏകോപനത്തിനുള്ള ഉപകരണമാണ് എന്ന കാഴ്ചപ്പാടാണ് നമ്മെ നയിക്കേണ്ടത്. സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ നദികളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നല്കണം. ദീർഘകാലാടിസ്ഥാനത്തിലുള്ളതും

മിഷനുകൾ രൂപീകരിച്ച് ഒരു വർഷത്തിനുള്ളിൽത്തന്നെ അതിന്റെ സദ്ഫലങ്ങൾ സംസ്ഥാനത്തിലെ ജനങ്ങൾക്ക് ലഭിക്കാൻ തുടങ്ങിയെന്നത് ചാരിതാർത്ഥ്യം പകരുന്ന കാര്യമാണ്. എന്നാൽ പാവപ്പെട്ടവർക്ക് വീട് നല്കുന്ന കാര്യത്തിൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെങ്കിലും വീഴ്ചവരുത്തിയതായി കണ്ടിട്ടുണ്ട്. ഇത് ഒഴിവാക്കേണ്ടതാണ്.

പുതുമയുള്ളതുമായ ബഹുവർഷ പ്രോജക്ടുകൾ തയ്യാറാക്കാൻ ആസൂത്രണ സമിതി നേതൃത്വം നല്കണം. ജില്ലാ ആസൂത്രണ സമിതിയിലെ പ്രവർത്തനങ്ങളിൽ നഗരസഭകൾക്ക് കുറച്ചുകൂടി പ്രാധാന്യം നല്കേണ്ടതുണ്ട്. ജില്ലാ പദ്ധതികൾക്ക് നാം അംഗീകാരം നല്കേണ്ടതുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ അഞ്ചു വകുപ്പുകൾ പ്രത്യേകം പ്രത്യേകം പ്രവർത്തിക്കേണ്ട ആവശ്യമില്ല. പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടയായും കാര്യക്ഷമമായും മുന്നോട്ടു കൊണ്ടുപോകുന്നതിന് ഭരണതലത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു വകുപ്പാക്കാൻ തീരുമാനിക്കുകയും ഏകോപിത വകുപ്പിന്റെ അദ്ധ്യക്ഷനായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ ഏകോപനം മാത്രമല്ല പദ്ധതികളുടെ ഏകോപനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലുള്ള ഏകോപനവും കൂടി സാധ്യമാക്കാനാണ് തദ്ദേശസ്വയംഭരണ സർവ്വീസിന് രൂപം നല്കാൻ തീരുമാനിച്ചത്. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ഇതിനുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കുകയാണ്. ഈ വർഷംതന്നെ ഏകോപിത സർവ്വീസ് നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇന്ത്യയിൽ ഒരു സംസ്ഥാനത്തും നാളിതുവരെ സംസ്ഥാന വികസന കൗൺസിൽ രൂപീകരിച്ചിട്ടില്ല. ഇവിടെയുള്ള സംസ്ഥാന വികസന കൗൺസിലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കാർഷികമേഖലയിലെ മുരടിപ്പ് മാറ്റണം, ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കണം, സ്വന്തമായി ഭൂമിയും കിടപ്പാടവുമില്ലാത്തവർക്ക് അത് നല്കണം, ജല സ്രോതസ്സുകൾ സംരക്ഷിക്കണം, ഗ്രാമങ്ങളുടെ വികസനം ഉറപ്പുവരുത്തണം, മാലിന്യപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം, വിദ്യാഭ്യാസ, ആരോഗ്യമേഖലകളിലെ മുരടിപ്പ് മാറ്റണം, പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനുതകുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കണം. ഇതൊക്കെ യാഥാർത്ഥ്യമാക്കാൻ സംസ്ഥാന വികസന കൗൺസിലിന്റെ ശ്രദ്ധവേണം.

പദ്ധതി പ്രവർത്തനം പ്രതീക്ഷിച്ചതലത്തിലേക്ക് ഉയരാത്ത സാഹചര്യത്തിലാണ് ഈ വർഷം മുതൽ അതിന് സമയക്രമം നിശ്ചയിച്ചത്. അത് നല്ല ഫലം കാണുകയും ചെയ്തു. എന്നാൽ അടുത്ത വർഷം മുതൽ പദ്ധതി പ്രവർത്തനത്തിനുള്ള സമയക്രമം കർശനമായി പാലിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായേ പറ്റൂ.

നിലവിലുള്ള പഞ്ചായത്ത് നിയമത്തിലെ പല വ്യവസ്ഥകളും മുനിസിപ്പൽ നിയമത്തിലില്ല എന്ന് പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ കുറവ് പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതുമാണ്.

നിയമം ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അത് നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിലെ കാലതാമസം വിമർശനത്തിന് വിധേയമായിട്ടുണ്ട്. പദ്ധതി രൂപീകരണനിർവ്വഹണ ചട്ടങ്ങൾ രൂപീകരിക്കാനുണ്ടാകുന്ന കാലതാമസം ഒഴിവായേ പറ്റൂ. ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

വിവിധ വകുപ്പുകളിൽ നിന്ന് കൈമാറി കിട്ടിയ അധികാരങ്ങൾ പ്രായോഗികമാക്കുന്നതിൽ ചില തടസ്സങ്ങൾ ഉണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ വകുപ്പുമേധാവികളും വകുപ്പിലെ ജീവനക്കാരും ആത്മപരിശോധന നടത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് തോളോടുതോൾ ചേർന്ന് പ്രവർത്തിക്കാൻ പല വകുപ്പുകൾക്കും ഇപ്പോഴും മടിയാണ്. അധികാരവികേന്ദ്രീകരണത്തിന്റെ വിജയം കുടികൊള്ളുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ജനപ്രതിനിധികളും ജീവനക്കാരും മറ്റു വകുപ്പുകളിൽ നിന്ന് വന്നവരും ഒന്നിച്ചു പ്രവർത്തിക്കുമ്പോഴാണ്. മറ്റുവകുപ്പുകളിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തിയുള്ള തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിലൂടെ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ എന്നു കരുതുന്നവരുണ്ട്.

എന്തായാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജനസൗഹൃദമാക്കുന്നതിനും ക്ഷേമപരിപാടികളുടെയും വികസനത്തിന്റെയും കേന്ദ്രങ്ങളാക്കുന്നതിനുമുള്ള സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ഉറപ്പുതരുന്നു. കേരളത്തിലെ അധികാരവികേന്ദ്രീകരണത്തെ ഒരു പുതിയ വിതാനത്തിലേക്ക് ഉയർത്താനുള്ള സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

സ്റ്റേറ്റ് ഡെവലെപ്മെന്റ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ കേരളത്തിന്റെ സമഗ്ര വികസനത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിലൂടെ അധികാര വികേന്ദ്രീകരണത്തിന്റെ പുത്തനധ്യായം രചിക്കുന്നതിനും സഹായകരമാവട്ടെ എന്നാശംസിക്കുന്നു.

> വിവിധ വകുപ്പുകളിൽ നിന്ന് കൈമാറി കിട്ടിയ അധികാരങ്ങൾ പ്രായോഗികമാക്കുന്നതിൽ ചില തടസ്സങ്ങൾ ഉണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ വകുപ്പ മേധാവികളും വകുപ്പിലെ ജീവനക്കാരും ആത്മ പരിശോധന നടത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് തോളോടുതോൾ ചേർന്ന് പ്രവർത്തിക്കാൻ പല വകുപ്പുകൾക്കും ഇപ്പോഴും മടിയാണ്.

തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ നടന്ന സംസ്ഥാന വികസന സമിതി യോഗത്തിൽ മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിൽ നിന്ന്

പെരിന്തൽമണ്ണയിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടി മന്ത്രി ഡോ.കെ.ടി.ജലീൽ ഉദ്ഘാടനം ചെയ്യുന്നു.

പഞ്ചായത്ത് ദിനാഘോഷം

ആഘോഷവേളയുടെ അനുഭവങ്ങളിലൂടെ...

കേരള ചരിത്രത്തിലെ കനപ്പെട്ട ജനകീയ വികസനപ്രക്രിയയും പ്രസ്ഥാനവുമായ ജനകീയാസൂത്രണത്തിന്റെ ഉപജ്ഞാതാവായ പ്രഥമ കേരള മുഖ്യമന്ത്രിയും ദീർഘദർശിയുമായ ഇ.എം.എസിന്റെ ജനനത്താൽ മഹത്വപ്പെട്ട മണ്ണാണ് പെരിന്തൽ മണ്ണ. മാമാങ്കത്തിന്റെ പെരും തല്ല് നടന്ന മണ്ണാണ് പെരിന്തൽമണ്ണയായതെന്നും തമിഴ്നാട്ടിൽ നിന്നു വന്ന കച്ചവടക്കാർ യാത്രാമദ്ധ്യേ ഇടത്താവളമാക്കിയതുവഴി വലിയ ആൾക്കാരും പ്രശസ്തരും ജീവിച്ചിരുന്ന മണ്ണ്- പെരും തലൈ മണ്ണ്-പെരിന്തൽ മണ്ണയായി രൂപപ്പെട്ടതെന്നും രണ്ടഭിപ്രായമുണ്ട്. എന്തായാലും ചരിത്രം തുടിക്കുന്ന നിരവധി ഓർമ്മകൾ ഈ മണ്ണുമായി ബന്ധപ്പെട്ടുണ്ട്. ഇവിടെ വച്ചാണ് 2018 ലെ ബഹുതലവിജ്ഞാന വിനോദക്രിയാത്മക പരിപാടികളാൽ സമ്പന്നമായ പഞ്ചായത്ത് ദിനാഘോഷം കൊണ്ടാടപ്പെട്ടത്. ചിന്തകളും ആശയങ്ങളും ലളിതമായി വിനിമയം ചെയ്യപ്പെട്ട സെമിനാറുകൾ, ഉജ്ജ്വലമായി തുടക്കമിട്ട ഉദ്ഘാടന സമ്മേളനം, പുതിയ സാദ്ധ്യതകളെ പരിചയപ്പെടുത്തിയ എക്സിബിഷൻ, ചർച്ചകൾ സമ്പന്നമാക്കിയ പ്രതിനിധിസമ്മേളനം, ആസ്വാദ്യകരവും ഹൃദയസ്പർശിയുമായ കലാപരിപാടികൾ, പുത്തൻ പ്രതീക്ഷകളുമായി പിരിയാൻ പ്രചോദനമേകിയ സമാപനസമ്മേളനം. ഇവയെല്ലാം കൊണ്ട് ദിനാഘോഷം നടന്ന ഷിഫ കൺവെൻഷൻ സെന്റർ കർമ്മമുഖരിതമായി.

ഫെബ്രുവരി 18 ആഘോഷത്തുടക്കം

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ.തുളസി ടീച്ചർ ആഘോഷ പരിപാടിക്കുള്ള ഔപചാരികത്തുടക്കം പതാക ഉയർത്തിക്കൊണ്ട് നിർവ്വഹിച്ചു. ഉദ്ഘാടന സമ്മേളനത്തിന്റെ മുന്നോടിയെന്നോണം "കേരളം കേരളം കേളികൊട്ടുയരുന്ന കേരളം" എന്ന പാട്ട് ഹാളിൽ ഒരു പുതിയ ഉന്മേഷം പകർന്നു. തുഞ്ചന്റെയും പൂന്താനത്തിന്റെയും മേ

ല്പത്തൂരിന്റെയും മോയിൻകുട്ടി വൈദ്യരുടെയും കാവ്യസുരഭിലക്കാറ്റും മാമാങ്കത്തിന്റെയും മലബാർ കലാപത്തിന്റെയും സ്മരണകളും തുടിച്ചു നിൽക്കുന്ന മണ്ണ് പകർന്ന ധന്യത വളരെ വലുതാണ്. ഏറ്റവും കൂടുതൽ ത്രിതല പഞ്ചായത്തുകളുള്ള ജില്ലയാണ് മലപ്പുറം എന്ന വസ്തുതയും ഓർമ്മയിലെത്തി.

ഉദ്ഘാടന സമ്മേളനത്തിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ മന്ത്രി ഡോ.കെ.ടി. ജലീൽ വകുപ്പ് സംയോജനത്തിന്റെ അനിവാര്യതയെപ്പറ്റി എടുത്തുപറഞ്ഞു. പുതിയ സർക്കാർ അധികാരത്തി ലേറിയ ശേഷം ഒഴിഞ്ഞു കിടന്ന നിരവധി തസ്തികകളിൽ നിയമനം നടത്തിയ കാര്യം മന്ത്രി ഓർമ്മിപ്പിച്ചു. വകുപ്പ് സംയോജനത്തിന്റെ ഭാഗമായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ച കാര്യം അദ്ദേഹം അറിയിച്ചു. സ്വാഗതം പറഞ്ഞത് അസോസിയേഷൻ ജനറൽ സെക്രട്ടറി പി. വിശ്വംഭരപണിക്കരാണ്.

അധികാരം ലഹരിയല്ല ചുമതലയും ബാധ്യതയുമാണെന്ന് ഹൃദയത്തിലേക്ക് ഉണർത്തിച്ചു കൊണ്ടാണ് കേരള നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനപ്രസംഗം തുടങ്ങിയത്. അധികാരപ്രയോഗം ലളിതവത്കരിക്കണമെന്നും ജനകീയാസൂത്രണത്തിന്റെ ഫലപാഠം നമ്മെ മുന്നോട്ട് നയിക്കാനുള്ള വെളിച്ചമാക്കണമെന്നും അദ്ദേഹം പറഞ്ഞു. പങ്കാളിത്ത ജനാധിപത്യത്തിലൂടെ എടുക്കുന്ന തീരുമാനങ്ങൾ നാടിന്റെ വികാരത്തിന്റെ പരിച്ഛേദനമാകണമെന്നും ജനകീയാസൂത്രണത്തിന്റെ കാതൽ ഉൾക്കൊണ്ട് അധികാരവികേന്ദ്രീകരണം പ്രയോഗത്തെ കൂടുതൽ സർഗ്ഗാത്മകമാക്കണമെന്നും സ്പീക്കർ സൂചിപ്പിച്ചു.

ഉദ്ഘാടന സമ്മേളനത്തിൽ ആശംസയർപ്പിച്ചു കൊണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ ചെയർമാൻ വി.കെ.മധു, മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഐ.പി.ഉണ്ണികൃഷ്ണൻ, ഗ്രാമവികസന കമ്മീഷണർ കെ.രാമചന്ദ്രൻ ഐ.എ.എസ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ.സുഭാഷ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറിമാരായ എച്ച്.മുഹമ്മദ് നിയാസ്, അബ്ദുൽ ജബ്ബാർ, മലപ്പുറം ജില്ലാ പ്രസിഡന്റ് എ.കെ.നാസർ എന്നിവർ സംസാരിച്ചു. പഞ്ചായത്ത് ഡയറക്ടർ പി.മേരിക്കുട്ടി ഐ.എ.എസ് നന്ദി പ്രകാശിപ്പിച്ചു.

പഞ്ചായത്ത് ദിനാഘോഷത്തിന്റെ മുഖ്യ ആകർഷകമായ സെമിനാറിന്റെ ഇത്തവണത്തെ വിഷയം "നവകേരളം-വിവിധ മിഷനുകൾ" എന്നതായിരുന്നു. സെമിനാറിന് അഡ്വ.കെ.തുളസിടീച്ചർ സ്വാഗതം പറഞ്ഞു. ഡോ. കെ.എൻ.ഹരിലാൽ അധ്യക്ഷത വഹിച്ചു. ഡോ.കെ.എൻ.ഹരിലാൽ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രാദേശിക ഗവൺമെന്റുകളെ ശാക്തീകരിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു.

ധനകാര്യവകുപ്പ് മന്ത്രി ഡോ.ടി.എം. തോമസ് ഐസക് ആണ് സെമിനാർ ഉദ്ഘാടനം ചെയ്തത്. അധികാര വികേന്ദ്രീകരണം അവസാനിക്കുന്നില്ലായെന്നും ജില്ലാ പദ്ധതി രൂപീകരണം സമഗ്രമാക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

തന്റെ സ്വതസിദ്ധമായ ശൈലിയിലുള്ള നർമ്മപ്രഭാഷണം കൊണ്ട് മുൻ മന്ത്രി കുട്ടി അഹമ്മദ് കുട്ടി സദസ്സിനെയൊന്നാകെ കൈയ്യിലെടുത്തു. ജനകീയാസൂത്രണം സർവ്വരേയും ഒന്നിച്ചുകൊണ്ടു പോകണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഹരിതകേരളം മിഷൻ ഉപാദ്ധ്യക്ഷ ഡോ.ടി.എൻ. സീമയാണ് വിഷയാവതരണം നടത്തിയത്. ഭൂപരിഷ്കരണം പോലെ സാക്ഷരതാ പ്രസ്ഥാനം പോലെ മഹത്തരമാണ് ജനകീയാസൂത്രണമെന്നും മിഷനുകൾ മാറ്റം സൃഷ്ടിക്കുന്നുണ്ടെന്നും ടി.എൻ.സീമ പറഞ്ഞു.

ആർദ്രം മിഷൻ ഡിപ്പാർട്ടുമെന്റ് ഡയറക്ടർ സി.കെ.ജഗദീശൻ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കൺസൾട്ടന്റ് ഡോ.സി.രാമകൃ

ഷ്ണൻ, കില ഡയറക്ടർ ജോയ് ഇളമൺ എന്നിവർ സംസാരിച്ചു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അഡ്വ.ഇ.സിന്ധു നന്ദി പറഞ്ഞു.

ഔപചാരിക പ്രസംഗങ്ങളിലെ വാചാടോപങ്ങളല്ല, പ്രായോഗിക ബുദ്ധിയുടെ കണിശതയുള്ള അവതരണങ്ങളാണ് സെമിനാറിനെ പുതുമയാർന്നതും ധന്യവുമാക്കിയത്.

17-ാം തീയതി സന്ധ്യ മുതൽ നടന്ന കലാവിരുന്ന് എല്ലാ പ്രതിനിധികളുടെയും മാനസോല്ലാസത്തിന് നിറവേകി. ജീവനക്കാർ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ, കേരള കലാമണ്ഡലത്തിന്റെ ആകർഷകമായ "എന്റെ കേരളം നൃത്തശില്പം" തിരൂരങ്ങാടി പി.എസ്.എം കോളേജിന്റെ മെയ്‌വഴക്കത്തിന്റെയും പാട്ടൊരുമയുടെയും നിദർശനമായ കോൽക്കളിയും ദഫ്മുട്ടും ആഘോഷത്തെ കുളിർമയുള്ളതാക്കി. മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും തനിപ്പകർപ്പായ ഛായാചിത്രങ്ങൾ വരച്ച് സമ്മാനിച്ച ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ജീവനക്കാരൻ ശ്രീകുമാർ സമ്മേളനത്തിൽ ശ്രദ്ധേയനായി.

19-ാം തീയതി രാവിലെ പ്രതിനിധി സമ്മേളനം തുടങ്ങുന്നതിന് മുമ്പ് തന്നെ സമ്മേളന നഗരിയെ ജീവനക്കാർ ഗാനങ്ങൾ കൊണ്ട് സുഖദമാക്കി.

പ്രതിനിധിസമ്മേളനത്തിന് അഡ്വ. കെ. തുളസി ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. ഉദ്ഘാടനം നടത്തിയത് കേരളത്തിന്റെ പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമവകുപ്പ് മന്ത്രി എ.കെ.ബാലനാണ്. ചരിത്രത്തിലെ ഈടുവയ്പ്പുകളെപ്പറ്റി മനോഹരവും ഹ്രസ്വവുമായ പ്രസംഗമാണ് എ.കെ. ബാലൻ നടത്തിയത്.

ജനകീയാസൂത്രണം ഇന്ന് പരീക്ഷണങ്ങളെയും വെല്ലുവിളികളെയും നേരിടുന്നതായി അദ്ദേഹം പറഞ്ഞു. എന്നാലും ഇന്ത്യയ്ക്കാകെ മാതൃകയേകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. എസ്.സി/എസ്.റ്റി മേഖലകളിൽ പ്രാദേശിക സർക്കാരുകൾക്ക് കൂടുതൽ ഉത്തരവാദിത്തമുണ്ടെന്നും മന്ത്രി ഊന്നിപ്പറഞ്ഞു. ഫണ്ട് ചെലവഴിക്കാത്ത തദ്ദേശസ്ഥാപനങ്ങൾക്കെതിരെ നടപടിയെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്ന് അദ്ദേഹം സൂചിപ്പിച്ചു.

പ്രതിനിധി സമ്മേളനത്തിന് മോഡറേറ്റർ ആയിരുന്ന തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി റ്റി.കെ.ജോസ് ഐ.എ. എസ്-ന്റെ പ്രസംഗം പ്രൗഢഗംഭീരവും കാര്യമാത്രപ്രസക്തവുമായിരുന്നു. ഒരേ ലക്ഷ്യബോധത്തോടെ ഒത്തൊരുമയോടെ അധികാരികളും ഉദ്യോഗസ്ഥരും ഒന്നിച്ചുനീങ്ങേണ്ടതിന്റെ പ്രാധാന്യം തന്റെ പ്രസംഗത്തിലുടനീളം അദ്ദേഹം എടുത്തുപറഞ്ഞു. വയോജനോന്മുഖവും നൂതനവുമായ പദ്ധതികൾ ജനകീയം കൂടിയാക്കി മാറ്റാൻ നമ്മൾ ശ്രമിക്കണം. തുടർന്ന് പ്രതിനിധികളുടെ വൈവിധ്യമാർന്ന ചോദ്യങ്ങൾക്കും സംശയങ്ങൾക്കും റ്റി.കെ.ജോസ് ഐ.എ. എസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ വ്യക്തവും തൃപ്തികരവുമായ മറുപടികൾ നൽകി.

പഞ്ചായത്ത് ഡയറക്ടർ പി.മേരിക്കുട്ടി ഐ.എ.എസ്, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പി.ആർ.സജികുമാർ, ലൈഫ് മിഷൻ സി.ഇ.ഒ ഡോ.അദീല അബ്ദുള്ള ഐ.എ-.എസ്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ ഐ.എ.എസ്, ഐ.കെ.എം പ്രതിനിധി ബി.എസ്. നീലകണ്ഠൻ, എന്നിവർ പ്രതിനിധികളുടെ പ്രതികരണങ്ങൾക്ക് മറുപടിയേകി.

മൂന്ന് ദിവസമായി പെരിന്തൽമണ്ണയുടെ പെരുമയ്ക്കൊപ്പം ചലനാത്മകവും ശ്രേഷ്ഠവികാര സമ്പന്നവുമായ നിമിഷങ്ങൾ സമ്മാനിച്ച പഞ്ചായത്ത് ദിനാഘോഷം അതിന്റെ ഗംഭീരമായ പരിസമാപ്തിയിലേക്ക് ചുവടുവെയ്ക്കുന്ന സമാപന സമ്മേളനം 19 ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് സമാരംഭിച്ചു. സമ്മേളനത്തിലേക്ക് ഏവർക്കും സ്വാഗതമോതിക്കൊണ്ട് അഡ്വ.പി.വിശ്വംഭരപണിക്കർ സംസാരിച്ചു. മങ്കട എം.എൽ .എ മഞ്ഞളാംകുഴി അലിയായിരുന്നു അധ്യക്ഷൻ.

ജനകീയാസൂത്രണം നടപ്പാക്കുന്നതിൽ ആദ്യകാലത്തുണ്ടായിരുന്ന താൽപര്യം എല്ലായ്പ്പോഴും നിലനിർത്താൻ നാം വളരെ ശ്രദ്ധിക്കണമെന്ന് അദ്ധ്യക്ഷൻ പറഞ്ഞു.

സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തത് മന്ത്രി ഡോ. കെ.ടി.ജലീലായിരുന്നു.

തുടർന്ന് സ്വരാജ്ട്രോഫി, മഹാത്മാ ട്രോഫി, വിശിഷ്ട സേവനത്തിനുള്ള പുരസ്കാരം എന്നിവ വിതരണം ചെയ്തു. ദിനാഘോഷത്തോടനുബന്ധിച്ച് നടത്തിയ ക്വിസ് മത്സരവിജയികൾക്കും സ്പോർട്സ് മത്സരവിജയികൾക്കും പുരസ്കാരങ്ങൾ സമർപ്പിച്ചു.

സമാപന സമ്മേളനത്തിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കെ.മുരളീധരൻ നന്ദി പറയുമ്പോൾ മൂന്ന് ദിവസമായി അലയടിച്ച പ്രചോദനതരംഗങ്ങളാൽ സ്വന്തം കർമ്മമേഖലയിൽ തുടർച്ച സൃഷ്ടിക്കുന്നതിനുള്ള കരുത്തുമായാണ് പ്രതിനിധികൾ പിരിഞ്ഞുപോയത്.

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

പഞ്ചായത്ത് ദിനാഘോഷ വേദി

മാറ്റങ്ങൾക്കായി മനസ്സൊരുക്കാം

ഡോ. കെ.ടി. ജലീൽ

തദ്ദേശസ്വയംഭരണ വകുപ്പിന് നവമുഖം നല്കുന്നതിൽ വിജയിച്ച മന്ത്രിയാണ് ഡോ.കെ.ടി. ജലീൽ. വിശേഷണങ്ങൾ ആവശ്യമില്ലാത്ത കെ.ടി. പറയുന്നു

നമ്മുടെ രാജ്യത്ത് ഏറ്റവും അധികം അധികാരങ്ങൾ കൈമാറ്റം ചെയ്യപ്പെട്ട ഒരു സംസ്ഥാനമാണ് കേരളം. അധികാരവികേന്ദ്രീകരണം കൊണ്ട് എന്താണോ ലക്ഷ്യം വയ്ക്കുന്നത് അത് ഏതാണ്ട് സമ്പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുള്ള ദേശമെന്ന ഖ്യാതിയും നമുക്കവകാശപ്പെട്ടതാണ്. ജനകീയാസൂത്രണം അധികാരവികേന്ദ്രീകരണത്തെ ജനങ്ങൾക്കനുഭവവേദ്യമാക്കുകയുണ്ടായി. പത്തിരുപത് വർഷത്തെ ജനകീയാസൂത്രണത്തിന്റെ പ്രയാണം ഒരു താല്പര്യമില്ലായ്മ ആ രംഗത്തുണ്ടാക്കിയിരുന്നു. അതിന്റെ പുനർജീവൻ ഈ സർക്കാർ പ്രഖ്യാപിച്ചു. അതനുസരിച്ചാണ് നടപ്പു സാമ്പത്തിക വർഷത്തിൽ ചിലവാക്കുന്നതിന് സമയപരിധി നിശ്ചയിച്ചത്. അത് ഭംഗിയായി പാലിക്കാൻ സാധിച്ചു.

ഇനിയും ഒരുപാട് മുന്നോട്ട് പോകേണ്ടതുണ്ട്. അതിന് നമ്മുടെ പ്രയാസങ്ങൾ എന്താണോ, അതെല്ലാം മാറ്റുന്നതിന് എന്തൊക്കെയാണോ ചെയ്യേണ്ടത് അതെല്ലാം ഭരണതലത്തിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷം തദ്ദേശസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം പ്രയാസങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും കാലമായിരുന്നു. ജീവനക്കാരുടെ അഭാവം തന്നെയായിരുന്നു മുന്നിലെ വില്ലൻ. അതൊരുപരിധിവരെ പരിഹരിക്കാൻ സാധിച്ചു. ഈ വർഷം 179 സെക്രട്ടറിമാരുടെ ഒഴിവുകളുണ്ടായിരുന്നു. ഇപ്പോൾ 6 സെക്രട്ടറിമാരുടെ ഒഴിവുകൾ മാത്രമേ സംസ്ഥാനത്ത് നിലവിൽ ഉള്ളൂ. ഈ 6 ഒഴിവുകളും ഡിപിസി കൂടി പ്രമോഷൻ വഴി നികത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. പഞ്ചായത്ത് വകുപ്പിൽ ഏതാണ്ട് 2848 പേരെ പ്രൊമോട്ട് ചെയ്ത് വിവിധ തസ്തികകളിൽ നിയോഗിക്കുകയുണ്ടായി. അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ഒഴിവുകൾ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ 5 എണ്ണം മാത്രമാണ്. രണ്ട് അക്കൗണ്ടന്റുമാരുടെ ഒഴിവേ സംസ്ഥാനത്ത് നിലവിലുള്ളൂ. സീനിയർ ക്ലർക്കമാരുടെ 10 ഒഴിവുകളാണ് ഇപ്പോൾ പഞ്ചായത്ത് മേഖലയിൽ നിലനില്ക്കുന്നത്. ജോയിന്റ് ഡയറക്ടർമാർ 3 എണ്ണം, ഡെപ്യൂട്ടി ഡയറക്ടർമാർ 14 എണ്ണം, അസിസ്റ്റന്റ് ഡയറക്ടർമാർ ഒരെണ്ണവുമാണ് ഒഴിവുള്ളത്. എഞ്ചിനീയർമാരുടെ പോസ്റ്റുകൾ വേക്കന്റായിക്കിടന്നത് പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിരുന്നു. സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങൾക്കായി സൃഷ്ടിച്ച എഇ മാരുടെ (അസിസ്റ്റന്റ് എഞ്ചിനീയർ) പോസ്റ്റുകളുടെ എണ്ണം 1098 ആണ്. 961 പേർ വിവിധ തദ്ദേശസ്ഥാപനങ്ങളിലായി ജോലി ചെയ്യുന്നു. 137 എഇ മാരുടെ ഒഴിവുകളാണ് ഇപ്പോൾ ഉള്ളത്. ഇതിൽ 89 പേരെ പിഎസ്‌സി വഴി നിയമനം നടത്തി വരികയാണ്. 35 എഇ മാർ ശൂന്യവേതനാവധി എടുത്ത് വിദേശത്ത് ജോലി ചെയ്യുന്നു. 9 പേർ ഡെപ്യൂട്ടേഷനിലാണ്. 4 പേർ സസ്പെൻഷനിൽ. ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാർ മൊത്തം 875 ആണ്. ഇതിൽ 670 എണ്ണം ഫില്ല്ഡ് ആണ്. 192 ഒഴിവുകളുണ്ട്. ഇതിൽ കേസുകളുമായി ബന്ധപ്പെട്ട് 162 പേരുടെ പ്രൊമോഷൻ തടസ്സപ്പെട്ടു കിടക്കുന്നതുകൊണ്ട് നമുക്ക് പുതിയ നിയമനങ്ങൾ നടത്താൻ കഴിയുന്നില്ല. ഒരു മാസത്തിനുള്ളിൽ കേസുകളുടെ കാര്യത്തിൽ ഒരു അന്തിമ തീരുമാനം ഉണ്ടാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. പിഎസ്.

അടുത്ത പഞ്ചായത്ത് ദിനാഘോഷമാവുമ്പോഴേക്കും നമ്മുടെ ഡിപ്പാർട്ട്മെന്റ് ഒന്നായി കഴിഞ്ഞിരിക്കും. അതിന്റെ മുന്നോടിയായി പ്രിൻസിപ്പൽ ഡയറക്ടറെ സർക്കാർ നിയമിച്ചു കഴിഞ്ഞു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ടൗൺപ്ലാനിങ് ഡിപ്പാർട്ട്മെന്റ്, എഞ്ചിനീയറിങ് വിംഗ് ഇതെല്ലാം ഒരു ഡിപ്പാർട്ട്മെന്റ് ആകും.

പെരിന്തൽമണ്ണയിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ സംസ്ഥാനത്തെ മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി ളാലം ബ്ലോക്ക് പഞ്ചായത്തിന് മന്ത്രി ഡോ.കെ.ടി.ജലീൽ സമ്മാനിക്കുന്നു.

സി വഴി 10 പേർ ഫസ്റ്റ് ഗ്രേഡ് ഓവർസീയർമാരായിരിക്കുകയാണ്. സെക്കന്റ് ഗ്രേഡ് ഓവർസീയർമാർ 820 ആണ്. 753 എണ്ണം അതിൽ ഫില്ല്ഡ് ആണ്. വേക്കന്റായി കിടക്കുന്നത് 67 എണ്ണമാണ്. പി.എസ്.സിയിൽനിന്നും അഡ്വയ്സ് മെമ്മോ അയച്ച് ഈ വേക്കൻസികൾ നികത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. തേഡ് ഗ്രേഡ് ഓവർസീയർമാർ 699 പേർ ഫില്ല്ഡ് ആണ്. എഎക്സിമാർ 233 എണ്ണമാണ്. അതിൽ 230 ഫില്ല്ഡ് ആണ്. പ്രൊമോഷനുമായി ബന്ധപ്പെട്ടാണ് മൂന്നുപേരുടെ നിയമനം നടക്കാത്തത്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ 50 പേരിൽ 50 ആളുകളും സർവ്വീസിൽ ആണ്. സൂപ്രണ്ടിങ് എഞ്ചിനീയർമാരിൽ 10 പേരിൽ 9 പേരും നിലവിലുണ്ട്. ഒന്നുമാത്രമാണ് ഒഴിഞ്ഞുകിടക്കുന്നത്. എഞ്ചിനീയർമാരുടെ കുറവ് നമുക്ക് ഒന്നു രണ്ടു മാസത്തിനുള്ളിൽ പൂർണ്ണമായും തീർക്കാൻ കഴിയും. ഓരോ ജില്ലകളിലും മൊത്തം വേക്കൻസികളെടുത്ത് അതാത് ജില്ലക്കാർക്ക് അവരുടെ ജില്ലകളിൽ നിയമനം നല്കുന്നതിനും അധികം വരുന്നത് തൊട്ടടുത്ത ജില്ലകളിലേക്ക് വിന്യസിക്കുന്നതിനും നടപടികൾ പൂർത്തിയായിരിക്കുകയാണ്.

അടുത്ത പഞ്ചായത്ത് ദിനാഘോഷമാവുമ്പോഴേക്കും നമ്മുടെ ഡിപ്പാർട്ട്മെന്റ് ഒന്നായി കഴിഞ്ഞിരിക്കും. അതിന്റെ മുന്നോടിയായി പ്രിൻസിപ്പൽ ഡയറക്ടറെ സർക്കാർ നിയമിച്ചു കഴിഞ്ഞു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ടൗൺപ്ലാനിങ് ഡിപ്പാർട്ട്മെന്റ്, എഞ്ചിനീയറിങ് വിംഗ് ഇതെല്ലാം ഒരു ഡിപ്പാർട്ട്മെന്റ് ആകും. അതിലൂടെ ലഭിക്കാൻ പോകുന്ന ഏറ്റവും വലിയ ഗുണം 33000 ത്തോളം ജീവനക്കാരെ, പഞ്ചായത്തിൽനിന്ന് ബ്ലോക്കിലേക്ക്, ബ്ലോക്കിൽനിന്ന് കോർപ്പറേഷനിലേക്ക്, മികച്ച ആർക്കിടെക്ടുകളുടെയും എഞ്ചിനീയർമാരുടെയും സേവനം ടൗൺ & കൺട്രി പ്ലാനിംഗിൽനിന്നും നമ്മുടെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികളി ലേക്ക് എല്ലാം ലഭിക്കുന്ന ഒരു സാഹചര്യമുണ്ടാകും. 28 പുതിയ മുനിസിപ്പാലിറ്റികൾ വന്നു. പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യേണ്ടിവന്നു. ഇപ്പോഴും മുനിസിപ്പാലിറ്റികൾ ആകേണ്ട പഞ്ചായത്തുകളുണ്ട്. ധനകാര്യവകുപ്പ് അതിനെ എതിർക്കുന്നത് പുതിയ പോസ്റ്റുകൾ സൃഷ്ടിക്കേണ്ടിവരും എന്നുള്ളതുകൊണ്ടാണ്. കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് 28 പുതിയ മുനിസിപ്പാലിറ്റികൾ വന്നു. 1700 ഓളം പോസ്റ്റുകൾ സൃഷ്ടിക്കേണ്ടി

വന്നു. ഡിപ്പാർട്ട്മെന്റ് ഒന്നാകുന്നതോടെ ഒരു പഞ്ചായത്ത് മുനിസിപ്പാലിറ്റി ആയാൽ പുതിയ തസ്തിക സൃഷ്ടിക്കേണ്ടി വരില്ല. ആ പഞ്ചായത്തിലെ ജീവനക്കാരെക്കൊണ്ടുതന്നെ നമുക്ക് മുനിസിപ്പാലിറ്റിയുടെ പ്രവർത്തനവും നടത്തിക്കൊണ്ട് പോകാവുന്നതാണ്.

കേരളം നഗരസമാനമായ ഒരു സംസ്ഥാനമായി മാറിവരികയാണ്. ഗ്രാമീണത അതിന്റെ പൂർണ്ണതയിൽ മുറ്റിനില്ക്കുന്നു. തദ്ദേശസ്ഥാപനങ്ങളുടെ എണ്ണം കുറഞ്ഞുകുറഞ്ഞു വരുന്നു. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 65 ശതമാനത്തിൽ അധികം നഗരവൽക്കരിക്കാൻ പോകുന്നവെന്നാണ് കണക്കുകൾ പറയുന്നത്. പല പഞ്ചായത്തും പറയുന്നുണ്ട് ഞങ്ങൾക്ക് സ്റ്റാഫിന്റെ കുറവുണ്ട് എന്ന്. ഏറ്റവും പുതിയ സെൻസസ്സ് വ്യക്തമാക്കുന്നത് 2025 ആകുമ്പോഴേക്കും ജനസംഖ്യയിൽ വലിയ കുറവു വരും എന്നാണ്. ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് പോസ്റ്റ് ക്രിയേറ്റ് ചെയ്തുകഴിഞ്ഞാൽ സ്കൂളിലെ പോലെ അദ്ധ്യാപകൻമാരെ സംരക്ഷിക്കേണ്ട ഒരു അവസ്ഥ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും വരും എന്നാണ് അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ പറയുന്നത്. അതുകൊണ്ട് പുതിയ പോസ്റ്റുകളില്ലാതെ തന്നെ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും എന്നാണ് കരുതുന്നത്.

ഇപ്രാവശ്യം നമ്മൾ പഞ്ചായത്ത് ഗൈഡ് അല്ല ഇറക്കിയത്. 'തദ്ദേശകം' എന്ന പേരിട്ടുകൊണ്ട് മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, അതിന്റെ ചെയർമാൻമാർ, ടൗൺ & കൺട്രി പ്ലാനിങ് ഡിപ്പാർട്ടുമെന്റ്, എൻജിനീയറിംഗ് വിംഗ് ഇവരുടെയെല്ലാം വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ഡയറി ഇത്തവണ പ്രസിദ്ധീകരിച്ചത്. പഞ്ചായത്ത്‌രാജ് മാസികയും ഗ്രാമവികസനവകുപ്പിന്റെ പ്രസിദ്ധീകരണവും രണ്ടായി ഇറക്കുന്നത് ഒന്നായി ഇറക്കുന്നതിനുള്ള ശ്രമത്തിലാണ്. ഒരൊറ്റ മാസികയായി ഇറക്കി അതിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും കാര്യങ്ങൾ ഉണ്ടാകും. തദ്ദേശസ്ഥാപനങ്ങളുടെ മുഴുവൻ കാര്യങ്ങളും ഒരു മാസികയിലേക്ക് പ്രതിപാദിക്കുന്ന രീതിയിൽ കാര്യങ്ങൾ മാറാൻ പോകുന്നു.

കുത്തഴിഞ്ഞു കിടന്ന കുടുംബശ്രീ സംവിധാനം ചട്ടലമാക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. തദ്ദേശസ്ഥാപനങ്ങളും കുടുംബശ്രീയും രണ്ട് ചാനലുകളായി പോയിരുന്നു. ഒരു പരിധിവരെ പരിഹാരം കാണാൻ ഇതിനു സാധിച്ചു. നമ്മുടെ ഉദ്യോഗസ്ഥന്മാർ മികച്ച രീതിയിലാണ് കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളത്. അവരുടെ കഴിവ് മാറ്റുരയ്ക്കപ്പെടുന്ന സ്ഥിതി ഉണ്ടായി എന്നു പറഞ്ഞാൽ തെറ്റില്ല. ജൂൺ മാസത്തിനുമുമ്പ് എല്ലാവരുടെയും പദ്ധതികൾ DPC യുടെ അംഗീകാരം വാങ്ങണമെന്നു പറഞ്ഞപ്പോൾ പലരും പറഞ്ഞു പറ്റില്ല എന്ന്. പക്ഷെ നടന്നു. ജൂൺ 15 ന് മുമ്പ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കാര്യങ്ങൾ നടന്നു. പഞ്ചായത്ത് പ്രസിഡന്റുമാരുടെ ആത്മാർത്ഥമായ സഹകരണവും പ്രവർത്തനവും അതിന് കാരണമായിട്ടുണ്ട്. എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെയും പഞ്ചായത്തിന്റെ അംഗങ്ങളെയും അഭിനന്ദിക്കുന്നു. പ്രസിഡന്റുമാരെപ്പോലെ തന്നെ താല്പര്യം സെക്രട്ടറിമാരും ജീവനക്കാരും കാണിച്ചു. നമ്മുടെ എഞ്ചിനീയറിങ് വിംഗ് എപ്പോഴും നമ്മൾ കുറ്റം പറയുന്നതാണ്. പക്ഷെ അവരും അവരുടെ കഴിവിന്റെ പരമാവധി ശ്രമിച്ചു. ഉദ്യോഗസ്ഥൻമാരായിട്ടുള്ള സുഹൃത്തുക്കളെയും പ്രത്യേകം അനുമോദിക്കുകയാണ്. നല്ല ജീവനക്കാരും നല്ല ജനപ്രതിനിധികളുമാണ് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഏറ്റവും ആവശ്യമായിട്ടുള്ളത്.

ഒരുപാട് കാര്യങ്ങൾ നമ്മൾ കഴിഞ്ഞ അഞ്ചെട്ട് മാസങ്ങളായി ചെയ്തു. അതിലൊന്നായിരുന്നു നമ്മുടെ സർക്കാർ സ്കൂളുകൾക്ക് വാഹനം നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം നല്കികൊണ്ട് അവരുടെ പണം വിനിയോഗിക്കുന്നതിനുള്ള അനുമതി നല്കിക്കൊണ്ടുള്ള ഉത്തരവ്. അതുവന്നപ്പോൾ നമ്മളൊരു ഉപാധിവച്ചിരുന്നു. വാഹനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കാം. പക്ഷെ ഡ്രൈവർമാരുടെ ശമ്പളം, ഇന്ധനച്ചെലവ്, മെയിന്റനൻസ് ചിലവ് ഇവ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ പിറ്റിഎ കമ്മിറ്റികൾ വഹിക്കണം. ഈ ഉപാധിയില്ലെങ്കിൽ ഓരോ പഞ്ചായത്തിനും പിന്നെ മറ്റൊന്നും ചെയ്യാൻ സാധിക്കാത്ത സാഹചര്യം വരും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങൾ അതിനൊക്കെതന്നെ പരിഹാരംകണ്ട് നമുക്ക് മുന്നോട്ടു പോകണം. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും നമ്മുടെ ജീവനക്കാരെ വേണം എന്നുപറയുന്ന ഒരു സാഹചര്യത്തിലേക്ക് കാര്യങ്ങളെ കൊണ്ടുവരാൻ ജീവനക്കാരായ സുഹൃത്തുക്കൾ ശ്രമിക്കണം. Give Respect and Get respect എന്നാണ്. നമ്മൾ ബഹുമാനം കൊടുത്താലേ നമുക്ക് തിരിച്ചു കിട്ടൂ. നമ്മൾക്ക് ചില എതിരഭിപ്രായങ്ങളൊക്കെ ഉണ്ടാകും. അത് പ്രകടിപ്പിക്കണം. പറയേണ്ടത് പറയണം. അനുസരിപ്പിക്കേണ്ടത് അനുസരിപ്പിക്കണം. എന്നാലും സൗഹൃദപരമായി ജീവനക്കാരും തദ്ദേശ സ്ഥാപനങ്ങൾക്ക് നേതൃത്വം നല്കുന്നവരും പ്രവർത്തിച്ചാൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒരുപാട് മാറ്റങ്ങൾ നമുക്കുണ്ടാക്കാൻ സാധിക്കും. അതിന് കഴിയുന്ന ഒരു സാഹചര്യത്തിലേക്ക് കാര്യങ്ങളെ കൊണ്ടുപോകാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണം.

പഞ്ചായത്ത് രാജ് മാസികയും ഗ്രാമവികസനവകുപ്പിന്റെ പ്രസിദ്ധീകരണവും രണ്ടായി ഇറക്കുന്നത് ഒന്നായി ഇറക്കുന്നതിനുള്ള ശ്രമത്തിലാണ്. ഒരൊറ്റ മാസികയായി ഇറക്കി അതിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും കാര്യങ്ങൾ ഉണ്ടാകും. തദ്ദേശസ്ഥാപനങ്ങളുടെ മുഴുവൻ കാര്യങ്ങളും ഒരു മാസികയിലേക്ക് പ്രതിപാദിക്കുന്ന രീതിയിൽ കാര്യങ്ങൾ മാറാൻ പോകുന്നു.

പഞ്ചായത്ത് ദിനാഘോഷ വേദി

അരികുവത്കരണത്തെ അതിജീവിക്കണം

എ.കെ. ബാലൻ

ഒരേ സമയം സർവ്വതല സ്പർശിയും കാര്യമാത്ര പ്രസക്തവുമായ പ്രസംഗമായിരുന്നു മന്ത്രി എ.കെ. ബാലന്റേത്. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക സമുദായക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ പ്രതിപാദിച്ച അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കാം.

വകുപ്പിന്റെ വിജയമെന്ന് പറയുന്നത് യഥാർത്ഥത്തിൽ പട്ടികജാതി പട്ടികവർഗ ഫണ്ടിന്റെ കാര്യക്ഷമമായ വിനിയോഗമാണ്. ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ ഫണ്ട് വിനിയോഗം നടന്ന വർഷമായി ഈ വർഷം മാറാൻ പോകുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. അതിന് ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. വളരെ വേഗതയിലായിരുന്ന പ്രവർത്തനം മുന്നോട്ടുപോയത്. അതിനിടയിൽ രണ്ട് ആപത്ത് സംഭവിച്ചു. ഒന്ന്, ജി. എസ്. ടി. രണ്ട്, കടമെടുക്കാനുള്ള സംസ്ഥാനഗവണ്മെന്റിന്റെ അധികാരത്തിൽ കേന്ദ്രഗവണ്മെന്റ് നടത്തിയ നിയന്ത്രണത്തിന്റെ ഭാഗമായി വകുപ്പുകൾ ടി.എസ്.പി. ഫണ്ടിലേക്ക് നീക്കിവച്ച തുക പൊതുഅക്കൗണ്ടിൽ നിന്ന് മാറ്റാൻ നിർബന്ധിക്കപ്പെട്ടു. കഴിഞ്ഞ വർഷം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് 90% ത്തിലധികമാണ് ചെലവഴിച്ചത്. 94% എസ്. സി. പി ഫണ്ടും ടി.എസ്.പി 88% വുമായിരുന്നു. അത് തന്നെ പരമാവധിയാണ്. ആ ലക്ഷ്യത്തിലേക്കെത്തുന്നതിനുള്ള ശ്രമം ഈ വർഷത്തിന്റെ ആരംഭത്തിൽ നമ്മൾ തുടങ്ങിയെങ്കിൽപോലും ഒരു ഘട്ടം കഴിഞ്ഞപ്പോൾ അത് സ്തംഭിച്ചുനിൽക്കാനുള്ള പ്രധാനപ്പെട്ട കാരണം ഞാനീ സൂചിപ്പിച്ച ഘടകങ്ങളാണ്.

ഒന്നാം തലമുറ വികസന പ്രശ്നങ്ങളിൽതന്നെ നമ്മൾ കുടുങ്ങി കിടക്കുകയാണ്. അതായത് വീട്, കക്കൂസ്, വീടിന്റെ വൈദ്യുതീകരണം തുടങ്ങിയ കാര്യങ്ങളിലാണ് ഇപ്പോൾ നമ്മൾ കൂടുതൽ പ്രോജക്ടുകൾ രൂപപ്പെടുത്തുന്നത്. രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ ഏറ്റെടുക്കാൻ നമുക്ക് കഴിയണം. പ്രാഥമികാവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്നതിനപ്പുറം ജീവിതത്തെ കൂടുതൽ ഉയർന്ന തലത്തിലേക്കുയർത്താൻ സഹായിക്കുന്ന പദ്ധതികൾ ഉണ്ടാക്കാൻ നമുക്ക് കഴിയണം. വ്യവസായത്തിലും സാഹിത്യരംഗത്തും സാംസ്കാരിക രംഗത്തും കടന്നുവന്ന് മുന്നോട്ട് പോകാൻ ശ്രമിക്കുന്ന പട്ടികജാതി പട്ടികവർഗവിഭാഗങ്ങളിലെ ചെറുപ്പക്കാർ ഇന്ന് വലിയ തടസ്സങ്ങൾ നേരിടുന്നുണ്ട്. മറ്റുള്ളവർക്ക് സ്വാഭാവികമായും കിട്ടുന്ന സാമൂഹിക ബന്ധങ്ങളുടെ ഉറച്ച പിന്തുണ ഈ വിഭാഗത്തിന് ലഭിക്കില്ല. ഈ കുറവ് നികത്താൻ പൊതുസമൂഹം ഇടപെട്ടേ

അനുപാതം തീരുമാനിക്കാം. ഉദാഹരണം 100 ഗുണഭോക്താക്കളിൽ 75% ജനറലാണെങ്കിൽ ഫണ്ടിന്റെ വിതരണം 25:75 ആയിട്ടെടുക്കാം. മിനിമം 25% വേണമെന്നേയുള്ളൂ.

കോളനികളുള്ളിൽ ഇന്റേണൽ റോഡ് - അതിന് വീതിയുടെ പ്രശ്നമേയില്ല. നടപ്പാതവഴി റോഡ് വെട്ടാം. അവിടെ യാതൊരു നിബന്ധനയുമില്ല. കോളനിയിലേക്ക് വരുന്ന റോഡ് ഏകദേശം 3 മീറ്റർ മതി. ഇതേ മാനദണ്ഡം തന്നെയാണ് മാതൃക അംബേദ്ക്കർ കോളനിക്ക വേണ്ടി നടപ്പാക്കുന്നത്. ഈ വർഷം ഒരു മണ്ഡലത്തിൽ രണ്ട് മാതൃകാ കോളനികൾ എടുക്കുകയാണ്. ഒരു കോടി രൂപയാണ് കൊടുക്കുന്നത്. നിലവിലുള്ള മാനദണ്ഡം നോക്കിയാലിത് ചെലവഴിക്കാൻ പറ്റില്ല. പഞ്ചായത്തിന്റെ ആനുകൂല്യം കിട്ടാത്ത ഒരു കോളനിയിൽ നമുക്ക് സമഗ്രമായ വികസന പ്രവർത്തനം ഈ ഒരു കോടി ചെലവ് ചെയ്ത് നടത്താൻ സാധിക്കും. ആദിവാസി മേഖലയിൽ ഊര് അടിസ്ഥാനത്തിലാണ് ചെയ്യുന്നത്.

മറ്റൊരു പദ്ധതിക്കുകൂടി ഗവണ്മെന്റ് ഊന്നൽ കൊടുക്കുകയാണ് -പഠനമുറി. ഗുണഭോക്താവ് പഠനമുറി ഏറ്റെടുക്കുന്നതിനെക്കാളും നല്ലത് ഡിപ്പാർട്ടുമെന്റ് ചെലവ് ചെയ്തുകൊണ്ട് നിർമ്മിക്കുകയെന്നതാണ്.

സാധാരണനിലയിൽ ഒരു വീടുണ്ടാകും, ഒരു മുറിയായിരിക്കും. അവിടെത്തന്നെയാണ് കിടന്നുറങ്ങുക, അവിടെതന്നെയാണ് ഭക്ഷണം വയ്ക്കുക, അവിടെതന്നെയാണീ കുട്ടി പഠിക്കുക. ഞങ്ങൾക്കറിയാം പഠിക്കാനാഗ്രഹിക്കുന്നൊരു കുട്ടിയുടെ മാനസിക വിഷമത. അതിനുവേണ്ടി വീടിനോട് ചേർന്ന് 120 സ്ക്വയർ ഫീറ്റിൽ ഒരു സ്ട്രക്ച്ചർ നമ്മൾ ഉണ്ടാക്കിക്കൊടുക്കും. മനോഹരമായിത്തന്നെ. അതിന്റെയുള്ളിൽ ആവശ്യമുള്ള കംപ്യൂട്ടർ, മേശ, കുട്ടിക്ക് കിടക്കാനുള്ള കിടക്ക ഇതിനൊക്കെ നിങ്ങൾക്ക് പ്രത്യേക സ്കീം വയ്ക്കാം. പഠനമുറിയുടെ ഉള്ള് ഏറ്റവും നല്ല രൂപത്തിൽ ക്രമീകരിക്കുന്നതിന് ഈ രണ്ട് ലക്ഷം രൂപ നിങ്ങൾ ചെലവഴിക്കുന്നതാവും നല്ലത്. ഒപ്പം നല്ലവരായിട്ടുള്ള മനുഷ്യരുണ്ട്. അവരുടെ സംഭാവന വാങ്ങാം. നിങ്ങളുടെയെല്ലാം സഹായമുണ്ടെങ്കിൽ ഒരു നാല് വർഷത്തിനുള്ളിൽ 25000 പഠനമുറി നിർമ്മിക്കാം അതാണ് നമ്മുടെ ലക്ഷ്യം.

ആദിവാസി മേഖലയിൽ ഈ പദ്ധതി ചെയ്യുന്നത് വീടിനോടനുബന്ധിച്ചല്ല. ഒരു ഊരിൽ 5 ലക്ഷം രൂപ ചെലവഴിച്ച് ഒരു പഠനമുറി. അവിടേക്ക് കുട്ടികൾ വരുകയും അവർ ഏത് തലത്തിലാണോ പഠിക്കാനാഗ്രഹിക്കുന്നത് ആ തലത്തിൽ ട്യൂട്ടർമാരെ വച്ച് കൊടുക്കുകയും ചെയ്യും.

മതിയാകൂ.

കഴിഞ്ഞ വർഷം സർക്കാർ പുറത്തിറക്കിയ മാർഗരേഖയിൽ 'പ്രതിഭാ പിന്തുണ' എന്നൊരു പദ്ധതി നിർദ്ദേശിച്ചിരുന്നു. പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽനിന്ന് പ്രതിഭ തെളിയിക്കുന്നവർക്ക് അവർ കഴിവ് തെളിയിച്ച രംഗങ്ങളിൽ ഉയർന്നുവരാൻ വേണ്ട സഹായം നൽകുന്ന പരിപാടിയായിരുന്നു അത്. നിർഭാഗ്യവശാൽ ഏതെങ്കിലുമൊരു തദ്ദേശസ്വയംഭരണ സർക്കാർ ഇതേറ്റെടുത്തിട്ടുണ്ടോ എന്ന കാര്യം എനിക്ക് സംശയമാണ്. ആ നിലയിൽ നിങ്ങളെ സഹായിക്കാൻ ചില കാര്യങ്ങൾ ഈ വർഷം ആസൂത്രണം ചെയ്തിട്ടുണ്ട്. അതിൽ നിങ്ങളുടെ എല്ലാ സഹായസഹകരണങ്ങളും ഉണ്ടാകണം.

എസ്.സി.പി., ടി.എസ്.പി ഫണ്ട് ചെലവഴിക്കുന്നതിൽ വലിയ പ്രശ്നങ്ങളൊന്നുമില്ലാത്ത കാലഘട്ടത്തിൽപോലും ശരാശരി 62 ശതമാനത്തിനപ്പുറം പോകാറേയില്ല. ചില പഞ്ചായത്തുകൾ ഒരപവാദമാണ്. പക്ഷെ ഭൂരിപക്ഷവും അതല്ല സ്ഥിതി. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്ലാൻഫണ്ട് ചെലവഴിക്കുന്നതിൽ താല്പര്യം കാണിക്കാറില്ല.

തദ്ദേശസ്വയംഭരണ വകുപ്പിലെയും പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിലെയും ഉദ്യോഗസ്ഥന്മാരുടെയും രണ്ട് വകുപ്പും കൈകാര്യം ചെയ്യുന്ന മന്ത്രിമാരുടെയും ഒരു യോഗം വിളിച്ചുചേർത്തിരുന്നു. രണ്ടു മൂന്ന് പ്രശ്നങ്ങൾ ഞങ്ങളുടെ മുന്നിലേക്ക് വന്നു. പല സ്ഥലത്തും ഉദ്യോഗസ്ഥന്മാർ ഫീസിബിലിറ്റി കൊടുക്കുന്നില്ല. കാരണം ഗുണഭോക്താക്കളിൽ 51% പട്ടിക ജാതിക്കാർ ഉണ്ടാകില്ല. ഇതിന്റെ പേരിൽ എസ്.സി.പി., ടി.എസ്.പി ഫണ്ട് ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതി. അവിടെ ഒരു തീരുമാനം ഞങ്ങളെടുത്തു. ചുരുങ്ങിയത് 25% മെങ്കിലും ഗുണഭോക്താക്കൾ പട്ടികജാതിയിൽപ്പെട്ടതാണെങ്കിൽ ഈ ഫണ്ട് ആനുപാതികമായി ഉപയോഗിക്കാം. ഗുണഭോക്താക്കളുടെ എണ്ണം നോക്കി ഫണ്ടിന്റെ

വ്യവസായത്തിലും സാഹിത്യരംഗത്തും സാംസ്കാരിക രംഗത്തും കടന്നുവന്ന് മുന്നോട്ട് പോകാൻ ശ്രമിക്കുന്ന പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിലെ ചെറുപ്പക്കാർ ഇന്ന് വലിയ തടസ്സങ്ങൾ നേരിടുന്നുണ്ട്. മറ്റുള്ളവർക്ക് സ്വാഭാവികമായും കിട്ടുന്ന സാമൂഹിക ബന്ധങ്ങളുടെ ഉറച്ച പിന്തുണ ഈ വിഭാഗത്തിന് ലഭിക്കില്ല. ഈ കുറവ് നികത്താൻ പൊതുസമൂഹം ഇടപെട്ടേ മതിയാകൂ.

പെരിന്തൽമണ്ണയിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ സംസ്ഥാനത്തെ മികച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന് മന്ത്രി ഡോ.കെ.ടി.ജലീൽ സമ്മാനിക്കുന്നു.

ഇങ്ങനെ ആദിവാസി മേഖലയിലെയും പട്ടിക ജാതി മേഖലയിലെയും വിദ്യാർത്ഥികളുടെ നിലവാരം നമുക്ക് ഉയർത്താൻ സാധിക്കും.

അടുത്ത വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റൊരു പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ്. ഒരു കലാകാരന് 10,000 രൂപ കൊടുക്കും. 1000 കലാകാരന്മാരെയാണ് നമ്മൾ തെരഞ്ഞെടുക്കുക. കലയുമായി ബന്ധപ്പെട്ടു എന്ന കാരണത്താൽ ഒരു നേരത്തെ ഭക്ഷണത്തിന് വകയില്ലാതെ പോയ എത്രയോ പാവങ്ങളുണ്ട്. അവർക്ക് 10,000 രൂപ കൊടുക്കും. കലാരംഗത്ത് കൂടുതൽ പേരെ ആകർഷിക്കത്തക്കവിധത്തിൽ ട്രെയിനിംഗ് കൊടുക്കാൻ ഈ കലാകാരനെ ഉപയോഗപ്പെടുത്തും. കല ഒരു നഷ്ടമല്ലെന്ന് ആ കലാകാരനെ ബോധ്യപ്പെടുത്താനും ഇത് ഉപകരിക്കും. ഇവരെ യഥാവിധി വിന്യസിക്കേണ്ട ചുമതല ജില്ലാ പഞ്ചായത്തുകൾക്കാണ്.

അതുപോലെതന്നെ 'നാട്ടരങ്ങ്' എന്ന് പറഞ്ഞൊരു പദ്ധതി. ഓരോ പഞ്ചായത്തിലും ഓപ്പൺ പെർഫോമിംഗ് ഗാലറി നിർമ്മിക്കുന്നു. കലാകാരന്മാരുടെ പ്രകടനം 200 പേർക്ക് ഇരുന്ന് കാണാവുന്ന രീതിയിൽ വേദി ഒരുക്കും.

SC, ST പ്രൊമോട്ടേഴ്സ് - പ്രൊമോട്ടറായാൽ പിന്നെ അവരുടെ ആഗ്രഹം ഏതെങ്കിലുമൊരു കസേര എന്നുള്ളതാണ്. ഗവൺമെന്റ് ആഗ്രഹിക്കുന്നത് അതല്ല. ഗവണ്മെന്റ് പ്രഖ്യാപിച്ച ആനുകൂല്യം ഏത് വിഭാഗത്തിനാണോ കിട്ടേണ്ടത് അതെത്തിക്കുന്നതിന് സഹായിച്ചുകൊടുക്കലാണ്. ഏതെങ്കിലുമൊരു രോഗി എവിടെയെങ്കിലുമുണ്ടെങ്കിൽ ആ രോഗിയെ കണ്ടുപിടിച്ച് ആശുപത്രിയിൽ എത്തിക്കുക. മരുന്നെത്തിക്കുക. ഗവണ്മെന്റ് ആനുകൂല്യങ്ങൾ എന്താണെന്നുള്ളത് ഈ വിഭാഗത്തെ പഠിപ്പിക്കുക. ആ രീതിയിലുള്ള ഒരു സോഷ്യൽ വർക്കറാണ്. വീടുകളിൽപോയി ജനങ്ങളുമായി ബന്ധപ്പെടുന്ന, കുടുംബാംഗത്തെപ്പോലെ പ്രവർത്തിക്കാൻ സന്നദ്ധത യുള്ളവരെയാണ് പ്രൊമോട്ടേഴ്സ് ആയിക്കാണുന്നത്. അവരെ ക്ലാർക്കിന്റെ ജോലി ചെയ്യിപ്പിക്കരുത്.

വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ കണക്കാക്കിയിട്ടുള്ള ഉപഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകാനുള്ള ശക്തമായ നിലപാടാണ് ഗവണ്മെന്റ് എടുക്കുന്നത്. വീടില്ലാത്ത ആൾക്കാരുണ്ടാകാൻ പാടില്ല. SC വിഭാഗത്തിൽ പുതുതായി 22500 വീടെടുത്തിട്ടുണ്ട്. അതു ലൈഫിലേക്ക് കൊടുത്തിട്ടില്ല. മുൻവർഷം ചെയ്തതു പോലെ ചെയ്യണം. ST വിഭാഗത്തിൽ പുതുതായി 6000 വീടുമാത്രമേ എടുത്തിട്ടുള്ളൂ. പട്ടികജാതി, പട്ടികവർഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലൈഫിൽ കൊടുക്കുന്നത് അടുത്തവർഷം മുതലാണ്.

അടുത്ത വർഷം തദ്ദേശസ്വയംഭരണ വകുപ്പും സാംസ്കാരിക വകുപ്പും വിദ്യാഭ്യാസവകുപ്പും ഒരു വലിയ ദൗത്യം ഏറ്റെടുക്കുകയാണ്. മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷി ദിനത്തിൽ വിവിധ മേഖലയിലെ ഗാന്ധി ദർശനം, അദ്ദേഹത്തിന്റെ ജീവിത വീക്ഷണം, എന്തിനു വേണ്ടിയായിരുന്നു മഹാത്മാഗാന്ധി ജീവിച്ചത്, എന്തിനു വേണ്ടിയിട്ടാണോ മരണപ്പെട്ടത്, കേരളത്തിലെ എല്ലാ വീടുകളിലേക്കും ഈ സന്ദേശം നമുക്ക് എത്തി

പല സ്ഥലത്തും ഉദ്യോഗസ്ഥന്മാർ ഫീസിബിലിറ്റി കൊടുക്കുന്നില്ല. കാരണം ഗുണഭോക്താക്കളിൽ 51% പട്ടിക ജാതിക്കാർ ഉണ്ടാകില്ല. ഇതിന്റെ പേരിൽ എസ്.സി.പി., ടി.എസ്.പി ഫണ്ട് ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതി. അവിടെ ഒരു തീരുമാനം ഞങ്ങളെടുത്തു. ചുരുങ്ങിയത് 25% മെങ്കിലും ഗുണഭോക്താക്കൾ പട്ടികജാതിയിൽപ്പെട്ടതാണെങ്കിൽ ഈ ഫണ്ട് ആനുപാതികമായി ഉപയോഗിക്കാം. ഗുണഭോക്താക്കളുടെ എണ്ണം നോക്കി ഫണ്ടിന്റെ അനുപാതം തീരുമാനിക്കാം.

പഞ്ചായത്ത് ദിനാഘോഷ വേദി

ലൈഫ് സജീവമാണ്

ഡോ. അദീല അബ്ദുല്ല ഐ.എ.എസ്

ലൈഫ് മിഷന്റെ സർവേയെപ്പറ്റി ഒരാക്ഷേപം വന്നിരുന്നു. അർഹതപ്പെട്ടവർ അതിൽ വന്നിട്ടില്ലാ എന്ന്. റേഷൻകാർഡില്ലാത്ത ഗുണഭോക്താവ് അതുകൊണ്ട് മാത്രം ലിസ്റ്റിൽനിന്ന് പുറത്താവുകയാണെങ്കിൽ ബാക്കിയെല്ലാം കൊണ്ട് അർഹതയുള്ളതാണെങ്കിൽ അവർക്ക് റേഷൻ കാർഡ് നല്കി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞിരുന്നു. ആ കാറ്റഗറിയിൽ തന്നെ നടപടികൾ ഇനി 28 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തീകരി ക്കാനുണ്ട്.

പുതിയ വീട് ഈ വർഷം ഏറ്റെടുക്കാൻ കഴിയുമോ?

തീർച്ചയായും കഴിയും. പൂർത്തിയാവാത്ത വീടുകൾ പഞ്ചായത്തിലില്ല എങ്കിൽ പുതിയവ എടുക്കാം. പക്ഷെ ലൈഫ് ലിസ്റ്റിൽപ്പെട്ട ആളുകൾക്കാവണം കൊടുക്കേണ്ടതെന്ന് മാത്രം. പൂർത്തീകരിക്കാത്ത വീടുകൾക്ക് ഫണ്ടില്ലാതായ 99 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുണ്ട്. സ്വന്തം ബജറ്റ് തുകയെക്കാൾ കൂടുതൽ തുക ആവശ്യമായ പഞ്ചായത്തുകൾ ഉണ്ടായിട്ടുണ്ട്. 155 കോടി രൂപ വിഭവങ്ങളില്ലാത്ത പഞ്ചായത്തുകൾക്കായി മാറ്റി വച്ചിട്ടുണ്ട്.

ലൈഫ് മിഷനിൽ 66000 വീടുകൾ തീർക്കാനുണ്ട്. അതിൽ 25000 ത്തോളം എസ്ടി എസ്‌സി വകുപ്പിന്റേതാണ്, എസ്‌സി, എസ്ടിയുടെ 4 ലക്ഷം രൂപയുടെ സർക്കുലർ കഴിഞ്ഞയാഴ്ചയാണ് ഇറങ്ങിയത്. നിലവിലെ സ്ഥിതി അനുസരിച്ച് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ 40,000 വീടുകളിൽ 7,000 ത്തോളം വീടുകൾ പൂർത്തിയാകാറായിട്ടുണ്ട്. 15,000 ത്തോളം വീടുകൾ ഏകദേശം തീർക്കാറായിട്ടുണ്ട്. അവരെ ഫീൽഡിൽ പോയി സഹായിച്ച് വീടുകൾ തീർക്കണമെന്ന് അപേക്ഷിക്കുന്നു.

1,75,000 ഭൂമിയുള്ള ആളുകൾക്ക് വീട് വയ്ക്കാനുള്ള നടപടികൾ ഏപ്രിൽ മാസം മുതൽ തുടങ്ങും. ഭൂമിയില്ലാത്ത ആളുകൾക്ക് 2 ഉപാധി വച്ചിട്ടുണ്ട്. അതായത് ഭൂമിയുടെ വില വലിയ കൂടുതലല്ലാത്ത സ്ഥലങ്ങളിൽ സ്ഥലം വാങ്ങി വീടുവയ്ക്കാനുള്ള തുകയും ഭൂമിയുടെ വില കൂടുതലായ സ്ഥലങ്ങളിൽ ഫ്ലാറ്റ് കോംപ്ലക്സ് നിർമ്മാണം എന്നുള്ള നയവുമാണ് സ്വീകരിച്ചിരിക്കുന്നത്. ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് തന്നെ തീരുമാനമെടുത്ത് മുന്നോട്ട് പോകാവുന്നതാണ്.

മറ്റേത് വകുപ്പിനെക്കാളും സങ്കീർണമായൊരു വകുപ്പാണിത്. അതിനെ നല്ല രൂപത്തിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് മന്ത്രിയും വകുപ്പ് അധ്യക്ഷന്മാരും ഉദ്യോഗസ്ഥന്മാരും നടത്തുന്ന നല്ല ശ്രമം ഇന്ത്യാ രാജ്യം ശ്രദ്ധിക്കുന്നതാണ്.

ക്കണം.

ബഹുസ്വരതയുടെ പ്രാധാന്യം, മതനിരപേക്ഷതയുടെ പ്രാധാന്യം നാട്ടിലെ ജനങ്ങളിലെത്തിക്കുക. അതിനു മഹാത്മാഗാന്ധി വന്ന സ്ഥലങ്ങളിലെല്ലാം മെഗാ സാംസ്കാരിക പരിപാടികൾക്കാണ് രൂപം കൊടുക്കാൻ പോകുന്നത്. ഓരോ ബ്ലോക്കിലും ഗാന്ധി രക്തസാക്ഷിത്വദിനം രണ്ടോ മൂന്നോ ദിനം നീണ്ടുനില്ക്കുന്ന വിപുലമായ പരിപാടികളോട്ടു കൂടി - എക്സിബിഷൻ, ഘോഷയാത്ര, പ്രതിമകൾ ആദരിക്കൽ, സ്വാതന്ത്ര്യസമര സേനാനികളെ ആദരിക്കൽ, പുസ്തക പ്രദർശനം, പ്രഭാഷണം - ഇതെല്ലാം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെ ചെയർമാനാക്കിക്കൊണ്ട് അവിടെത്തന്നെ സാംസ്കാരിക രംഗത്തെ പ്രഗൽഭനായ ഒരാളെ ജനറൽ കൺവീനറും ബി.ഡി.ഒ യെ കൺവീനറും ആയി ഒരു സംഘാടക സമിതി രൂപീകരിച്ച് നടത്തും. യൂണിവേഴ്സിറ്റി തലത്തിലും സ്കൂളുകളിലും ഇതേ തരത്തിൽ തന്നെ പരിപാടികൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ലോകം കണ്ട ഏറ്റവും വലിയ കൂട്ടായ്മയായിരിക്കും ഇത്. നമ്മുടെ രാജ്യത്തിന്റെ മതനിരപേക്ഷ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും ബഹുസ്വരത സംരക്ഷിക്കുന്നതിനും മതസൗഹാർദ്ദത്തിന്റെ പൂങ്കാവനമായി കേരളത്തെ മാറ്റുന്നതിനുമുള്ള ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടിയാണ് ഗാന്ധി വധവുമായി ബന്ധപ്പെട്ട് നമ്മൾ ആചരിക്കുന്നത്. വിശദാംശം പിന്നീട് സർക്കുലറായിട്ട് വരും.

മറ്റേത് വകുപ്പിനെക്കാളും സങ്കീർണമായൊരു വകുപ്പാണിത്. അതിനെ നല്ല രൂപത്തിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് മന്ത്രിയും വകുപ്പ് അധ്യക്ഷന്മാരും ഉദ്യോഗസ്ഥന്മാരും നടത്തുന്ന നല്ല ശ്രമം ഇന്ത്യാ രാജ്യം ശ്രദ്ധിക്കുന്നതാണ്. ഇവിടെ വരാനും നിങ്ങളെ കാണാനും സാധിച്ചതിൽ സന്തോഷം.

വേണം സംയോജിത പദ്ധതികൾ

ഡോ.ടി.എം. തോമസ് ഐസക്



അഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് നിയമസഭയിൽ വച്ചു കഴിഞ്ഞു. അതിൽ ഒരു കാര്യമാണ് സർക്കാർ നിരസിച്ചിട്ടുള്ളത്, അത് ധനകാര്യ കമ്മീഷന്റെ തെറ്റായ തീരുമാനം ആണെന്നുള്ളതുകൊണ്ടാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടത് വസ്തു നികുതി പരിഷ്കരണമാണ്. നികുതി വർധന വരുമ്പോൾ ഏവർക്കും ഒരു വേവലാതിയാണ്. വസ്തു നികുതി സംബന്ധിച്ച നിർദ്ദേശം പൂർണ്ണമായും അംഗീകരിച്ചുകൊണ്ടാണ് റിപ്പോർട്ട് വച്ചിരിക്കുന്നത്. അതുപോലെ തന്നെ വാഹനത്തിന്റെ കാര്യത്തിൽ രണ്ടാമതൊരു വാഹനം ഉണ്ടാകില്ല. വാടകയ്ക്ക് എടുക്കാനുള്ള അധികാരം തരാം.

വേൾഡ് ബാങ്ക് പ്രൊജക്റ്റ് ഉണ്ടാകും യാതൊരു സംശയവും വേണ്ട.

ധനകാര്യ നിയന്ത്രണം ഇപ്പോഴില്ല. പൂർണ്ണ സ്വാതന്ത്ര്യം ആണ്. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ ധനകാര്യ നിയന്ത്രണം ഉണ്ടായിരുന്നു.അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമല്ല. നമ്മുടെ വരുമാനം കുറയുമ്പോൾ വായ്പ എടുക്കുകയാണ് ചെയ്യുന്നത്. അതും ഉപായത്തിൽ. ട്രഷറിയിലെ പ്രശ്നങ്ങളെല്ലാം പരിഹരിച്ച് വായ്പ ജനുവരിയിലാണ് കിട്ടിയത്.അതിനു ശേഷം ഒരു നിയന്ത്രണവും ഇല്ല.

പെൻഷൻ കാര്യത്തിൽ രാഷ്ട്രീയ തീരുമാനം വരേണ്ടതാണ്. ധനകാര്യ മന്ത്രിക്ക് ഒറ്റക്ക് തീരുമാനമെടുക്കാൻ കഴിയില്ല. ഡ്രോയിംഗ് & ഡിസ്പെഴ്സിങ് ഓഫീസേഴ്സായി പുതുതായി നാല്പത് പേരെക്കൂടി നൽകിയിട്ടുണ്ട്. എല്ലാ ഉദ്യോഗസ്ഥരെയും ഡ്രോയിങ് & ഡിസ്പെഴ്സിങ് ഓഫീസേഴ്സാക്കാൻ പറ്റില്ല. കുറച്ചുപേരെക്കൂടി ഡ്രോയിങ് & ഡിസ്പെഴ്സിങ് ഓഫീസേഴ്സാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

ഓണറേറിയം ഈ സർക്കാർ വന്നതിനു ശേഷമാണ് വർദ്ധിപ്പിച്ചത്. ഇനി ഒരു വർദ്ധനവ് രാഷ്ട്രീയ സമവായമുണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ ചെയ്യാം.

ജില്ലയുടെ വികസനത്തിന് മുൻഗണനാ ക്രമത്തിൽ ഒരു കാഴ്ചപ്പാടിന് രൂപം നൽകിയിട്ടുണ്ട്. അടുത്ത വർഷം ഇത് കൂടുതൽ മെച്ചപ്പെടുത്തണം. മൂന്നാല് വർഷം കൊണ്ടേ സമഗ്രമായ ഒരു രേഖയായി ഇതിനെ മാറ്റാൻ പറ്റൂ . അതിനു തുടക്കം കുറിച്ചിട്ടുണ്ട്. ഈ രേഖ കൊണ്ട് രണ്ടുപയോഗങ്ങളാണുണ്ടാകുക, ജില്ലയുടെ വികസനം എങ്ങനെ വേണം എന്നൊരു കാഴ്ചപ്പാടായല്ലോ, അങ്ങോട്ടാണോ നമ്മുടെ പഞ്ചായത്തിനെ കൊണ്ടുപോകുന്നതെന്നൊരു പരിശോധന വേണം. പരിശോധനയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെ

കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയിൽ കൊടുങ്കാറ്റടിച്ചപ്പോഴും അടിപതറാതെ ധനകാര്യരംഗം കടപുഴകാതെ നിലയുറപ്പിച്ച ധനമന്ത്രിയാണ് ഡോ. ടി.എം. തോമസ് ഐസക്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും സുചിന്തിതമായ പ്രഭാഷണവും പഞ്ചായത്ത് ദിനാഘോഷത്തിന്റെ മാറ്റ് പതിന്മടങ്ങ് വർധിപ്പിച്ചു. അദ്ദേഹത്തെ ശ്രദ്ധിക്കാം.

പെരിന്തൽമണ്ണയിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ സംസ്ഥാനത്ത് മികച്ച രീതിയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയതിനുള്ള മഹാത്മാ പുരസ്കാരം ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് പഞ്ചായത്ത് ഡയറക്ടർ പി.മേരിക്കുട്ടി ഐ.എ.എസ് സമ്മാനിക്കുന്നു.

ടുത്താൻ കഴിയുന്ന തീരുമാനങ്ങളിലേക്ക് പോകണം. രണ്ടാമത്തെ കാര്യം, ജില്ലാതല ആസൂത്രണ പദ്ധതിയെ ആസ്പദമാക്കി കൂടുതൽ സമഗ്രമായ സംയോജിത പദ്ധതികളിലേക്ക് പോകാൻ നമുക്ക് കഴിയണം.

ജനകീയാസൂത്രണത്തിന്റെ ബാലാരിഷ്ടിതയുടെ കാലം കഴിഞ്ഞു. ഇനി നമ്മൾ ടോട്ടാലിറ്റിയിൽ നോക്കേണ്ടതുണ്ട്. സംസ്ഥാനത്തിന് മൊത്തത്തിൽ വിദ്യാഭ്യാസത്തിൽ, ഭവനനിർമ്മാണത്തിൽ, ആരോഗ്യത്തിൽ ചില ലക്ഷ്യങ്ങൾ നിശ്ചയിച്ചിരിക്കുന്നു. അതിന് മിഷനുകൾ സഹായിക്കുന്നു. ആ ലക്ഷ്യം നേടുന്നതിന് അധികമായി ആവശ്യമുള്ള സാങ്കേതിക പിന്തുണയും വിഭവങ്ങളും ലഭ്യമാക്കുന്നതിന് വേണ്ടിയാണ് മിഷനുകൾ നിൽക്കുക. എന്നാൽ ഏതു മിഷൻ ഉണ്ടെങ്കിലും കീഴ്ത്തട്ടിൽ ഏകോപന ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. ആ ഏകോപന പ്രവർത്തനങ്ങളെ സഹായിക്കുകയാണ് മിഷൻ ചെയ്യുക.

ഈ ഒരു ദർശനം പ്രാവർത്തികമാക്കണമെങ്കിൽ അടുത്ത വാർഷിക പദ്ധതിയിൽ ഈ മേഖലകളോരോന്നായി ബന്ധപ്പെട്ട് സമഗ്രമായ പരിപാടികൾ നമ്മുടെ പദ്ധതിയിൽ കൊണ്ടുവരാൻ കഴിയണം. ഒരു അനുഭവം പറയാം. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് അതിന്റെ കീഴിലുള്ള മുഴുവൻ ഗ്രാമ പഞ്ചായത്ത് പ്രതിനിധി കളുടെയും ശില്പശാല സംഘടിപ്പിച്ചു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതായി ഏറ്റെടുത്തിരിക്കുന്നത് അവിടുത്തെ സമഗ്ര ആരോഗ്യ പരിപാടിയാണ്. വെറും ആർദ്രം മിഷൻ എടുത്തുവെയ്ക്കലല്ല. ആ പഞ്ചായത്തിന്റെ ആവശ്യങ്ങൾ മൊത്തത്തിൽ പഠിച്ച്, പുതിയ സമഗ്ര പരിപാടികൾക്ക് രൂപം നൽകുകയാണ് ചെയ്യുന്നത്.

പദ്ധതിയുടെ ഭാഗമായിട്ട് പി.എച്ച്.സി. നവീകരണം നടത്തും. പഞ്ചായത്തിന്റെ തന്നെ പണമാകണമെന്നില്ല, അതിന് ആരോഗ്യ വകുപ്പിൽ നിന്നും പണം മേടിക്കാൻ കഴിയും. പി.എച്ച്.സിയുടെ അതിർത്തിയിൽ വരുന്ന ഓരോ പൗരന്റെയും ബ്ലഡ്ഷുഗർ, കൊളസ്ട്രോൾ, പ്രഷർ, ഉയരവും തൂക്കവും എന്നിവ വീട് വീടാന്തരം പരിശോധിച്ച് ഡോക്യുമെന്റ് ചെയ്യുന്നു. സംസ്ഥാനത്തുനിന്നും ഉപകരണങ്ങൾ വരാൻ കാത്തിരുന്നാൽ നടക്കത്തില്ല. അതുകൊണ്ട് എല്ലാ പഞ്ചായത്തിലും സമാനമായി പരിശോധന നടത്താനുള്ള ഉപകരണങ്ങൾ വാങ്ങാനായിട്ട്. പ്ലാൻ ഫണ്ടിൽ നിന്നും എട്ട് ലക്ഷം രൂപ മാറ്റിവെയ്ക്കുകയാണ്. ഇതിന്റെ ഡേറ്റാ എൻട്രി ടാബ്ലറ്റുകൾ വഴി ആയതുകൊണ്ട് നേരിട്ട് കമ്പ്യൂട്ടറുകളിലേക്ക് കയറ്റാൻ കഴിയും. ഇതിന്റെ അടിസ്ഥാനത്തിൽ രോഗികളാകാൻ സാധ്യത ഉള്ളവർ, ഒരു പ്രശ്നവുമില്ലാത്തവർ, രോഗികൾ എന്നിങ്ങനെ മൂന്നായി തരം തിരിക്കുന്നു. രോഗികളായിട്ടുള്ള മുഴുവൻ പേർക്കും സബ് സെന്റർ വഴി മരുന്നുകൊടുക്കാനുള്ള പണം പ്ലാനിൽ വെയ്ക്കും. ഈ രോഗികളായവർക്ക്

> ജില്ലയുടെ വികസനം എങ്ങനെ വേണം എന്നൊരു കാഴ്ചപ്പാടായല്ലോ, അങ്ങോട്ടാണോ നമ്മുടെ പഞ്ചായത്തിനെ കൊണ്ടു പോകുന്നതെന്നൊരു പരിശോധന വേണം. പരിശോധനയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്താൻ കഴിയുന്ന തീരുമാനങ്ങളിലേക്ക് പോകണം. രണ്ടാമത്തെ കാര്യം, ജില്ലാതല ആസൂത്രണ പദ്ധതിയെ ആസ്പദമാക്കി കൂടുതൽ സമഗ്രമായ സംയോജിത പദ്ധതികളിലേക്ക് പോകാൻ നമുക്ക് കഴിയണം.

ക്യാൻസറിനാകാം ഏദ്രോഗത്തിനാകാം നേരത്തെ തിരിച്ചറിയുന്നതിനുള്ള ക്യാമ്പും ക്യാമ്പിനെ തുടർന്ന് ഉന്നത സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ചികിത്സയും ലഭ്യമാക്കും. ഇനി ആരോഗ്യം വേണമെങ്കിലോ നല്ല ഭക്ഷണത്തിന് വിഷമില്ലാത്ത പച്ചക്കറി കൊടുക്കാം. നല്ല വെള്ളത്തിന് അവിടെ ഉള്ള കേന്ദ്രീകൃതമായിട്ടുള്ള ജലവിതരണ പദ്ധതികൾ എത്തിച്ചേരാത്ത സ്ഥലങ്ങളിൽ ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കും. ന്യൂട്രീഷന് അങ്കണവാടിയിൽ സൗകര്യമൊരുക്കും. ഇതാണ് മറ്റു മേഖലകളുമായുള്ള സംയോജനം എന്നു പറയുന്നത്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഈ ഡേറ്റയുടെ അടിസ്ഥാനത്തിൽ നടത്താം, രോഗം വന്നാൽ ചികിത്സിക്കാം, ചികിത്സ ഫലമില്ലെങ്കിൽ പരിചരണം നല്കാം.

ഇന്ന് ഈ പഞ്ചായത്തുകളിൽ അഗതികളായിട്ടുള്ള കിടപ്പുരോഗികൾക്ക് 400 പേർക്ക് ദിവസവും രണ്ടു നേരത്തെ ഭക്ഷണം വീട്ടിൽ കൊണ്ടുപോയി കൊടുക്കുന്നു. പത്തു വാർഡുകളിൽ ഒരു വർഷമായി, വേറൊരു പത്തു വാർഡുകളിൽ ആറു മാസമായും. നൂറു വാർഡുകളിൽ രണ്ടുമാസമായിട്ടും. ഇത് വെറുമൊരു ഭക്ഷണം കൊടുക്കുന്ന പരിപാടി അല്ല. വിവരങ്ങൾ അന്വേഷിക്കാൻ ആ കിടപ്പുരോഗികളുടെ വീട്ടിൽ ഒരാളുചെല്ലുകയാണ്. അസുഖങ്ങൾ ഉണ്ടെങ്കിൽ അത് മൊബൈലിൽ ഓഡിയോ റെക്കോർഡ് ചെയ്യും. നീരുവന്ന സ്ഥലത്തിന്റെ വീഡിയോ എടുത്ത് ഡോക്ടർക്ക് അയച്ചുകൊടുക്കും. പിറ്റേന്ന് ഡോക്ടർ പരിശോധിച്ച് മരുന്ന് കൊടുക്കേണ്ടതാണെങ്കിൽ മരുന്ന്, വേണമെങ്കിൽ ആശുപത്രിയിൽ കൊണ്ടുപോകൽ, ഇതാണ് സമഗ്ര ആരോഗ്യ പരിപാടി എന്നു പറയുന്ന ആർദ്രം മിഷൻ. ഇത് പഞ്ചായത്തിന്റെ പരിപാടി ആണ്. ഒരു മിഷന്റെ പരിപാടിയല്ല. മിഷനെ ഉപയാഗപ്പെടുത്തുന്നുവെന്നേയുള്ളൂ.

പത്തനംതിട്ട ജില്ലയിലെ വരട്ടാറിന്റെ പുനരുദ്ധാരണം ഒരു സമഗ്ര പരിപാടിയുടെ മറ്റൊരു രൂപമാണ്. അഞ്ചാറുപഞ്ചായത്തിൽ കൂടി ഒഴുകിക്കൊണ്ടിരുന്ന് ഇല്ലാതായ ഒരു ആറാണ്. ആ ആറിനെ പുനരുദ്ധരിപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമായി സർക്കാർ നാല് പാലങ്ങൾ അവിടെ നിർമ്മിച്ചുകൊടുക്കുന്നു. ആഴം കൂട്ടിക്കൊടുക്കുന്നു. നബാർഡിൽ നിന്നും സർക്കാർ ഈ നീർത്തട പദ്ധതിക്ക് വായ്പ വാങ്ങിച്ചു കൊടുക്കുന്നു. നിങ്ങൾ ചെയ്യുന്നത് ഹരിത കേരളം മിഷന്റെ കാഴ്ചപ്പാടിലുള്ള ഒരു ഇടപെടലിനെ പ്രാദേശിക സമഗ്ര പരിപാടിയായിട്ട് രൂപാന്തരപ്പെടുത്തുകയാണ്. അങ്ങനെയാണ് മിഷനുകളെ നമ്മൾ ഉപയോഗപ്പെടുത്തുന്നത്. ഇതുപോലെ ഓരോ മേഖലകളിലും നമുക്ക് എണ്ണി എണ്ണി പറയാൻ കഴിയും.

കേരളത്തിൽ അധികാരവികേന്ദ്രീകരണത്തെ ഒരു പുതിയ തലത്തിൽ എത്തിക്കുന്നതിന് ഇന്നീ മിഷനുകളുമായി ബന്ധപ്പെടുത്തികൊണ്ട് സർക്കാർ ലഭ്യമാക്കുന്ന സൗകര്യങ്ങൾ പ്രാദേശിക തലത്തിൽ സമഗ്ര പരിപാടികളായിട്ട് ആവിഷ്കരിക്കപ്പെടുന്നു. ഒരു ബ്ലോക്കിൽ ഒരു മികച്ച പരിപാടി എങ്കിലും ആവിഷ്കരിക്കാൻ നമുക്ക് കഴിയണം. ഇതായിരിക്കണം ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷത്തിന്റെ സന്ദേശം.

കേരളത്തിൽ അധികാര വികേന്ദ്രീകരണത്തെ ഒരു പുതിയ തലത്തിൽ എത്തിക്കുന്നതിന് ഇന്നീ മിഷനുകളുമായി ബന്ധപ്പെടുത്തികൊണ്ട് സർക്കാർ ലഭ്യമാക്കുന്ന സൗകര്യങ്ങൾ പ്രാദേശിക തലത്തിൽ സമഗ്ര പരിപാടികളായിട്ട് ആവിഷ്കരിക്കപ്പെടുന്നു. ഒരു ബ്ലോക്കിൽ ഒരു മികച്ച പരിപാടി എങ്കിലും ആവിഷ്കരിക്കാൻ നമുക്ക് കഴിയണം. ഇതായിരിക്കണം ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷത്തിന്റെ സന്ദേശം.

പഞ്ചായത്ത് ദിനാഘോഷ വേദി

സർഗാത്മകമാകണം സർക്കാർ സർവ്വീസ്

പി. ശ്രീരാമകൃഷ്ണൻ

നിയമസഭയുടെ മാത്രം സ്പീക്കറല്ല മലയാളിസമൂഹത്തിന്റെ ആകെ സ്പീക്കറാണ് താനെന്ന് തെളിയിച്ച വ്യക്തിയാണ് പി. ശ്രീരാമകൃഷ്ണൻ. സെക്രട്ടറിയേറ്റ്- പഞ്ചായത്ത് ഡയറക്ടറേറ്റ് ഓഫീസ് ഔദ്യോഗിക ബന്ധം കുറെക്കൂടി ലളിതവും സങ്കീർണ്ണമുക്തവും ഫലപ്രദവും ജനകീയവുമായിമാറിയാലേ യഥാർത്ഥ ജനപക്ഷ സിവിൽ സർവീസ് സാധ്യമാകൂ എന്നു പറഞ്ഞാണ് സ്പീക്കർ ശ്രീരാമകൃഷ്ണൻ പ്രസംഗം തുടങ്ങിയത്. അദ്ദേഹത്തിന്റെ വാക്കുകളിലൂടെ...

ജനകീയാസൂത്രണത്തിന്റെ കാതൽ എന്നു പറയുന്നത് തലസ്ഥാന നഗരിയിലോ ആസ്ഥാനത്തോ ഇരുന്ന് ആസൂത്രണം ചെയ്യുന്ന ഒന്നല്ല. അത്തരം ആസൂത്രണങ്ങൾക്ക് നാടിന്റെ പ്രശ്നങ്ങളുമായി ബന്ധമുണ്ടാകണമെന്നില്ല. പങ്കാളിത്ത ജനാധിപത്യത്തിലൂടെ ഗ്രാമസഭകളുടെ അഭിപ്രായങ്ങളിലൂടെ തീരുമാനങ്ങൾ സമാഹരിച്ച് വരുമ്പോൾ അത് നാടിന്റെ വികാരങ്ങളുടെ ഒരു പരിഛേദമാകും.

നമ്മൾ അഭിമുഖികരിക്കുന്നത് രണ്ടു പ്രശ്നമാണ്. ഒന്ന് ജനങ്ങളുടെ സമ്പൂർണ്ണമായ പങ്കാളിത്തം ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണം. അധികാര വികേന്ദ്രികരണം ലക്ഷ്യം വച്ച് ജനകീയാസൂത്രണത്തിന്റെ കാലത്ത് തുടക്കം കുറിച്ചതുപോലെ ജനകീയ പങ്കാളിത്തത്തിന്റെ തുടർച്ച ഉറപ്പുവരുത്താൻ നമുക്ക് കഴിയണം. രണ്ട്, ജനങ്ങളുടെ അഭിപ്രായത്തോടുകൂടി രൂപീകരിക്കപ്പെടുന്ന തീരുമാനങ്ങൾ, ആ തീരുമാനങ്ങളുടെ അവസാനവാക്ക് ഉദ്യോഗസ്ഥതലത്തിൽ കേന്ദ്രീകരിക്കപ്പെടുന്നു എന്നു പറയുന്നത് നിർഭാഗ്യകരമാണ്. അതുകൊണ്ട് സമ്പൂർണ്ണമായ അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ചുള്ള ധൈര്യസമേതമായ തീരുമാനമെടുക്കുന്നതിനാവശ്യ മായ നീക്കം എങ്ങനെയാണെന്ന് സർക്കാർ ചിന്തിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് നമ്മൾ നില്ക്കുന്നത് . ജനങ്ങളുടെ വികാരങ്ങളിലൂടെ പ്രാദേശിക ഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ അനുഭവങ്ങളിലൂടെ തീരുമാനമെടുക്കപ്പെടുന്ന കാര്യങ്ങളിൽ അവസാന വാക്ക് പറയുവാനുള്ള അധികാരം ഉദ്യോഗസ്ഥ തലങ്ങളിലേക്ക് കൈമാറുന്നതിന്റെ സാഹചര്യം പൂർണ്ണമായി ഒഴിവാക്കാൻ നമുക്ക് കഴിയില്ല. പൂർണ്ണമായി ഒഴിവാക്കിയാൽ ഉണ്ടാകുന്ന അപകടം തീരെ കാണാതെയല്ല ഞാനിത് പറയുന്നത്.

പ്രാദേശിക സർക്കാരുകൾക്ക് സമ്പൂർണ്ണ അധികാരം കൈമാറുന്ന ഒരു സാഹചര്യം വന്നാൽ അധികാരത്തിന്റെ വികേന്ദ്രീകരണത്തോടൊപ്പം അഴിമതിയുടെ വികേന്ദ്രീകരണം കൂടി നടക്കും എന്നുള്ള ആശങ്ക ഉണ്ടെന്നത് ഒരു വസ്തുതയാണ്. അധികാര വികേന്ദ്രീകരണത്തിന്റെ തുടർച്ചയായി അഴിമതിയുടെ വികേന്ദ്രീകരണ സാധ്യതയും കണ്ടെത്തിയിട്ടുണ്ട്. അതിനു നേരെ കണ്ണടയ്ക്കാൻ പറ്റില്ല. പക്ഷെ അഴിമതി വികേന്ദ്രീകരണം എന്ന ഭയത്തിന്റെ പേരിൽ അധികാരവികേന്ദ്രീകരണത്തെ തടസപ്പെടുത്തുന്ന ഏതെങ്കിലും നീക്കങ്ങളുണ്ടാകുന്നത് ആശാസ്യമല്ല, നിർഭാഗ്യകരമാണ്. അത് പരിഹരിക്കാനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കാൻ നമുക്ക് സാധിക്കണം. ഓംബുഡ്സ്മാനെപ്പോലുള്ള അഴിമതി വിരുദ്ധ സംവി

കുടുംബശ്രീയെ വലിയൊരു മാധ്യമമായി ഉപയോഗിക്കണം

എസ്. ഹരികിഷോർ ഐ.എ.എസ്

ബഡ്സ് സ്കൂളുകൾ സംബന്ധിച്ചുള്ള ചോദ്യം :- ബഡ്സ് സ്കൂളുകൾക്ക് വാഹനം വാങ്ങിക്കൊടുക്കുന്ന പദ്ധതി പ്രകാരം വാഹനം കിട്ടിയില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. പഞ്ചായത്തുകളിൽ നിന്ന് വാഹനം വാങ്ങാനുള്ള പ്രൊപ്പോസൽ ഞങ്ങൾ അംഗീകരിച്ച് ജില്ലാതലത്തിൽ റേറ്റ് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ വാങ്ങിക്കോളൂ എന്നുപറഞ്ഞ് കത്തു കൊടുത്തു. റേറ്റ് കോൺട്രാക്റ്റ് നിലവിലില്ലാത്തതു കൊണ്ട് തിരിച്ച് തന്നപ്പോൾ ടെൻഡർ ചെയ്യുവാനാണ് പറഞ്ഞത്. അപ്പോൾ ഈ കോൺട്രാക്റ്റിന് ജില്ലാ ഓഫീസർമാർക്ക് ചില ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് സംസ്ഥാനതലത്തിൽ ഒരുമിച്ച് വാഹനം വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

200 ബഡ്സ് സ്കൂളുകൾ ആരംഭിക്കുവാനായി 200 പഞ്ചായത്തുകൾക്ക് ഗവൺമെന്റ് ഉത്തരവ് കൊടുത്തിട്ടുണ്ട്. ഫിനാൻസിൽ നിന്നും അതിന്റെ ആദ്യഗഡു ലഭ്യമായതിനുശേഷം തുക പഞ്ചായത്തുകൾക്ക് നൽകും.

കുടുംബശ്രീ CDS അംഗങ്ങൾക്ക് ഓണറേറിയം കൊടുക്കുമോ എന്നതാണ് മറ്റൊരു ചോദ്യം ?

1000 രൂപ ഒരംഗത്തിന് കൊടുത്താൽ തന്നെ കോടിക്കണക്കിന് രൂപയാണ് കേരളത്തിൽ കൊടുക്കേണ്ടി വരുന്നത്. നിലവിലെ ധനസ്ഥിതി അനുസരിച്ച് അതിപ്പോൾ പരിഗണിച്ചിട്ടില്ല. കുടുംബശ്രീയും പഞ്ചായത്തും തമ്മിലുള്ള സംയോജനം സാധ്യമാക്കാൻ പഞ്ചായത്തിൽ വിലയിരുത്തൽ സമിതി കൃത്യമായി കൂടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായുള്ള സംയോജനം സാധ്യമാക്കണം. പുതിയ CDS ചെയർപേഴ്സണും പഞ്ചായത്ത് പ്രസിഡന്റിനും ഒരുമിച്ചുള്ള പരിശീലനം ഏപ്രിൽ മാസത്തിലുണ്ടാകും.

പഞ്ചായത്തുകൾ കുടുംബശ്രീയെ വലിയൊരു മാധ്യമമായി ഉപയോഗിക്കണം. അതുപോലെ പഞ്ചായത്തിന്റെ പദ്ധതികൾ നിർവഹിക്കുവാനും കുടുംബശ്രീ സംവിധാനത്തെ ഉപയോഗിക്കണം.

ധാനങ്ങളെ കൂടുതൽ തീക്ഷ്ണമാക്കാനും സൂക്ഷ്മതയുള്ളതാക്കാനും പ്രാദേശികതലത്തിൽ അധികാരപ്രയോഗത്തിൽ സംഭവിക്കാനിടയുള്ള വ്യതിയാനങ്ങളെ തടയാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുകയാണ് വേണ്ടത്. അതിന് പകരം ജനകീയാസൂത്രണത്തിന്റെ കാതൽ ഉൾക്കൊണ്ട് തന്നെ പ്രാദേശിക അധികാര സ്ഥാപനങ്ങളെ ഏറ്റവും കൂടുതൽ സമ്പുഷ്ടമാക്കി മാറ്റാനും നിങ്ങൾ വിഭാവനം ചെയ്യുന്ന നിങ്ങളുടെ അനുഭവങ്ങളിൽ നിന്നും നിങ്ങൾക്ക് വേണമെന്നതോന്നുന്ന പദ്ധതികൾ സ്വതന്ത്രമായി നടപ്പിലാക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനും എന്താണ് മാർഗം എന്നതുസംബന്ധിച്ച് ഗൗരവത്തോടുകൂടി ബഹുമാനപ്പെട്ട മന്ത്രി കൂടി ആലോചിക്കുന്നുണ്ടെന്നാണ് ഞാൻ മനസിലാക്കുന്നത്. അതിന് കഴിയുന്ന നിലയിൽ അധികാര വികേന്ദ്രീകരണ പ്രയോഗത്തെ കൂടുതൽ സർഗാത്മമാക്കുക എന്നതുകൂടി ഇന്നാവശ്യമായിട്ടുള്ള ഒരു കാര്യം കൂടിയാണ്. കാരണം നമ്മുടെ സമൂഹത്തിൽ തൊഴിൽ പരമായ സർഗ്ഗാത്മകത ഏറ്റവും ആവശ്യമുള്ള ഒരു മേഖലയാണ് പ്രാദേശിക ഭരണകൂടങ്ങളുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ. തൊഴിൽ പരമായ സർഗാത്മകത ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടാകണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാരെ വിശ്വാസത്തിലെടുത്തുകൊണ്ട് കേരളത്തിലെ ഗ്രാമീണ വികസനത്തിന്റെ മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ നമുക്ക് കഴിയണം. അതിൽ കുറവുവരുന്ന ജനകീയ പങ്കാളിത്തത്തെ കൂടുതൽ

ദൃഢമാക്കാൻ ഏതെല്ലാം രീതിയിൽ നമുക്ക് കഴിയും എന്നതു സംബന്ധിച്ച് ആലോചന നടത്താൻ സാധിക്കണം.തീർച്ചയായും ജനകീയാസൂത്രണത്തിന്റെ നിയമം ഏതനുഭവമാണ് നമുക്ക് നൽകുന്നത് എന്നതിനെക്കുറിച്ച് സമഗ്രമായ ഒരു പഠനം കൂട്ടത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അനുഭവങ്ങളെ സംബന്ധിച്ച് ഒരു സമഗ്രമായ ചർച്ചയും സംവാദത്തിനും ഇതുവഴി സർക്കാരിനെ തന്നെ തീരുമാനങ്ങളെടുക്കാൻ സഹായിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു പ്രാദേശിക ഭരണ സംവിധാനത്തെ സംബന്ധിച്ചുള്ള ഒരു സംവാദ വേദിയായിട്ട് ഈ പഞ്ചായത്ത് ദിനാഘോഷത്തെ ഉപയോഗപ്പെടുത്താൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു.

അഴിമതി വികേന്ദ്രീകരണം എന്ന ഭയത്തിന്റെ പേരിൽ അധികാരവികേന്ദ്രീകരണത്തെ തടസപ്പെടുത്തുന്ന ഏതെങ്കിലും നീക്കങ്ങളുണ്ടാകുന്നത് ആശാസ്യമല്ല, നിർഭാഗ്യകരമാണ്. അത് പരിഹരിക്കാനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കാൻ നമുക്ക് സാധിക്കണം.

പഞ്ചായത്ത് ദിനാഘോഷ വേദി

നന്മയ്ക്കെന്നും പുതുമ

പാലൊളി മുഹമ്മദ് കുട്ടി

മുൻമന്ത്രി എന്ന വിശേഷണത്തിൽ ഒതുങ്ങുന്ന ഒരു വ്യക്തിത്വമല്ല പാലൊളി മുഹമ്മദ് കുട്ടിയുടേത്. അധികാരവികേന്ദ്രീകരണപ്രക്രിയയിൽ വകുപ്പിനെ മുന്നാക്കം കൊണ്ടു പോയതിൽ അദ്ദേഹത്തിന്റെ പങ്ക് നിസ്തുലമാണ്. ലളിതജീവിതമാതൃകയ്ക്ക് മകുടോദാഹരണമായ അദ്ദേഹത്തിന്റെ വാക്കുകളിലൂടെ...

തദ്ദേശസ്വയം ഭരണ വകുപ്പ് അതിന്റെ നേതൃത്വത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് മുന്നോട്ട് പോകാൻ തയായറെടുക്കുന്ന കാലമാണിത്. ഇതുപോലുള്ള സമ്മേളനങ്ങളിൽ പങ്കെടുത്ത് പ്രവർത്തനാനുഭവം കൈമുതലാക്കിയിട്ടുള്ള നമ്മുടെ ജനപ്രതിനിധികളുടെ അഭിപ്രായങ്ങളാൽ പ്രവർത്തനമണ്ഡലം സമ്പുഷ്ടമാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കേന്ദ്രഗവണ്മെന്റ്, സംസ്ഥാന ഗവണ്മെന്റ്, ഈ രണ്ടു തട്ടിലും കിടക്കുന്ന അധികാരങ്ങൾ താഴെ ജനങ്ങൾക്ക് കൈ എത്തിപ്പിടിക്കാൻ കഴിയുന്ന തലത്തിലേക്ക് എത്തണം. അധികാരവികേന്ദ്രീകരണം എന്നുള്ള ആവശ്യം നമ്മുടെ രാജ്യത്ത് വളരെ കാലമായി ഉയർന്നുകേട്ടതാണ്. ഇന്ത്യ ഗവണ്മെന്റ് തന്നെ അധികാരം താഴോട്ട് വികേന്ദ്രീകരിച്ചു കൊടുക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനെ നിയമിച്ച കഥകൾ ധാരാളം നമ്മൾ കേട്ടിട്ടുണ്ട്.

കേന്ദ്രസംസ്ഥാന ഗവണ്മെന്റുകൾ നടപ്പാക്കിയിട്ടുള്ള വികേന്ദ്രീകരണ സ്വഭാവത്തിലുള്ള പരിപാടികൾ കുറെ വർഷങ്ങളായി നമ്മുടെ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നല്ല രീതിയിൽ നടപ്പാക്കുന്നതിന് കേരളത്തിന് സാധിച്ചിട്ടുണ്ട് എന്നതാണ് അനുഭവം.

പഞ്ചായത്തുകളുടെ പ്രവർത്തന ങ്ങളെ വിലയിരുത്തി മെച്ചപ്പെട്ട സ്ഥിതി കൈവരിച്ചിട്ടുള്ള സംസ്ഥാനങ്ങളെ പരിശോധിക്കുമ്പോൾ പലപ്പോഴും കേന്ദ്രഗവണ്മെന്റ് കണ്ടെത്തിയത് കേരളത്തെ ആയിരുന്നു. ജനകീയാസൂത്രണം കേരളത്തിൽ നടപ്പാക്കിയത് അധികാര വികേന്ദ്രീകരണത്തിനു വഴിയൊരുക്കി. അധി കാരം കൈയ്യടക്കി വച്ചിരിക്കുന്ന കേന്ദ്രങ്ങളിൽ നിന്ന് താഴോട്ട് കൊടുക്കാൻ വളരെ നല്ല മനസ്സ് കാണിച്ച് അതിന് വേഗത കൂട്ടുന്ന പ്രവണത നമ്മൾ പൊതുവിൽ കാണാറില്ല. കിട്ടിയ അധികാരം മുറുകെ പിടിക്കുക, താഴോട്ട് കൊടുക്കുന്നതിൽ അതൃപ്തി പ്രകടിപ്പിക്കുക എന്നുള്ളതാണ് പലപ്പോഴും കാണാറുള്ളത്. അധികാരവികേന്ദ്രീകരണം നടന്ന സമയത്ത് മറ്റു സംസ്ഥാനങ്ങളെക്കാളും കൂടുതൽ അധികാരം തദ്ദേശ സ്ഥാപനങ്ങൾക്ക് കിട്ടിയിട്ടുള്ളത് കേരളത്തിലാണ്. അത് സംബന്ധിച്ചുള്ള ചർച്ച ഒരു സദസിൽ നടന്നപ്പോൾ പഞ്ചായത്തുകൾ അവരുടെ പദ്ധതികൾ തയ്യാറാക്കുന്ന ഘട്ടത്തിൽ തയ്യാറാക്കിയിട്ടുള്ള കരട് അപ്പടി അംഗീകരിച്ച് നടപ്പാക്കുന്ന സ്ഥിതി മാറ്റി ഗ്രാമസഭകൾ വിളിച്ച് അവരുടെ മുമ്പാകെ അവതരിപ്പിച്ച് അവരുടെ അഭിപ്രായം കൂടി കേൾക്കണമെന്നു പറഞ്ഞപ്പോൾ, ആ യോഗത്തിൽ നിന്നും ഒരാൾ എഴുന്നേറ്റുനിന്നു പറ ഞ്ഞു, ഒരു പഞ്ചായത്തിൽ പാടുപെട്ട് ഭൂരിപക്ഷം കിട്ടിയിട്ട് അതിന്റെ പദ്ധതി നടപ്പാക്കാൻ താഴോട്ട് ചോദിക്കണോ എന്ന്. അധികാരം താഴെ തട്ടിലേക്ക് കിട്ടുമ്പോൾ തന്നെ കിട്ടിയ അധികാരം നമ്മളിൽ താഴോട്ട് അത് നല്കുകയെന്നത് എന്നത് ആദ്യ ഘട്ടത്തിൽ വളരെ വിഷമത്തോടുകൂടിയാണ് മെമ്പർമാർ അടക്കം സ്വീകരിച്ചത്. പക്ഷെ ഗ്രാമസഭകളും അതുപോലെ തന്നെ അതതു പ്രദേശത്ത് ഓരോ പദ്ധതികൾ നടപ്പാക്കുന്ന ഘട്ടത്തിൽ അതുമായി ബന്ധപ്പെട്ട് ജനങ്ങളെ വിളിച്ച് അവരുടെ അഭിപ്രായം ചോദിക്കുമ്പോൾ വളരെ വിലപ്പെട്ട നിർദ്ദേശങ്ങൾ നമുക്ക് കിട്ടിയിരുന്നു. അത് നമ്മുടെ പ്രവർത്തനങ്ങൾക്ക് വളരെയേറെ മാറ്റു കൂട്ടിയിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. മാത്രമല്ല ജനങ്ങളുടെ സഹകരണം നല്ലതുപോലെ കിട്ടുമ്പോൾ നമ്മുടെ ബജറ്റ് മിച്ചമായിട്ട് വരും.

ആദ്യ സിംഗിൾ ടെൻഡർ അംഗീകരിക്കരുത്

പി.ആർ. സജികുമാർ
തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് M-sand ന് ഫിക്സ് ചെയ്ത റേറ്റ് കുറഞ്ഞു പോയി. അത് PWD റേറ്റിലേക്ക് കൊണ്ടുവരാൻ കഴിയുമോ?

എം - സാൻഡിന് PWD ഷെഡ്യൂളിലോ പ്രൈസിലോ DSR ലോ ഗവൺമെന്റ് പ്രൈസ് ഫിക്സ് ചെയ്തിട്ടില്ല. എം -സാൻഡിന്റെ റേറ്റ് ഫിക്സ് ചെയ്യാൻ ഗവൺമെന്റ് ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ആ സമിതി ജില്ലയിലുള്ള റേറ്റുകളെടുത്ത് എം-സാൻഡിന് റേറ്റ് തീരുമാനിച്ചിട്ടുണ്ട്. നമുക്കിവിടെ ആറ്റുമണലിന്റെ റേറ്റ് വന്നിട്ടില്ല. അതുകൊണ്ടാവാം ഈ ആക്ഷേപം വന്നത്. എം- സാൻഡിന്റെ റേറ്റ് കുറഞ്ഞുപോയെങ്കിൽ അത് പരിഗണിച്ച് ഒന്നുകൂടി ഫിക്സ് ചെയ്യാവുന്നതേയുള്ളൂ.

അടുത്തവർഷം വാർഷിക പദ്ധതിയുടെ എസ്റ്റിമേറ്റ് മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കണം. അതിന് എസ്റ്റിമേറ്റ് തയ്യാറാക്കണം. കഴിവതും എസ്റ്റിമേറ്റോടുകൂടി ചെയ്യുന്നതാവും നല്ലത്.

പഞ്ചായത്ത് റോഡ് PWD ഏറ്റെടുത്തതോടുകൂടി കുഴിയും കുണ്ടുമായി റോഡുകൾ PWD പരിഗണിക്കാതെ കിടക്കുന്നു.

മറ്റു ജില്ലാ റോഡുകളിൽ ഉൾപ്പെട്ട റോഡുകളാണ് PWD ഏറ്റെടുത്തിട്ടുള്ളത്. അതല്ലാതെ പഞ്ചായത്ത് റോഡുകൾ PWD ഏറ്റെടുത്തിട്ടില്ല. കാലങ്ങളായി പരിഗണിക്കാതെ കിടക്കുന്ന റോഡുകളുടെ ലിസ്റ്റ് കിട്ടിയാൽ പരിഹരിക്കാവുന്നതാണ്.

വൈപ്പിൻ പോലുള്ള സ്ഥലങ്ങളിൽ മെറ്റീരിയൽസിന്റെ റേറ്റിങ് കുറഞ്ഞുപോകുന്നു.

വൈപ്പിൻ പോലുള്ള സ്ഥലങ്ങളിലെ റേറ്റിങ് ക്രോഡീകരിച്ച് ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ പരിശോധന കഴിഞ്ഞ് PWD ചീഫ് എഞ്ചിനീയർ ഉൾപ്പെട്ട കമ്മിറ്റിക്ക് പരിശോധനയ്ക്ക് കൊടുത്തിട്ടുണ്ട്. അതിന്റെ തീരുമാനം വന്നാൽ റേറ്റിംഗ് വർദ്ധിപ്പിക്കാവുന്നതേയുള്ളൂ.

സിംഗിൾ ടെൻഡർ അംഗീകരിക്കാമോ?

സിംഗിൾ ടെൻഡർ അംഗീകരിക്കാൻ പാടില്ലെന്ന് സെൻട്രൽ വിജിലൻസ് കമ്മീഷന്റെ ഓർഡർ നിലവിലുള്ളതുകൊണ്ടാണ് ആദ്യത്തെ സിംഗിൾ ടെൻഡർ അംഗീകരിക്കുന്നതിന് തടസ്സം വരുന്നത്. വീണ്ടും ടെൻഡർ ചെയ്യുമ്പോൾ സമയം പോകുന്നു എന്നുള്ളത് വേറൊരു കാര്യം. അങ്ങനെയുള്ള ആദ്യത്തെ സിംഗിൾ ടെൻഡർ ലോവസ്റ്റ് ആണെങ്കിൽ കൂടി പൊട്ടിക്കാൻ പാടില്ലാത്തതാണ്. അതൊരു extension ആയി കൊടുക്കണം. പഴയത് നിലനിർത്തിക്കൊണ്ട് തന്നെ റീ ടെൻഡർ ചെയ്യണം. അപ്പോഴും സിംഗിൾ ടെൻഡർ ആണെങ്കിൽ പഴയ ടെൻഡർ അംഗീകരിക്കാവുന്നതേയുള്ളൂ.

ഏതൊരു കാര്യത്തിലായാലും തെറ്റായ അഭിപ്രായങ്ങളൊക്കെ പലയിടത്തുനിന്നും വരും, അപ്രായോഗികമായിട്ടുള്ള കാര്യങ്ങളൊക്കെ വന്നെന്നും വരും. പക്ഷെ അതൊക്കെ സാവധാനം ചർച്ചയിൽ അവരെ ബോധ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും നമ്മൾ പ്രതീക്ഷിക്കാത്ത രീതിയിലുള്ള പിന്തുണ ജനങ്ങളിൽ നിന്നും കിട്ടും. അത്തരം അനുഭവങ്ങളാണ് എനിക്കുണ്ടായിട്ടുള്ളത്. അതില്ലാതെ വന്നാൽ വികസന പ്രവർത്തനത്തിൽ കാല് വഴുതിപ്പോകാനുള്ള ഇടവരും. നേരെ മറിച്ച് ജനങ്ങളുടെ സഹകരണം ഉണ്ടെങ്കിൽ ഓരോ പദ്ധതിയുടെ നടത്തിപ്പിലും അത് തെറ്റായ വഴിക്ക് നീങ്ങുന്നുണ്ടോ എന്നൊക്കെ വളരെ ശ്രദ്ധയോടുകൂടി ജനങ്ങൾ നോക്കും. വലിയ തോതിലുള്ള ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പോകാൻ സാധിച്ചാൽ പഞ്ചായത്തിന്റെ സാമ്പത്തിക പരിമിതി അടക്കം മറികടക്കാനും ഒരു അംഗീകാരം കൂടി ഭരണസമിതിക്ക് നേടിയെടുക്കാനും കഴിയും. ഇതാണ് അനുഭവങ്ങൾ പഠിപ്പിക്കുന്നത്. ഗവണ്മെന്റ് കൊണ്ടുവന്നിരിക്കുന്ന നാല് പ്രധാന മിഷനുകളുടെ നടത്തിപ്പിൽ പങ്കാ

ളികളാകാൻ നമ്മുടെ പഞ്ചായത്തുകൾക്ക് സാധിക്കും. അത് നമ്മുടെ സംസ്ഥാനത്തിന്റെ മേൽത്തട്ടിലുള്ള വികസനമല്ല സാധാരണക്കാർക്ക്, വീടില്ലാത്ത പാവപ്പെട്ടവർക്ക് വീട്, അതുപോലെതന്നെ ചികിത്സാരംഗത്തുള്ള പ്രശ്നങ്ങൾ, കാർഷികരംഗത്തുള്ള വലിയ തോതിലുള്ള തകർച്ച, പെട്ടെന്ന് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞില്ലെങ്കിലും പടിപടിയായിട്ട് ആ പദ്ധതികളെല്ലാം തന്നെ വളരെ സഹായകമായിട്ടുള്ളതാണ്. അതിന് നമുക്ക് ഒത്തൊരുമിച്ച് മുന്നോട്ടു പോകാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു

പഞ്ചായത്ത് ദിനാഘോഷ വേദി

സമഗ്രദർശനം അനിവാര്യം

ടി. കെ. ജോസ് ഐ.എ.എസ്

തദ്ദേശസ്വയം ഭരണ വകുപ്പിനെ ചൈതന്യവത്താക്കുന്നതിൽ നിർണ്ണായക സ്ഥാനമാണ് അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസിന്. അദ്ദേഹത്തിന്റ ഊർജ്ജദായക പ്രഭാഷണത്തിലൂടെ

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് നിരവധി സംശയങ്ങളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിവിധ കുറിപ്പുകളിലൂടെ ഇവിടെ ലഭിച്ചിട്ടുണ്ട്. സംശയങ്ങളിലേക്ക് കടക്കുന്നതിനുമുമ്പ് ചില കാര്യങ്ങൾ നിങ്ങളോട് സൂചിപ്പിക്കേണ്ടതുണ്ട്.

ഈ വർഷത്തെ പദ്ധതിയുടെ പൂർണ്ണമായ വിനിയോഗത്തോടൊപ്പം അടുത്ത വർഷത്തേക്കുള്ള പദ്ധതി ആസൂത്രണത്തിന്റെ തുടക്കവും കുറിച്ചിട്ടുണ്ട്. സംസ്ഥാന ബജറ്റ് മാർച്ച് 31-ന് മുൻപ് പാസാക്കാൻ നടപടിയെടുത്തതുപോലെ തന്നെ 2018-19 സാമ്പത്തിക വർഷത്തിലെ നമ്മുടെ പദ്ധതി പൂർണമായി അംഗീകരിക്കുന്നതിനുള്ള ശ്രമം കൂടി സമാന്തരമായി നടത്തേണ്ടിയിരിക്കുന്നു.

നമ്മളെ ഇതുവരെ കൊണ്ടെത്തിച്ച രീതിശാസ്ത്രംകൊണ്ട് വരുംകാല പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞെന്നു വരില്ല. 'What brought us up to here may not guide us to the future'. സമൂഹത്തിലെ പിന്നിൽ നിൽക്കുന്നവരുടെ വികസന ക്ഷേമപ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധയും പരിഗണനയും വ്യക്തിപരമായ താല്പര്യവും ഉണ്ടാകണം.

ഉല്പാദന സേവന അടിസ്ഥാന സൗകര്യ മേഖലകളിൽ കഴിഞ്ഞ 20 വർഷക്കാലം എടുത്തതിൽനിന്ന് അല്പം മാറ്റങ്ങൾ വരും വർഷങ്ങളിലേക്ക് കൊണ്ടുവരേണ്ടതില്ലേ? കേവലം വിത്തും നടീൽ വസ്തുക്കളും ഉല്പാദന ഉപാധികളും വിതരണം ചെയ്യുന്ന പ്രക്രിയയ്ക്കപ്പുറത്ത് ഉല്പാദനത്തെ അളക്കുന്ന, സംവിധാനം ഉണ്ടാകണം. ഉല്പാദനത്തിൽ ശ്രദ്ധിക്കുന്നതിനോടൊപ്പംതന്നെ ശ്രദ്ധിക്കേണ്ട അടുത്തൊരു മേഖലയാണ് ഉല്പന്നങ്ങളുടെ സംഭരണവും വില്പനയും വില്പനാനന്തര സേവനങ്ങളും. അത് എല്ലാ തദ്ദേശ ഗവണ്മെന്റുകളും ഒരുമിച്ച് നിന്ന് ചെയ്യേണ്ട ഒരു പ്രക്രിയയാണ്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ അതാത് ജില്ലയുടെ ഉല്പാദന മേഖലയിലെ ഉല്പന്നങ്ങളുടെ അളവിനും തോതിനുമനുസരിച്ചുള്ള സംസ്കരണ സംഭരണ വിപണനപ്രക്രിയയ്ക്ക് നമ്മൾ തുടക്കം കുറിക്കണം.

കേരളത്തിൽ കുറച്ച് മാത്രമേ കൃഷിഭൂമിയുള്ളൂ. ഉള്ളതിൽതന്നെ വളരെക്കൂടുതൽ തരിശായി കിടക്കുന്നു. വരുന്ന മൂന്നോ നാലോ വർഷങ്ങൾകൊണ്ട് തരിശുഭൂമി രഹിത സംസ്ഥാനമായി മാറുന്നതിന് നമുക്ക് എന്ത് ചെയ്യാൻ കഴിയും?

കൃഷി വകുപ്പിന്റെയും കുടുംബശ്രീയുടെയും സഹകരണം തേടിക്കൊണ്ട് കേവലം വിത്തും വളവും തൈയും കൃഷിച്ചെലവും കൊടുക്കുന്നതിനപ്പുറത്ത് അതിന്റെ ഉല്പാദനത്തിന്റെ കണക്കുകൾ കൂടി ശേഖരിച്ച് മൂല്യവർദ്ധനവ് ഉല്പാദകർക്ക് കൊടുക്കണം. കൃഷിക്കാർക്ക് മാത്രമല്ല ക്ഷീരമേഖലയിലും ചെറിയ മൃഗങ്ങളുടെ കാര്യത്തിലുമൊക്കെ ഇത്തരം നല്ല പ്രോജക്ടുകൾ ജില്ലാപ്ലാനുകളിൽ ചേർക്കേണ്ടതുണ്ട്.

കേരളത്തിലെ വയോജനങ്ങളുടെ ശതമാനം ഇന്ത്യയിലെ 29 സംസ്ഥാനങ്ങളിലേറ്റവും ഉയർന്നതാണ്. 13.8 ശതമാനമാണ്. ജപ്പാനിൽ 15 ശതമാനമാണ്. വളരെ വികസിത രാജ്യങ്ങൾ നേരിടുന്ന ഈ പ്രശ്നമാണ് നമ്മൾ ഭാവിയിൽ നേരിടാൻ പോകുന്നത്. നമുക്കിതിനുവേണ്ട നല്ല ഇടപെടലുകൾ പല ജില്ലകളിലും നടക്കുന്നുണ്ട്. കേവലം പകൽ വീടുകൾ, വയോമിത്രകേന്ദ്രങ്ങൾ എന്നതിന്റെ അപ്പുറത്ത് നിങ്ങളുടെ ക്രിയാത്മക

മായ അഭിപ്രായങ്ങളും ഇടപെടലും കൂടി ചേർത്തുകൊണ്ട് പദ്ധതി വന്നാൽ തീർച്ചയായിട്ടും വലിയൊരു മാതൃകയായി അതുമാറും. മറ്റൊരു മേഖല ഭിന്നശേഷിക്കാരുടേതാണ്. 40% ത്തിനുമേൽ അവശതയുള്ള എല്ലാവർക്കും സർക്കാർ സംവരണവും ആനുകൂല്യവും കൊടുക്കാറുണ്ട്. പക്ഷെ അവരിൽ വളരെ ഗൗരവമായ 90% ത്തിനുമേൽ അവശതയും ഉള്ളവർ, പ്രായാധിക്യവും അവശത കൂടിയുള്ളവർ- അവരുടെ പ്രത്യേക പ്രശ്നങ്ങൾക്ക് പരിഗണനയും പ്രത്യേക സഹായങ്ങളും നല്കുന്നതിനുള്ള കാര്യങ്ങളെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു.

നവീനവും നൂതനവുമായ പലകാര്യങ്ങളും നിങ്ങളിൽ പലരും ചെയ്യുന്നുണ്ട്. നൂതനപദ്ധതികൾ ഏറ്റെടുത്ത പഞ്ചായത്തുകളിൽ മാർഗ്ഗരേഖയിൽ ഇല്ലാത്ത ഏതെങ്കിലും കാര്യങ്ങൾ എടുത്ത് കഴിഞ്ഞാൽ vetting officer സഹായിക്കുന്നില്ല എന്നൊരു പരാതി വന്നിട്ടുണ്ട്. എനിക്ക് ഉദ്യോഗസ്ഥസുഹൃത്തുക്കളോട് പറയാനുള്ളത് guidelines എന്ന് പറയുന്നത് ഒരു മാനദണ്ഡമനുസരിച്ച് പൊതുവായ കാര്യങ്ങളിൽ ചെയ്യുവാൻ കഴിയുന്ന കാര്യങ്ങൾക്കുള്ളതാണ്. ചില പ്രാദേശികമായ പ്രശ്നങ്ങളിലോ നൂതനമായ കാര്യങ്ങളിലോ പൊതുവായ മാനദണ്ഡത്തിനപ്പുറത്തേക്ക് ചിന്തിക്കേണ്ടി വരും. അത്തരം പ്രോജക്ടുകളെ നൂതനപദ്ധതിയായി കണക്കാക്കി അതിനുവേണ്ട സഹായം ചെയ്തു കൊടുക്കണം. ജില്ലാ പ്ലാനിങ് സമിതിയിൽ നൂതനസംരംഭങ്ങൾക്ക് ഇപ്പോൾ തന്നെ ഒരു ഗ്രൂപ്പ് തുടങ്ങിയിട്ടുണ്ട്. കോർഡിനേഷൻ കമ്മിറ്റിയിൽ വന്ന നല്ല നൂതനസംരഭങ്ങൾ പലതും പിന്തുണയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ കോളേജുകളിലും ഹയർസെക്കന്ററി സ്കൂളുകളിലുമായിട്ട് വിവിധ വിഷയങ്ങളിൽ ഇരുപത് കൊല്ലം മുമ്പ് നമ്മൾ ജനകീയാസൂത്രണം തുടങ്ങിയ സമയത്ത് ഉള്ളതിന്റെ 50 മടങ്ങ് PhD ബിരുദവും പോസ്റ്റ് ഡോക്ടറൽ ബിരുദവുമുള്ളവരുണ്ട്. 158 എഞ്ചിനീയറിംഗ് കോളേജുകളുണ്ട്. എഞ്ചിനീയറിംഗ്, മാനേജ്മെന്റ് സ്ഥാപനങ്ങൾ, കൊമേഴ്സും അക്കൗണ്ടൻസിയും പഠിപ്പിക്കുന്ന കോളേജ് ഡിപ്പാർട്ടുമെന്റുകൾ ഇങ്ങനെയുള്ള നിരവധി മേഖലകളിൽ നമുക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളുമായിട്ട് ഒരു collaboration networking ചിന്തിക്കേണ്ടതുണ്ട്.

സംസ്ഥാന ഗവൺമെന്റ് ഏറ്റവും കൂടുതൽ പ്രാമുഖ്യം കൊടുക്കുന്നൊരു മേഖലയാണ് start-up industries. കേരളത്തിലെയും ഇന്ത്യയിലെ മറ്റേത് സംസ്ഥാനങ്ങളിലെയും പുതിയ സംരംഭകരെ ആകർഷിക്കാനും പുതിയ നിക്ഷേപങ്ങൾ കൊണ്ടുവരാനും നമുക്ക് കഴിയേണ്ടതുണ്ട്.

നമ്മുടെ തദ്ദേശ ഗവണ്മെന്റുകളിൽനിന്ന് വേഗത്തിലും ലളിതമായും ജനങ്ങൾക്ക് സേവനങ്ങൾ കിട്ടുന്നതിന് കാര്യക്ഷമത ഉണ്ടാകുന്നില്ലെങ്കിൽ ജനങ്ങൾ വികേന്ദ്രീകരിച്ച അഴിമതി എന്നു ചിന്തിക്കുന്ന ഒരു സാഹചര്യം വരും. ചില ജില്ലകളിലെങ്കിലും പരാതികൾ ഇതുമായി ബന്ധപ്പെട്ട് വരുന്നുണ്ട്. ചിലപ്പോൾ ഒരു ശതമാനത്തിലേ ഉണ്ടാകൂ. ആ ചെറിയ ശതമാനമാണ് പലപ്പോഴും പെരുപ്പിച്ച് വരുന്നത്. നല്ല കാര്യങ്ങൾ ചെയ്ത ജീവനക്കാരെ നമ്മുടെ മാധ്യമങ്ങളോ മറ്റു മേഖലകളിലുള്ളവരോ ഒരിക്കലും ഉയർത്തികാട്ടാറില്ല. അസോസിയേഷൻ തന്നെ ഇത്തരം നല്ല മാതൃകകൾ കാണിച്ച ആളുകളുടെ ഒരു സെഷൻ കൂടി പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് ഉണ്ടാക്കേണ്ടതാണ്. ഏറ്റവും മികവ് കാണിച്ച നല്ല പഞ്ചായത്തുകളെ ഈ വേദിയിൽ വിളിച്ച് അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യണം. അവർ ചെയ്യുന്ന കാര്യങ്ങൾ മറ്റുള്ളവരോട് പങ്കുവയ്ക്കാൻ കഴിയുന്നൊരു രീതിയുണ്ടാവണം. പഞ്ചായത്ത്‌രാജ് മാസികയിൽ ഓരോ ജില്ലയിൽ നിന്നും ഒരു നല്ല innovation കൂടി ഉൾപ്പെടുത്താൻ കഴിയണം.

ചോദ്യങ്ങളിലേക്ക് കടക്കുകയാണ്.

വാഹനം വാങ്ങുന്നത് സംബന്ധിച്ചിട്ടുള്ളതാണ്. ഒരു ചോദ്യം.

നിലവിലുള്ള വാഹനം കണ്ടം ചെയ്തു കഴിഞ്ഞാൽ അതിനുപകരം വാഹനം വാങ്ങാൻ ഗവണ്മെന്റ് അനുവാദം വാങ്ങേണ്ട. പത്തുലക്ഷം വരെയുള്ള ഏതൊരു വാഹനത്തിനും പ്രത്യേക അനുമതിവേണ്ട, പത്തുലക്ഷത്തിൽ കൂടുതൽ മുതൽമുടക്കുള്ള വാഹനം വാങ്ങാൻ ഗവണ്മെന്റിന്റെ പ്രത്യേക അനുമതി വേണമെന്നാണ് ധനകാര്യ വകുപ്പിന്റെ ഉത്തരവ്.

തനതുഫണ്ടിൽ നിന്ന് യഥേഷ്ടാനുമതി കൊടുക്കുന്നതിന് സർക്കാർ ഉത്തരവ് വേണോ?

സംഭാവന കൊടുക്കുന്നതിനും മറ്റുള്ള ആഘോഷങ്ങൾക്കും മേളകൾക്കുമൊക്കെ ഫണ്ട് കൊടുക്കുന്നതിനും ഗവണ്മെന്റിന്റെ അനുവാദം വേണം. എന്നാൽ അനിവാര്യചുമതലകൾ നിർവഹിക്കുന്നതിന് പ്രോജക്ട് വച്ച് DPC അംഗീകാരം വാങ്ങിയാൽ പ്രത്യേകാനുമതിയുടെ ആവശ്യമില്ല. വസ്തു വാങ്ങണമെങ്കിൽ ഗവണ്മെന്റനുവാദം വാങ്ങണം. ഏതെങ്കിലും പട്ടികജാതി പട്ടികവർഗ കോളനിയിലേക്കുള്ള വഴി നന്നാക്കുന്നതിനോ അവിടെ ഒരു സ്കൂൾ കെട്ടിടത്തിന് പോരായ്മകളുണ്ടെങ്കിൽ അത് റിപ്പയർ ചെയ്യുന്നതിനോ ഒന്നും ഗവണ്മെന്റ് അനുമതി ആവശ്യമില്ല. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് നിങ്ങൾ നിർമ്മിച്ച ഒരാസ്തിയുടെ റിപ്പയറിനോ മെയിന്റനൻസിനോ ഗവണ്മെന്റനുമതിയുടെ ആവശ്യമില്ല.

> **കേരളത്തിൽ കുറച്ച് മാത്രമേ കൃഷിഭൂമിയുള്ളൂ. ഉള്ളതിൽതന്നെ വളരെ കൂടുതൽ തരിശായി കിടക്കുന്നു. വരുന്ന മൂന്നോ നാലോ വർഷങ്ങൾ കൊണ്ട് തരിശുഭൂമി രഹിത സംസ്ഥാനമായി മാറുന്നതിന് നമുക്ക് എന്ത് ചെയ്യാൻ കഴിയും?**

പഞ്ചായത്ത് ദിനാഘോഷ വേദി

പഞ്ചായത്തിന്റെ നികുതി വരുമാനം സംബന്ധിച്ച സംശയങ്ങൾ.

നികുതി നികുതിയേതര വരുമാനങ്ങളിൽ പ്രധാനമായും നമുക്കുള്ളത് വസ്തുനികുതി, തൊഴിൽ നികുതി, വിനോദനികുതി, പരസ്യനികുതി, ലൈസൻസ് ഫീ, വാടകനിരക്ക്, പലവക ഇങ്ങനെയുള്ളതാണ്. ഇതിൽ രണ്ട് നികുതികൾ GST വന്നപ്പോൾ നമ്മുടെ കയ്യിൽനിന്ന് പോയി. അതായത് വിനോദനികുതിയും പരസ്യനികുതിയും. അതിൽ വിനോദനികുതിയുടെ കഴിഞ്ഞ മൂന്ന് വർഷത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ശരാശരി നമുക്ക് നഷ്ടപരിഹാരമായിട്ട് നൽകാമെന്നാണ് സമ്മതിച്ചിരിക്കുന്നത്. പിന്നീടുള്ള ഓരോ വർഷങ്ങളിലും 15% വർദ്ധനവും അതിൽ വരുത്തിത്തരാമെന്ന് പറഞ്ഞിട്ടുണ്ട്.

രണ്ടാമത്തെ ഭാഗം വസ്തു നികുതിയാണ്. അത് പുതുക്കിയെങ്കിലും നിരവധി കാരണങ്ങൾകൊണ്ട് അതിന്റെ നിരക്ക് പുതുക്കുന്നതിനും അത് നടപ്പാക്കുന്നതിനും കഴിയാതെ പോയിട്ടുണ്ട്. സ്വാഭാവികമായിട്ടും ഇപ്പോൾ അതിനുള്ളൊരവസരമാണ്.

സമാന സ്വഭാവമുള്ള ഒരേ വലിപ്പമുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്തമായ രീതിയിൽ ടാക്സ് ഈടാക്കുന്നുവെന്നുള്ളതാണ് ഒരാക്ഷേപം. സുതാര്യതയും വസ്തുനിഷ്ഠതയും കൊണ്ടുവന്നുകഴിഞ്ഞാൽ ആക്ഷേപം മാറും.

മൂന്നാമത്തെ കാര്യം തൊഴിൽ നികുതി ആണ്. ഇന്ത്യൻ ഭരണഘടനയിൽ നിഷ്കർഷിച്ചിരിക്കുന്ന നിരക്കാണത്. ഒരു ഭരണഘടനാ ഭേദഗതികൊണ്ട് മാത്രമേ തൊഴിൽനികുതി നിലവിലുള്ള പരമാവധി തുകയായ 2500 രൂപയിൽ നിന്ന് വർദ്ധിപ്പിക്കാൻ കഴിയൂ. കേന്ദ്രഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

കരാർ അടിസ്ഥാനത്തിൽ വീടുകളിൽപോയി നികുതി പിരിക്കാൻ സംവിധാനം ഉണ്ടാക്കുമോ?

കുടുംബശ്രീ സംവിധാനത്തിൽനിന്ന് CDS വഴി ഒരു മൂന്ന് മാസക്കാലമെങ്കിലും അല്ലെങ്കിൽ ഊർജ്ജിതമായി നികുതിപിരിവ് നടക്കുന്ന മാസമെങ്കിലും ആളുകളെ എടുത്ത് ടാക്സ് പിരിക്കുന്നതിനുള്ള ഉത്തരവ് തീർച്ചയായിട്ടും തരാൻ സാധിക്കും.

പഞ്ചായത്ത് പ്രസിഡന്റുമാർക്കും ജനപ്രതിനിധികൾക്കും അവരുടെ സ്വന്തം വാഹനത്തിൽ ബോർഡുപയോഗിക്കാൻ അനുവാദമുണ്ടോ?

ഇത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധികാര പരിധിയിൽപ്പെട്ടൊരു കാര്യമല്ല. നിയമപരമായിട്ട് അത് തെറ്റാണ്. തെറ്റായൊരു കാര്യം ചെയ്യാൻ കഴിയില്ല.

നമ്മുടെ സമീപനമിതാണ്. ഒന്ന് - നിങ്ങൾക്ക് നിയമാനുസൃതം വാഹനം വാങ്ങാനുള്ള അനുവാദം തീർച്ചയായിട്ടുമുണ്ട്. രണ്ട് - ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം പുതിയ വാഹനം വാങ്ങുന്നതിലും നല്ലത് വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതാണ്. അത് പൊതുവായ ഉത്തരവാണ്.

ഗൈഡ് ലൈനിൽ പരാമർശിക്കപ്പെടാത്ത ഒരു പദ്ധതിയും ഏറ്റെടുത്താൽ Vetting officer**മാർ അംഗീകാരം തരുന്നില്ല. ഇത് അധികാര വികേന്ദ്രീകരണത്തിന് വിരുദ്ധമല്ലേ? നിയമത്തിനകത്ത് നിന്നുകൊണ്ട് എല്ലാ പദ്ധതിയുമേറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ലേ?**

ഉണ്ട്. എനിക്ക് പറയാനുള്ളത് ഈ guidelines - നെ നിയമമായിട്ടോ ചട്ടമായിട്ടോ കാണാൻ നിൽക്കരുത് എന്നാണ്. നിയമം നിയമസഭ പാസ്സാക്കുന്നു. ആ നിയമത്തെ നമുക്ക് മാറ്റാനധികാരമില്ല. നിയമം നടപ്പാക്കുന്നതിനു വേണ്ടിയുള്ള subordinate legislation ആണ ചട്ടങ്ങൾ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമുണ്ടെങ്കിൽ അതൊരു പ്രക്രിയയിലൂടെ നമുക്ക് മാറ്റാൻ കഴിയും. പക്ഷെ guidelines അങ്ങനെയല്ല. നിങ്ങൾ ചൂണ്ടിക്കാണിക്കുന്ന, പ്രായോഗികമായിട്ട് കാര്യനിർവഹണത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന guideline മാറ്റാവുന്നതാണ്. ചില പ്രദേശങ്ങളിൽ ചില പ്രത്യേക പ്രോജക്ടുകൾക്ക് മാനദണ്ഡങ്ങൾ ഉണ്ടാക്കുന്നതിലും നല്ലത് അതിന് പ്രത്യേക അനുമതി നൽകുന്നതാണ്. അത്തരം കാര്യങ്ങളെ innovative project-ൽ പെടുത്തി DPC യുടെ ഒരു സബ്കമ്മിറ്റി പരിശോധിക്കും. ആ പരിശോധന കഴിഞ്ഞിട്ടും നിരസിക്കുകയാണെങ്കിൽ കോ-ഓർഡിനേഷൻ കമ്മിറ്റിയിലേക്ക് വരിക, കൃത്യമായി 15 ദിവസത്തിലൊരിക്കൽ കോർഡിനേഷൻ കമ്മിറ്റി കൂടുന്നതാണ്.

നടപ്പ് സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാനാവാത്ത പ്രോജക്ടുകൾ ഭേദഗതികളോടെ സ്പിൽഓവർ ആയി തുടരുന്നതിന് തടസമുണ്ടോ?

ഭേദഗതി സ്പിൽ ഓവറിന് വരുത്തുക എന്ന് പറഞ്ഞാൽ അത് സ്പിൽ ഓവർ അല്ല. സ്പിൽ ഓവർ സംബന്ധിച്ച് സംസ്ഥാന ഗവണ്മെന്റിന്റെ ഒരു നയപരമായ തീരുമാനം ഇനിയും വരേണ്ടതുണ്ട്.

സാമൂഹിക ക്ഷേമ പെൻഷനുകൾ ഒരു വർഷമായി പുതുതായി അംഗീകരിച്ചിട്ടുള്ളവർക്ക് ലഭിച്ചിട്ടില്ല. എന്താണ് നടപടി?

അപേക്ഷകളൊക്കെ തയ്യാറാക്കി വച്ചോളൂ. ഗവണ്മെന്റ് തലത്തിൽ ഒരു തീരുമാനം എടുത്തു കഴിഞ്ഞാലുടൻ അതുണ്ടാകും എന്നാണ് വിശ്വസിക്കുന്നത്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി

> സംസ്ഥാന ഗവൺമെന്റ് ഏറ്റവും കൂടുതൽ പ്രാമുഖ്യം കൊടുക്കുന്നൊരു മേഖലയാണ് start- up industries. കേരളത്തിലെയും ഇന്ത്യയിലെ മറ്റേത് സംസ്ഥാനങ്ങളിലെയും പുതിയ സംരംഭകരെ ആകർഷിക്കാനും പുതിയ നിക്ഷേപങ്ങൾ കൊണ്ടുവരാനും നമുക്ക് കഴിയേണ്ടതുണ്ട്

നിർമ്മിച്ച കെട്ടിടങ്ങൾക്ക് നമ്പർ കൊടുക്കുന്നതിനുള്ള നടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

അതിനുവേണ്ടി പ്രത്യേകമായൊരു നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ടുണ്ട്. ആ ഉത്തരവ് പ്രകാരം വിവിധ കാറ്റഗറികളിലായി KMBR ഉം KPBR ഉം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഒരു പിഴ ഈടാക്കിക്കൊണ്ട് കെട്ടിടനിർമ്മാണം ക്രമവത്ക്കരിക്കുന്നതിനുള്ള അനുവാദം കൊടുത്തിട്ടുണ്ട്.

ലൈഫ് മിഷൻ പ്രവർത്തനങ്ങൾ എവിടെവരെയായി?

2017-18 ൽ പൂർത്തിയാവാതെ കിടന്ന 68000 ത്തിലധികം വീടുകൾക്ക് മുൻഗണന കൊടുക്കാനാണ് പറഞ്ഞിരിക്കുന്നത്. ഭവനരഹിതരായ ഒന്നേമുക്കാൽ ലക്ഷം ആളുകളുടെ ലിസ്റ്റാണ് നമ്മുടെ പക്കലുള്ളത്. ആ ലിസ്റ്റിൽ കഴിയുമെങ്കിൽ മുഴുവൻ ആളുകൾക്കും 2018-19 സാമ്പത്തിക വർഷത്തിൽ വീടുവെയ്ക്കാനുള്ള ശ്രമമാണ് അടുത്തത്.

ലൈഫ് മിഷന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു വർഷമായിരിക്കും 2018-19. നിങ്ങളുടെ പ്ലാനിലും അതിനനുസരിച്ചുള്ള കാര്യങ്ങൾ വരണം.

കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ ഉത്തരവില്ലാത്ത കാരണം പറഞ്ഞ് ഓഫീസർമാർ നിരാകരിക്കുന്നു.

കോർഡിനേഷൻ കമ്മിറ്റി എന്ന് പറയുന്ന ഏറ്റവും ഉയർന്ന സമിതിയുടെ നടപടിക്രമം ആണതിന്റെ മിനിറ്റ്സ്. അതുകൊണ്ടുതന്നെയാണ് മിനിട്ട്സ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഡൗൺലോഡ് ചെയ്തെടുത്ത് മുന്നോട്ട് പോകാമെന്ന് പറഞ്ഞിരിക്കുന്നത്. ഒരു കാര്യം ഞാനുറപ്പുതരാം. കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങളനുസരിച്ച് കാര്യങ്ങൾ ചെയ്തിട്ട് ഏതെങ്കിലും ഉദ്യോഗസ്ഥന് അല്ലെങ്കിൽ ഏതെങ്കിലും പഞ്ചായത്തിന് ഓഡിറ്റർ തടസ്സപ്പെടുത്തിയിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും പഞ്ചായത്തിനും ഉദ്യോഗസ്ഥനും വേണ്ട എല്ലാ പിന്തുണയും ഞങ്ങൾ തരും. കാരണം കോർഡിനേഷൻ കമ്മിറ്റിയിൽ പലപ്പോഴും നൂറുകണക്കിന് തീരുമാനം വരുന്നുണ്ട് അതിൽ ഉത്തരവ് ഇറങ്ങേണ്ടതിനു മാത്രം ഇറങ്ങും. അല്ലാത്തതിന് പൊതുവായ സർക്കുലർ ഉണ്ടാകും. ബാക്കിയുള്ളതിന് മിനിട്ട്സ് മാത്രം മതി.

വളരെ തിരക്കുള്ള പഞ്ചായത്തുകളിൽ ഇരുചക്രവാഹനങ്ങൾ വാങ്ങാനനുവദിക്കുമോ?

ഒരു വാഹനം മാത്രമുള്ള പഞ്ചായത്തുകളിൽ അവസാന തിരക്കുള്ള മാസങ്ങളിൽ വാഹനങ്ങൾ വാടകയ്ക്കെടുത്ത് കൊടുത്തോളൂ. എഞ്ചിനീയർമാരൊന്നും കോൺട്രാക്ടർമാരുടെ വണ്ടിയിൽ സൈറ്റ് പരിശോധിക്കാൻ പോകേണ്ട യാതൊരാവശ്യവുമില്ല. ഇരുചക്രവാഹനമുള്ള ജീവനക്കാർക്ക് fuel allowance കൊടുക്കുന്ന കാര്യം ആലോചിക്കാം. വാഹനങ്ങൾ വാങ്ങിയേ പറ്റൂ എന്നാണെങ്കിൽ പരിശോധിക്കാവുന്നതാണ്.

അഞ്ചാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് നടപ്പിലാക്കാൻ എന്താണ് താമസം?

ഒരു താമസവുമില്ല. ധനകാര്യവകുപ്പിന്റെയും കൂടി അംഗീകാരം വാങ്ങിയാൽ ഉടനെ നടപ്പാക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള വകുപ്പുകളിൽ ഒഴിവുകൾ വന്നാൽ താൽക്കാലിക നിയമനം നടത്താൻ കഴിയുമോ?

സംസ്ഥാന വികസന സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

ജീവനക്കാരുടെ നിയമനം?

പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള എല്ലാ കേസുകളിലും ലിസ്റ്റിൽ നിന്നല്ലാതെ ആളെ എടുക്കാനാവില്ല. എന്നാൽ sanctioned post-ൽഎംപ്ലോയ്മെന്റിൽനിന്നും എടുക്കാൻ കഴിയും.

179 ദിവസമാകുമ്പോൾ അവരുടെ സർവ്വീസ് ടെർമിനേറ്റ് ചെയ്യേണ്ടതുണ്ട്.

തെരുവ് വിളക്കുകൾ സ്ഥിരമായി കത്തിക്കാനും അതിനുവേണ്ടി ഒരു ഇലക്ട്രീഷ്യനെ നിയമിക്കാനുമുള്ള അനുമതി നൽകിയിരുന്നെങ്കിൽ നന്നായിരുന്നു?

നിയമനത്തിന് പോസ്റ്റ് ക്രിയേറ്റ് ചെയ്യാൻ അനുവാദമില്ല. പക്ഷേ കോൺട്രാക്ടിലെടുക്കുന്നത് തീർച്ചയായും പരിഗണിക്കാവുന്നതാണ്.

മാലിന്യസംസ്കരണത്തെക്കുറിച്ച്?

മാലിന്യസംസ്കരണം നമ്മൾ വളരെ ഗൗരവമായി എടുക്കേണ്ട ഒരു കാര്യമാണ്. ഇപ്പോൾ വികേന്ദ്രീകൃതമായ മാലിന്യ സംസ്കരണമാണ് ഗ്രാമപഞ്ചായത്തുകളിലും ഇടത്തരം ചെറിയ പട്ടണങ്ങളിലും ഗവണ്മെന്റിന്റെ നയം. വലിയ പട്ടണങ്ങളിൽ കേന്ദ്രീകൃത മാലിന്യസംസ്കരണത്തെക്കുറിച്ച് ഗവണ്മെന്റ് ചിന്തിച്ചു വരികയാണ്. ശുചിത്വ മിഷനുമായി ആലോചിച്ച് കുറച്ചുകൂടി ലളിതമായ ഗൈഡ്‌ലൈൻസ് ഉണ്ടാക്കിത്തരാം.

2017-18 ൽ പൂർത്തിയാവാതെ കിടന്ന 68000 ത്തിലധികം വീടുകൾക്ക് മുൻഗണന കൊടുക്കാനാണ് പറഞ്ഞിരിക്കുന്നത്. ഭവനരഹിതരായ ഒന്നേമുക്കാൽ ലക്ഷം ആളുകളുടെ ലിസ്റ്റാണ് നമ്മുടെ പക്കലുള്ളത്. ആ ലിസ്റ്റിൽ കഴിയുമെങ്കിൽ മുഴുവൻ ആളുകൾക്കും 2018-19 സാമ്പത്തിക വർഷത്തിൽ വീടുവെയ്ക്കാനുള്ള ശ്രമമാണ് അടുത്തത്.

ബഹുതല ആസൂത്രണത്തിന്റെ അനന്തസാധ്യതകൾ

ഡോ. കെ.എൻ. ഹരിലാൽ

ആസൂത്രണ വൈദഗ്ധ്യത്തിന്റെ ഉത്തമഅടയാളങ്ങളാണ് സംസ്ഥാന ആസൂത്രണ ബോർഡ് അംഗമായ ഡോ. കെ.എൻ. ഹരിലാലിന്റെ വാക്കുകളും ചിന്തകളും. സെമിനാറിനെ ചിന്താഭരിതമാക്കിയ അദ്ദേഹത്തിന്റെ വീക്ഷണങ്ങളിലേക്ക്.

പ്രാദേശിക ആസൂത്രണം സംബന്ധിച്ച് പുറത്തു വന്നുകൊണ്ടിരിക്കുന്ന സർക്കാർ ഉത്തരവുകളും മാർഗ്ഗരേഖകളും പൊതുസമൂഹത്തിന്റെ ഭാഗത്തുനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും അതിവിപുലമായ അംഗീകാരം പിടിച്ചുപറ്റിയിട്ടുണ്ട്. പണ്ട് ജനകീയാസൂത്രണത്തിന്റെ ഭാഗമായി കണ്ടെത്തിയ പോരായ്മകൾ, മുൻകാലപഠനങ്ങൾ സൂചിപ്പിച്ച പരിമിതികൾ, ഈ പ്രസ്ഥാനത്തിനു നേതൃത്വം കൊടുത്തിരുന്ന പാലൊളി മുഹമ്മദ് കുട്ടി, കുട്ടി അഹമ്മദ് കുട്ടി എന്നിവരെപ്പോലെയുള്ള പഴയ പരിണത പ്രജ്ഞരായിട്ടുള്ള ആളുകൾ ചൂണ്ടിക്കാട്ടിയിട്ടുള്ള പ്രശ്നങ്ങൾ, ഇതെല്ലാം ഗൗരവമായി പരിഗണിച്ചുകൊണ്ട് ഉത്തരം കണ്ടെത്താനുള്ള ശ്രമം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണബോർഡിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ഈ ഉത്തരവുകളുടെയൊക്കെ ആദ്യ കരട് തയ്യാറാക്കാനുള്ള ജോലി ചെയ്യുമ്പോൾ ഞങ്ങൾക്ക് വേണ്ട എല്ലാ പിന്തുണയും എല്ലാ നിർദ്ദേശങ്ങളും തന്ന് ആ പ്രക്രിയയെ ജനാധിപത്യത്തിന്റെയും പങ്കാളിത്തത്തിന്റെയും ഒരു പ്രക്രിയയായി ഉയർത്താൻ അസോസിയേഷൻ സംസ്ഥാന നേതൃത്വവും മറ്റ് അംഗങ്ങളുമൊക്കെ വലിയ സംഭാവന നല്കിയിട്ടുണ്ട്. ഈ വർഷം ജൂൺ 15ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി അംഗീകാരം നേടി എന്നുള്ളത് ഇപ്പോൾ നമുക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു കാര്യമാണ് ഇത്. ഈ വർഷം മാർച്ച് മാസം തന്നെ പദ്ധതി പൂർത്തീകരിച്ച് ബജറ്റുമായി സംയോജിപ്പിച്ച് ഏപ്രിൽ ഒന്നാം തീയതി മുതൽ തന്നെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്ന രീതിയിൽ കാര്യങ്ങൾ മാറുന്നുണ്ട്.

മിഷനുകളുടെ പ്രവർത്തനം, ഓരോ മിഷനും എങ്ങനെ മുന്നോട്ട് പോകുന്നു, എത്തരത്തിൽ ലക്ഷ്യത്തിലെത്തുന്നു എന്നുള്ളതിനെക്കുറിച്ചൊക്കെ നമ്മൾ പരിശോധിക്കണം. ഞാൻ പ്രധാനമായി ഊന്നുന്നത് രണ്ട് കാര്യങ്ങളിലാണ്. യഥാർത്ഥത്തിൽ ജനകീയാസൂത്രണം തുടങ്ങിയ കാലത്ത് വലിയ ജനപങ്കാളിത്തത്തോടുകൂടി ഈ പ്രസ്ഥാനം മുന്നോട്ടു പോകുന്ന സന്ദർഭത്തിൽ, ഇത് എല്ലാ പ്രശ്നങ്ങൾക്കും ഒരു ഒറ്റമൂലിയായി അവതരിപ്പിക്കപ്പെടുന്ന എന്ന സന്ദർഭത്തിൽപ്പോലും ജനകീയാസൂത്രണപ്രവർത്തകർക്ക്, അതിന് നേതൃത്വം കൊടുത്തവർക്ക് ഇതിന്റെ ചില പരിമിതികളെക്കുറിച്ച്, ഇത് മുന്നോട്ടു പോകുമ്പോൾ ഉണ്ടാകുന്ന പോരായ്മകളെക്കുറിച്ച് ധാരണ ഉണ്ടായിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അന്നു കണ്ടിരുന്നത് സംസ്ഥാനത്തിന്റെ പദ്ധതി തുകയുടെ ഏകദേശം നാല്പത് ശതമാനം തുക - 6000, 7000 കോടി രൂപ എന്നൊക്കെ പറയുന്നത് ചെറിയ സംഖ്യയല്ല. വലിയ പ്രൊജക്ടുകളൊക്കെ എടുക്കാൻ കഴിയുന്ന തുകയാണ് - ഇത്രയേറെ വലിയ തുക സംസ്ഥാനത്തിന്റെ പദ്ധതിയിൽനിന്നും താഴേക്ക് പോകുമ്പോൾ അതെല്ലാം വാർഡ് അടിസ്ഥാനത്തിൽ ചെറിയ ചെറിയ മേഖലകളുടെ അടിസ്ഥാനത്തിൽ, വിതം വച്ചു പോയാൽ ചെറിയ റോഡുകളൊരുപാടുണ്ടാകും. പക്ഷെ, ഹൈവേകൾക്ക് എന്തു സംഭവിക്കും? ചെറിയ കലുങ്കുകളുണ്ടാകും, വലിയ പാലങ്ങൾക്ക് എന്തു സംഭവിക്കും? കുടുംബശ്രീ സംരംഭങ്ങൾ ഉണ്ടാകും. എന്നാൽ വലിയ വ്യവസായശാലകൾക്കെന്തു

സംഭവിക്കും? എന്നുള്ള ഒരു ആശങ്ക. അതുപോലെതന്നെ ചെറിയ ഇടപെടലുകളെ നമുക്ക് എങ്ങനെ ഒരു ആകെതുകയിലേക്ക് ഏകീകരിക്കാം, അതിന് കഴിയുമോ എന്ന ആശങ്ക മുൻകാലങ്ങളിൽ ജനകീയാസൂത്രണത്തിൽ പ്രവർത്തിച്ചവർക്കുണ്ടായിരുന്നു. ഈ ആശങ്കയ്ക്കുള്ള പരിഹാരം എന്ന നിലയിൽ പറഞ്ഞിരുന്നത് കേരളത്തിൽ നടപ്പാക്കുന്നത് ബഹുതല ആസൂത്രണമാണ്, പണം താഴെത്തട്ടിലേക്ക് വീതം വച്ചുപോകുന്ന സമീപനമല്ല, മറിച്ച് താഴെത്തട്ടിൽ നടക്കുന്ന പ്രവർത്തനങ്ങളെ തൊട്ടുമുകൾത്തട്ടിൽ ഏകീകരിക്കുന്ന അതിനു മുകൾത്തട്ടിൽ ഏകോപിപ്പിക്കുന്ന, സമഗ്രമാക്കുന്ന ഒരു സമീപനം കൂടി ഉണ്ടാകും, അത് കൂടി വരുമ്പോഴാണ് ഇത് പൂർണ്ണതയിലേക്കെത്തുക എന്നാണ്. അതുകൊണ്ടാണ് അന്ന് തുടക്കത്തിൽ തന്നെ ജില്ലാ പദ്ധതിയെക്കുറിച്ച് സംസാരിച്ചത്. ആദ്യത്തെ ജനകീയാസൂത്രണത്തിന്റെ രേഖകളിൽതന്നെ ജില്ലാപദ്ധതി രൂപീകരണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഒരേ തട്ടിൽത്തന്നെയുള്ള ലോക്കൽ ഗവണ്മെന്റുകൾ എടുക്കുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ഒരു സംവിധാനമുണ്ടാക്കാൻ വേണ്ടി, അതുപോലെ വിവിധ തട്ടുകളിലെ സർക്കാരുകളെടുക്കുന്ന പരിപാടികളെ ഏകോപിപ്പിക്കുന്നതിനുവേണ്ടി, സംസ്ഥാനഗവണ്മെന്റിന്റെ പരിപാടികളുമായി, കേന്ദ്രഗവണ്മെന്റിന്റെ പരിപാടികളുമായി ഏകോപിപ്പിക്കുന്നതിനുവേണ്ടി - ജില്ലാപദ്ധതി രൂപീകരണം എന്ന് അന്നേ കണ്ടിരുന്നു. നമ്മുടെ ഭരണഘടനയിലും അത് പറഞ്ഞിരുന്നു. പക്ഷെ ജില്ലാ പദ്ധതിയിലേക്ക് പോകാൻ പല കാരണങ്ങൾ കൊണ്ടും അന്ന് കഴിഞ്ഞില്ല. കാരണം താഴെത്തട്ട് പദ്ധതികൾ ഉണ്ടാക്കാൻതന്നെ നമ്മൾ പരിചയപ്പെട്ടിരുന്നില്ല. അതുകൊണ്ടുതന്നെ അക്കാലത്ത് ജില്ലാ പദ്ധതി ഉണ്ടാക്കുന്നതിനുള്ള ശ്രമം നടത്തിയെങ്കിലും അത് പൂർണ്ണ വിജയത്തിലെത്തിക്കാൻ കഴിഞ്ഞില്ല. ഈ ഒരു പോരായ്മ ജനകീയാസൂത്രണത്തെക്കുറിച്ച് പല വിദഗ്ധരും ചൂണ്ടിക്കാണിച്ചു. കേരളത്തിലെ രാഷ്ട്രീയപ്രസ്ഥാനങ്ങൾ ചർച്ച ചെയ്ത വിഷയം കൂടിയാണ് ഇത്. കഴിഞ്ഞ നിയമസഭ തിരഞ്ഞെടുപ്പിന്റെ അവസരത്തിലും ഈ വിഷയം സജീവമായി ചർച്ചചെയ്തിരുന്നു. യഥാർത്ഥത്തിൽ ജില്ലാ പദ്ധതികൾ നിർബന്ധമായും ഉണ്ടാകണം. വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന പ്രശ്നം കുറച്ചൊന്നു പരിഹരിച്ച് ത്രിതല പഞ്ചായത്തുകൾക്ക് മൊത്തത്തിൽ വേണ്ട വലിയ ആശയങ്ങൾ കൂടി നമുക്ക് മുന്നോട്ടു വയ്ക്കാനും അതിനെ പിന്തുണയ്ക്കുവാനും കഴിയണം. അതിന്റെ കൂടി ഭാഗമാണ് യഥാർത്ഥത്തിൽ മിഷനുകൾ എന്ന ആശയം.

ഇപ്പോൾ ഒരു മാർഗ്ഗനിർദ്ദേശത്തിന്റെ ഭാഗമായിട്ട് കുറച്ച് ജില്ലകളിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ജില്ലാ പഞ്ചായത്ത് തലത്തിൽ എല്ലാം സ്പോർട്സിനെയും ഗെയിംസിനെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ നടത്തുന്നുണ്ട്. പക്ഷെ ഒരു ഗ്രാമപഞ്ചായത്ത് മാത്രം വിചാരിച്ചാൽ നടത്താൻ കഴിയുന്ന പ്രവർത്തനങ്ങൾക്ക് പരിമിതിയുണ്ട്. ഗ്രാമപഞ്ചായത്തിനൊപ്പം ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും കൂടി ചേർന്നു കഴിഞ്ഞാൽ മറ്റു സർക്കാർ സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള വലിയ സാധ്യതയാണ് ഉള്ളത്. ഇതുപോലെതന്നെയാണ് ഹരിതകേരളത്തിന്റെ മേഖലയിലും ഭവനനിർമ്മാണ മേഖലയിലും ആരോഗ്യ രക്ഷയുടെ കാര്യത്തിലുമൊക്കെ നമ്മൾ കാണേണ്ടത്. എല്ലാ കാര്യങ്ങൾക്കും നമുക്ക് താഴെത്തട്ടിൽ തന്നെ പരിഹാരം കണ്ടെത്താൻ കഴിയും. ഒരു പാട് കാര്യങ്ങൾക്ക് താഴെത്തട്ടിൽ ഉത്തരമുണ്ട്. പക്ഷെ ചില കാര്യങ്ങളിൽ ശരിയായ ഉത്തരത്തിലേക്ക് പോകണമെങ്കിൽ വാർഡുതലത്തിൽ നിന്ന് പഞ്ചായത്ത് തലത്തിലേക്ക് വരേണ്ടിവരും. ചില കാര്യങ്ങളിൽ അത് ജില്ലാതലത്തിലേക്ക് വരേണ്ടിവരും. ചില കാര്യങ്ങൾക്ക് സംസ്ഥാനതലം വരെ എത്തേണ്ടിവരും. മിഷനുകളിലേക്ക് ഗവണ്മെന്റ് പോകുന്നതും നമ്മളെല്ലാവരും പോകുന്നതിന്റെയും ഒരു യുക്തിയിതാണ്. താഴെത്തട്ടിൽ ഹരിതകേരളത്തിന്റെ കാര്യത്തിലാണെങ്കിലും അതുപോലെതന്നെ മറ്റു മിഷനുകളുടെ കാര്യത്തിലാണെങ്കിലും ചെയ്യുന്ന കാര്യങ്ങളിൽ ചില ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ മുകൾത്തട്ടിൽ ഏകോപനമുണ്ടാകുകയും വേണം. ഇങ്ങനെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുമ്പോൾ സംസ്ഥാനത്തെ ലയിൻ ഡിപ്പാർട്ടുമെന്റുകളിലുള്ള പരിചയസമ്പത്തുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനപരിചയം, സർവ്വകലാശാലകളുടെ പ്രവർത്തന

ജില്ലാ പദ്ധതികളുടെയും മിഷനുകളുടെയും ഏറ്റവും പ്രധാനപ്പെട്ട യുക്തി എന്നുപറയുന്നത് പ്രാദേശിക ഗവണ്മെന്റുകളെ ശാക്തീകരിച്ച് ഒരുമിച്ചു കൊണ്ടുപോകുക എന്നതാണ്. കുറച്ചു വിശാലമായ അർത്ഥത്തിൽ കണ്ടുകഴിഞ്ഞാൽ ജനങ്ങളുടെ ഐക്യം ഉറപ്പിക്കുക എന്നുള്ളതാണ്.

തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ഉദ്ഘാടനം ചെയ്തു

തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസ് പ്രവർത്തനം തുടങ്ങി. ഓഫീസിന്റെ ഉദ്ഘാടനം തിരുവനന്തപുരം സ്വരാജ് ഭവനിൽ നടന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി ഡോ. കെ.ടി. ജലീൽ നിർവ്വഹിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നന്മയാഗ്രഹിക്കുന്നവരുടെ ദീർഘനാളത്തെ സ്വപ്നമാണ് വകുപ്പ് ഏകീകരണത്തിലൂടെ പൂവണിയുന്നതെന്ന് മന്ത്രി ഡോ. കെ.ടി. ജലീൽ പറഞ്ഞു.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീ. ചീഫ് സെക്രട്ടറി ടി.കെ. ജോസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ എ. അജിത് കുമാർ മുഖ്യപ്രഭാഷണം നടത്തി. പി. മേരിക്കുട്ടി (പഞ്ചായത്ത് ഡയറക്ടർ), ഹരിത വി. കുമാർ (നഗരകാര്യ ഡയറക്ടർ), പി.ആർ. സജികുമാർ (ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്), വി. എസ്. സന്തോഷ് കുമാർ (അഡി. ഡെവലപ്മെന്റ് കമ്മീഷണർ), ഷാജി ജോസഫ് (ചീഫ് ടൗൺ പ്ലാനർ) ഡോ. എൻ. രമാകാന്തൻ (ലോക്കൽ ഗവൺമെന്റ് കമ്മീഷൻ അംഗം) തുടങ്ങിയവർ പങ്കെടുത്തു.

തദ്ദേശ സ്വയംഭരണ സംവിധാനം ഏകീകരിക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയം നടപ്പിൽ വരുത്തുന്നതിനുള്ള ഭരണ നടപടികളുടെ ഭാഗമായാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നിലവിൽ വരുന്നത്. തിരുവനന്തപുരത്ത് നന്തൻകോട് സ്വരാജ്ഭവൻ അഞ്ചാം നിലയിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്.

പഞ്ചായത്തുകൾ നല്ലകാര്യങ്ങൾ ചെയ്താൽ മാത്രം പോരാ, ചെയ്തു എന്ന് കേരളത്തിൽ ചർച്ച ചെയ്യുന്ന സാഹചര്യംകൂടി ഉണ്ടാക്കണം. ജനങ്ങൾക്കിടയിൽ ചർച്ച ചെയ്തുകൊണ്ട് നല്ല കാര്യങ്ങളിവിടെ നടക്കുന്നുണ്ടെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ അസോസിയേഷനുകളും ജനപ്രതിനിധികളും ജീവനക്കാരും എല്ലാം മുൻകൈയെടുക്കണം.

പരിചയം, റിസർച്ച് സ്ഥാപനങ്ങളുടെ പ്രവർത്തനപരിചയം, അവരുടെ വൈദഗ്ധ്യം, പ്രവാസികളായിട്ടുള്ള ആളുകളുടെ വൈദഗ്ധ്യം ഇതെല്ലാം നമുക്ക് പ്രാദേശിക ഗവണ്മെന്റുകളുടെ പദ്ധതികളിലേക്ക് സന്നിവേശിപ്പിക്കാൻ കഴിയും.

ജില്ലാ പദ്ധതികളുടെയും മിഷനുകളുടെയും ഏറ്റവും പ്രധാനപ്പെട്ട യുക്തി എന്നുപറയുന്നത് പ്രാദേശിക ഗവണ്മെന്റുകളെ ശാക്തീകരിച്ച് ഒരുമിച്ചു കൊണ്ടുപോകുക എന്നതാണ്. കുറച്ചു വിശാലമായ അർത്ഥത്തിൽ കണ്ടുകഴിഞ്ഞാൽ ജനങ്ങളുടെ ഐക്യം ഉറപ്പിക്കുക എന്നുള്ളതാണ്. ഭാരതപ്പുഴയുടെ നവീകരണത്തിലേക്ക് പോകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം എന്ന പറഞ്ഞാൽ ഭാരതപ്പുഴയുടെ പ്രദേശത്തുള്ള ജനങ്ങളുടെ ഐക്യം എന്നുള്ളതാണ്. ഇങ്ങനെ ജനങ്ങളെ സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ ഏകോപിപ്പിച്ച് മുന്നോട്ടു പോകാൻ കഴിയും എന്ന കാഴ്ചപ്പാടാണ് ഇതിനെ മുന്നോട്ട് നയിക്കുന്നത്.

കേരളം വളരെ വേഗത്തിൽ മാറിക്കൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പല സ്ഥലങ്ങളിലുമെടുക്കുന്ന ഇന്നവേറ്റീവ് ആയ പരിപാടികൾ നിർഭാഗ്യവശാൽ നമ്മുടെ മുഖ്യധാരാ മാധ്യമങ്ങൾ കാണുന്നില്ല. ഇതൊന്നും വാർത്തയാകുന്നില്ല. യഥാർത്ഥത്തിൽ വിവിധ മിഷനുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ കേരളത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ, മനസ്സിലാക്കിയാൽ കേരളത്തിൽ വലിയ മാറ്റം വന്നുകൊണ്ടിരിക്കുകയാണെന്ന് നമുക്ക് ബോധ്യമാകും. പഞ്ചായത്ത് അസോസിയേഷനുകളും മറ്റ് അസോസിയേഷനുകളും ചേർന്ന് ചെയ്യേണ്ട ഒരു വലിയ യജ്ഞം എന്ന പറയുന്നത്, കേരളത്തിലെ ജനങ്ങൾക്ക് അവരാഗ്രഹിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യുവാൻ അവർക്കാവശ്യമുള്ള വാർത്ത എത്തിക്കുവാനും ആവശ്യമായ വിഭവങ്ങളൊരുക്കുക എന്നതാണ്. പഞ്ചായത്തുകൾ നല്ലകാര്യങ്ങൾ ചെയ്താൽ മാത്രം പോരാ, ചെയ്തു എന്ന് കേരളത്തിൽ ചർച്ച ചെയ്യുന്ന സാഹചര്യംകൂടി ഉണ്ടാക്കണം. ജനങ്ങൾക്കിടയിൽ ചർച്ച ചെയ്തുകൊണ്ട് നല്ല കാര്യങ്ങളിവിടെ നടക്കുന്നുണ്ടെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ അസോസിയേഷനുകളും ജനപ്രതിനിധികളും ജീവനക്കാരും എല്ലാം മുൻകൈയെടുക്കണം.

വാർത്തകൾ വിശേഷങ്ങൾ

കെട്ടിട നിർമ്മാണ ക്രമവത്ക്കരണ ചട്ടം- 2018 നിലവിൽ വന്നു

സംസ്ഥാനത്ത് കെട്ടിടനിർമ്മാണചട്ടം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ പിഴയടച്ച് ക്രമവത്ക്കരിക്കുന്നതിനുള്ള ഉത്തരവ് പുറത്തിറങ്ങി. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ ജി.ഒ(പി) 11/2018/എൽ.എസ്.ജി.ഡി യായും ഗ്രാമപഞ്ചായത്ത് പരിധിയിൽ ജി.ഒ(പി)12/2018/എൽ.എസ്.ജി.ഡി ആയുമാണ് 15-02-2018-ൽ സർക്കാർ ഉത്തരവായത്. രണ്ട് ഉത്തരവുകളും സർക്കാർ ഗസറ്റിലും തദ്ദേശ വകുപ്പിന്റെ വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണചട്ടം ലംഘിച്ച് 2017 ജൂലൈ 31 വരെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള വീടുകൾക്കും മറ്റ് കെട്ടിടങ്ങൾക്കുമാണ് ഈ ഉത്തരവ് ബാധകമാകുക. വാണിജ്യ കെട്ടിടങ്ങളുടെ എഫ്.എ.ആർ കവറേജ്, സെറ്റ് ബാക്ക്, പാർക്കിങ്, അക്ക്സസ് എന്നിവ ഇതുമൂലം ക്രമവത്ക്കരിക്കാനാകും. കെട്ടിട ഉടമകൾ 90 ദിവസത്തിനകം അപേക്ഷ ബന്ധപ്പെട്ട കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / ഗ്രാമപഞ്ചായത്ത് എന്നിവയുടെ സെക്രട്ടറിക്കാണ് നൽകേണ്ടത്. അപേക്ഷയുടെ മാതൃക ഉത്തരവിനോടൊപ്പം ഡൗൺലോഡ് ചെയ്തെടുക്കാം. മുനിസിപ്പാലിറ്റി / കോർപ്പറേഷൻ പരിധിയിൽ ജില്ലാ ടൗൺ പ്ലാനർ, റീജിയണൽ ജോയിന്റ് ഡയറക്ടർ, ബന്ധപ്പെട്ട സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സമിതി ഇത് പരിശോധിച്ച് ലംഘനത്തിന്റെ തോത് കണക്കാക്കി ഉത്തരവ് പ്രകാരമുള്ള പിഴ നിശ്ചയിക്കും. പിഴയുടെ 50% ട്രഷറിയിലും ബാക്കി തദ്ദേശ സ്ഥാപനത്തിലുമാണ് അടയ്ക്കേണ്ടത്. നെൽവയൽ സംരക്ഷണ നിയമം, പരിസ്ഥിതി നിയമങ്ങൾ, കോസ്റ്റൽ റഗുലേഷൻ സോൺ നിയമങ്ങൾ, ഫയർ & റസ്ക്യൂ നിയമങ്ങൾ തുടങ്ങിയവ ഈ ചട്ടം വഴി ക്രമവത്ക്കരിക്കാൻ കഴിയില്ല. അപേക്ഷകർ 90 ദിവസത്തിനകം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കണം. ജില്ലാതല സമിതി ചുമത്തുന്ന പിഴയിലോ ഉത്തരവുകളിലോ സംതൃപ്തരല്ലെങ്കിൽ നിയമാനുസൃത അപേക്ഷ വഴി അപേക്ഷകന് സർക്കാരിൽ അപ്പീൽ നല്കാം.

ഗ്രാമസഭാ പോർട്ടൽ

അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തുന്നതിനായി പഞ്ചായത്ത് വകുപ്പ് ഐ.കെ.എം ന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിയ ഗ്രാമസഭാ പോർട്ടൽ പ്രവർത്തന സജ്ജമായി. ഗ്രാമസഭകളിൽ നേരിട്ട് ഹാജരാകുന്നതിന് സാധിക്കാത്ത പൊതു ജനങ്ങൾക്ക് തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഓൺലൈനായി ഗ്രാമസഭകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ആണ് ഗ്രാമസഭ പോർട്ടൽ പൊതുജനങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലാണ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള ലിങ്ക്- https://gramasabha.lsgkerala.gov.in

വരുന്നു കുടുംബശ്രീ കമ്മ്യൂണിറ്റി റേഡിയോ

സ്ത്രീശാക്തീകരണ വഴിയിൽ വ്യത്യസ്തങ്ങളായ പരിപാടികളുമായി മുന്നേറുന്ന കുടുംബശ്രീയുടെ കരുത്തുറ്റ ശബ്ദം ഇനി മുതൽ ശ്രോതാക്കളെ തേടിയെത്തും. ദാരിദ്ര്യനിർമാർജനത്തിന് വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കുക വഴി സമൂഹത്തിൽ സ്ത്രീജീവിതത്തിന്റെ മുഖച്ഛായ മാറ്റിയ കുടുംബശ്രീ കമ്മ്യൂണിറ്റി റേഡിയോ എന്ന പുതിയ ദൗത്യവുമായാണ് ഇത്തവണ എത്തുന്നത്. 2,77,175 അയൽക്കൂട്ടങ്ങളിലായി 43 ലക്ഷം സ്ത്രീകളുടെ സമഗ്ര വികാസം ലക്ഷ്യമിട്ട് സാമൂഹ്യവും സാംസ്കാരികവുമായ വിദ്യാഭ്യാസപ്രക്രിയ സാധ്യമാക്കുന്നതിനാണ് കമ്യൂണിറ്റി റേഡിയോ ആരംഭിക്കുന്നത്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വ്യാപനം, സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ അറിയിപ്പുകളും ഗുണഫലങ്ങളും ജനങ്ങളിലേക്കെത്തിക്കുക, കുടുംബശ്രീ അംഗങ്ങളുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിനും വളർത്തുന്നതിനും വേദിയൊരുക്കുക, ബാലസഭാ പ്രവർത്തനങ്ങൾക്കായി വിനോദ വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കുക, സാമൂഹ്യ തിന്മകൾക്കെതിരേ പ്രചാരണം നടത്തുക, പ്രാദേശികസാമ്പത്തിക വികസനം, സ്ത്രീശാക്തീകരണം എന്നിവയ്ക്കായി പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കുന്നത്.

ആദ്യഘട്ടത്തിൽ മലപ്പുറത്തായിരിക്കും കുടുംബശ്രീ കമ്മ്യൂണിറ്റി റേഡിയോ സ്ഥാപിക്കുക. മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിങ്ങിന്റെ കീഴിൽ ന്യൂഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ബേസിൽ (ബ്രോഡ്കാസ്റ്റിങ്ങ് എൻജിനീയറിങ്ങ് കൺസൾട്ടൻസ് ഇന്ത്യ ലിമിറ്റഡ്)എന്ന സ്ഥാപനവുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുക. ഈ വർഷം ജൂണിൽ കമ്യൂണിറ്റി റേഡിയോ പ്രവർത്തനം തുടങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്

നവീകരിച്ച പഞ്ചായത്ത് ഡയറക്ടറേറ്റ് ഓഫീസ് ഉദ്ഘാടനം ചെയ്തു

തദ്ദേശ സ്വയംഭരണ വകുപ്പ് കൂടുതൽ ജനസൗഹാർദ്ദമാക്കും: മന്ത്രി കെ.ടി. ജലീൽ

തദ്ദേശ സ്വയംഭരണ വകുപ്പ് കൂടുതൽ ജനസൗഹാർദ്ദമാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് മന്ത്രി. കെ.ടി. ജലീൽ പറഞ്ഞു. നവീകരിച്ച പഞ്ചായത്ത് ഡയറക്ടറേറ്റ് ഓഫീസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്ന അദ്ദേഹം. ജനങ്ങൾക്ക് മികച്ച സേവനം കൊടുക്കാൻ നല്ല സൗകര്യങ്ങളോടുകൂടിയ ഓഫീസുകൾ കാലത്തിന്റെ അനിവാര്യതയാണെന്ന് അദ്ദേഹം പറഞ്ഞു.

ജനങ്ങളുമായി കൂടുതൽ അടുത്തിടപഴകുന്ന വകുപ്പ് എന്ന നിലയിൽ തദ്ദേശ സ്ഥാപന ഓഫീസുകളിൽ എത്തുന്നവർക്ക് നൽകാവുന്ന പരമാവധി സേവനം ജീവനക്കാർ ലഭ്യമാക്കണം. അല്ലാത്തപക്ഷം അവ വകുപ്പിനു മുഴുവൻ അവമതിപ്പുണ്ടാക്കാൻ ഇടവരുത്തും. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്തണമെന്നും മന്ത്രി നിർദ്ദേശിച്ചു. ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡയറക്ടർ എ. അജിത് കുമാർ, പഞ്ചായത്ത് ഡയറക്ടർ പി മേരിക്കുട്ടി, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പി.ആർ. സജികുമാർ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ആർ. അജയകുമാർ വർമ്മ, പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ഹൈദ്ര, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എം.പി. അജിത് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

FORM IV

Statement about ownership and other particulars about newspaper (PANCHATATRAJ) to be published in the first issue every year after the last day of February.

1. Place of Publication	:	Directorate of Panchayats Trivandrum - 695033
2. Periodicity of its Publication	:	Monthly
3. Printer's Name	:	P.Marykutty IAS
Nationality	:	Indian
Address	:	Directorate of PanchayatsTrivandrum - 695033, Kerala
4. Publishers Name	:	P.Marykutty IAS
Nationality	:	Indian
Address	:	Directorate of Panchayats, Trivandrum - 695033, Kerala
5. Editors Name	:	P.Marykutty IAS
Nationality	:	Indian
Address	:	Directorate of Panchayats, Trivandrum - 695033, Kerala
6. Names and address of individuals who own the newspaper and parnters or shareholders holding	:	NA

I, P.Marykutty IAS, hereby decalre that the particulars given above are true to the best of my knowledge and belief.

Date: 01.03.2018 Sd/-

അമ്മിഞ്ഞപ്പാലിലുള്ളതും കുപ്പിപ്പാലിലില്ലാത്തതും

ഡോ. വട്ടവിള വിജയകുമാർ

മുലപ്പാൽ കുഞ്ഞിന് അവകാശപ്പെട്ടതാണ്. അത് അമ്മയുടെ ഔദാര്യമല്ല. ഗർഭാവസ്ഥയിലെ സംരക്ഷണംപോലെ പിറവിയുടെ ആദ്യനാളുകളിൽ അവന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും സുരക്ഷയ്ക്കും കാലം കരുതിവച്ച മരുന്നാണത്. ആഹാരമാണ് ഔഷധമെന്ന് ആധുനിക വൈദ്യ ശാസ്ത്രപിതാവായ ഹിപ്പോക്രേറ്റ്സ് പറഞ്ഞത് ഒരുപക്ഷേ മുലപ്പാലിന്റെ വൈശിഷ്ട്യം മനസ്സിലാക്കിയിട്ടാവണം.

പൊക്കിൾബന്ധം മുറിഞ്ഞ് അന്യനാകുന്ന കുഞ്ഞ് അമ്മയുമായുള്ള ആത്മബന്ധം ദൃഢപ്പെടുത്തുന്നത് മുലകുടിക്കുന്നതിലൂടെയാണ്. മുലകൊടുക്കുമ്പോൾ കുഞ്ഞിന് കിട്ടുന്നത് വെറും പോഷകം മാത്രമല്ല ഔഷധവും കൂടിയാണ്. ഗർഭഗൃഹമെന്ന സുരക്ഷിതലോകത്തുനിന്നും ജീവിതമെന്ന അരക്ഷിതാവസ്ഥയിലേക്ക് കാലൂന്നുന്ന കുഞ്ഞിന് കിട്ടുന്ന കരുതൽ. ഗർഭഗൃഹം വിട്ടിറങ്ങിയ കുഞ്ഞിന്റെ ദഹനേന്ദ്രിയത്തെ അടിസ്ഥാനമാക്കി രൂപകൽപന ചെയ്തിട്ടുള്ള സമ്പൂർണ പോഷകാഹാരമാണ് മുലപ്പാൽ. മറ്റേതിനേക്കാളും വളരെ വേഗം ദഹിക്കുന്നതും ആഗിരണം ചെയ്യുന്നതുമാണ് മുലപ്പാലിലെ ഘടകങ്ങൾ. ആദ്യത്തെ ആഴ്ചകളിലെ പാലിൽ പോഷണവും ഔഷധവും സമാസമമുണ്ട്. മാംസ്യം (പ്രോട്ടീൻ) വിറ്റാമിനുകൾ പ്രതിദ്രവ്യങ്ങൾ (ആന്റിബോഡികൾ) തുടങ്ങിയവയുടെ ഒരു കലവറയാണ് മുലപ്പാൽ. ആരോഗ്യമുള്ള ഒരമ്മ ആദ്യത്തെ ആറുമാസത്തിൽ 750 മില്ലിലിറ്റർ പാൽ പ്രതിദിനം ചുരത്തുമെന്നാണ് കണക്ക്. അമ്മ കഴിക്കുന്ന ഭക്ഷണത്തിന്റെ അളവിനെയും ഗുണത്തെയും ആശ്രയിച്ചായിരിക്കും ചുരത്തുന്ന പാലിന്റെ അളവും ഗുണവും. കുഞ്ഞിന് മതിയായ അളവിൽ പാൽ കിട്ടണമെങ്കിൽ പോഷകസമൃദ്ധമായ ഭക്ഷണം മുലയൂട്ടൽ വേളയിൽ അമ്മ കഴിക്കേണ്ടതുണ്ട്. കുഞ്ഞ് ഒരു ദിവസം 6-8 പ്രാവശ്യം മൂത്രമൊഴിക്കുകയാണെങ്കിൽ അവന് മതിയായ അളവിൽ പാൽ ലഭിക്കുന്നുണ്ടെന്ന് കരുതാം.

കുഞ്ഞ് ജനിച്ച് ആദ്യ നാളുകളിൽ തലച്ചോറിന്റെ വികാസം നടക്കുന്നതിനാൽ ആവശ്യമായ പോഷകങ്ങൾ കുഞ്ഞിന് കിട്ടേണ്ടതുണ്ട്. ശരീരം വളരുന്നതിനൊപ്പം ബുദ്ധിയും വളരണമല്ലോ. അതിനാവശ്യമായ പോഷകങ്ങളായ അരാകിടോണിക് ആസിഡ് (Arachidonic acid) ഡോകോസ ഹെക്സീനോയ്ക്ക് ആസിഡ് (Docosahexaenoic acid (DHA) എന്നിവകൊണ്ട് ധന്യമാണ് മുലപ്പാൽ. ഏതെങ്കിലും കാരണവ

നമ്മൾ എത്ര കരുതലെടുത്താലും അങ്ങനെയുള്ള കുഞ്ഞുങ്ങൾ ജനിച്ചാൽ നമുക്ക് വിധിയെ പഴിക്കാം. പക്ഷെ ഒഴിവാക്കാൻ കഴിയുമായിരുന്നിട്ടും ആ ദുരന്തത്തെ പേറേണ്ടിവന്നാൽ ? ഇവിടെയാണ് അടിസ്ഥാന വിദ്യാഭ്യാത്തിന്റെ ആവശ്യകതയെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടി വരുന്നതും കാലം കുഞ്ഞിനായി കാത്തുവച്ച മുലപ്പാലിന്റെ ഗുണത്തെക്കുറിച്ച് മനസ്സിലാക്കേണ്ടി വരുന്നതും.

ശാൽ അമ്മ കുഞ്ഞിന് മുലയൂട്ടാൻ വിസമ്മതിച്ചാൽ ഈ പറഞ്ഞ ജൈവരാസപദാർത്ഥങ്ങൾ കുഞ്ഞിന് കിട്ടാതെ വരികയും തലച്ചോറിന്റെ വികാസത്തെയും അതിന്റെ സ്വാഭാവികപ്രവർത്തനത്തെയും ബാധിക്കുകയും ചെയ്യും.

ടിൻ ഫുഡ് കച്ചവടക്കാർ അവരുടെ ഉൽപ്പന്നത്തെ വിറ്റഴിക്കാൻ എടുത്തുകാട്ടുന്ന ഒന്നാണ് ഡി എച് എ അഥവാ ഡോകോസ ഹെക്സീനോയ്ക് ആസിഡ്. പരസ്യത്തിൽ ആകൃഷ്ടനാവുന്ന നാം യാഥാർഥ്യത്തെ തിരിച്ചറിയാതെ പോകുന്ന കാഴ്ചയാണിവിടെ കാണുന്നത്. അതെന്തെങ്കിലുമാകട്ടെ കുഞ്ഞിന്റെ ബുദ്ധിവികാസത്തിനാവശ്യമായ ഈ ജൈവരാസവസ്തുക്കൾ കുട്ടിക്ക് കിട്ടാതെ വന്നാൽ . അവർ അതായത് കുഞ്ഞുങ്ങൾ ബുദ്ധിമാന്ദ്യമുള്ളവരായാൽ...... ഏതമ്മയാണ് ബുദ്ധിമാന്ദ്യമുള്ള കുഞ്ഞിനെ ജനിപ്പിക്കാനാഗ്രഹിക്കുന്നത്. നമ്മൾ എത്ര കരുതലെടുത്താലും അങ്ങനെയുള്ള കുഞ്ഞുങ്ങൾ ജനിച്ചാൽ നമുക്ക് വിധിയെ പഴിക്കാം. പക്ഷെ ഒഴിവാക്കാൻ കഴിയുമായിരുന്നിട്ടും ആ ദുരന്തത്തെ പേറേണ്ടിവന്നാൽ ? ഇവിടെയാണ് അടിസ്ഥാന വിദ്യാഭ്യാത്തിന്റെ ആവശ്യകതയെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടി വരുന്നതും കാലം കുഞ്ഞിനായി കാത്തുവച്ച മുലപ്പാലിന്റെ ഗുണത്തെക്കുറിച്ച് മനസ്സിലാക്കേണ്ടി വരുന്നതും.

മേൽപ്പറഞ്ഞ രണ്ട് അമ്ലങ്ങൾ മാത്രമല്ല മുലപ്പാലിനെ വിശിഷ്ടമാക്കുന്നത്. ലാക്ടോഫെറിൻ, ലാക്ടോപെറോക്സിഡസ് ഇമ്മ്യൂണോഗ്ലോബുലിൻ എന്നിങ്ങനെ ഒരുപാട് പദാർത്ഥങ്ങൾ (പട്ടിക നോക്കുക) മുലപ്പാലിലുണ്ട്. ഇവയൊക്കെ തന്നെ വളർച്ചയെ പ്രതിനിധാനം ചെയ്യുന്നതിനൊപ്പം പ്രതിരോധശേഷിയും കൂട്ടും. മുലകുടിക്കാതെ വളരുന്ന കുട്ടികളിൽ ഭാവിയിൽ ആരോഗ്യസംബന്ധമായ ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാവുമെന്ന് പഠനങ്ങൾ പറയുന്നുണ്ട്. മാത്രമല്ല ശിശുമരണനിരക്കും അവരിൽ കൂടുതലാണത്രെ.

മുലപ്പാലിന് പകരം മറ്റ ഭക്ഷണം അതായത് ടിൻ ഫുഡ് കാച്ചിക്കൊടുത്താൽ പോരെ? നിർദോഷകരമായ ചോദ്യം ഏതെങ്കിലുമൊരമ്മ ചോദിച്ചാൽ ഉപ്പും ഉപ്പിലിട്ടതും തമ്മിലുള്ള വ്യത്യാസമുണ്ട് അവയ്ക്കുതമ്മിലെന്ന് പറയുകയേ നിവൃത്തിയുള്ളൂ. കാലമൊരുക്കിയ ഔഷധക്കൂട്ടാണ് മുലപ്പാലെങ്കിൽ ലാഭേച്ഛകൊണ്ടുമാത്രം രൂപകല്പനചെയ്തിട്ടുള്ളതാണ് പണ്ട് തകരപ്പാത്രത്തിലും ഇപ്പോൾ പ്ലാസ്റ്റിക് പാത്രങ്ങളിലും ബഹുരാഷ്ട്രകമ്പനികൾ പടച്ചിറക്കുന്ന സമാന്തരഭക്ഷണം.

മുലപ്പാലും കുപ്പിപ്പാലും കുടിച്ചുവളർന്ന കുട്ടികളെ താരതമ്യ പഠനത്തിന് വിധേയമാക്കിയപ്പോൾ ശാരീരികമായും മാനസികമായും വൈകാരികമായും ഉണർവ്വും ഉന്മേഷവും മുലകുടിച്ചു വളർന്ന കുട്ടികളിൽ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. രക്തത്തിലെ പട്ടാളകോശങ്ങളായ ശ്വേതരക്താണുക്കളും ആന്റിബോഡികളും അമ്മയുടെ ശരീരത്തിൽ നിന്ന് മുലപ്പാലിലൂടെ കുഞ്ഞിന് ലഭിക്കുമ്പോൾ സമാന്തരഭക്ഷണംകൊണ്ട് തൃപ്തിപ്പെടുന്ന കുഞ്ഞിന് കിട്ടുന്നത് പ്രിസെർവേറ്റിവുകൾകൊണ്ട് സമ്പന്നമായ ആഹാരമായിരിക്കും. വയറുനിറയ്ക്കാനല്ലാതെ കാര്യമായി ഒരു ഗുണവുമില്ലാത്തതാണ് അവയൊക്കെയെന്ന് നിസ്സംശയം പറയാം. ഉയരംകൂടാനും ബുദ്ധിവളരാനും വേണ്ടതൊക്കെ വേണ്ടത്ര അളവിലുണ്ടെന്ന് ആകർഷകമായ പരസ്യങ്ങളിലൂടെ പറയുമ്പോൾ ഉപഭോക്താക്കളായ നാം അതൊക്കെ വാങ്ങി കൊടുക്കാൻ നിർബന്ധിതരാകുന്നു എന്നത് സത്യം തന്നെ. എന്നാൽ മുലപ്പാൽ കുടിക്കുമ്പോൾ കുഞ്ഞിന് കിട്ടുന്ന നിറവ്, അതൊരിക്കലും സമാന്തരഭക്ഷണങ്ങൾക്ക് നൽകാനാവില്ലെന്ന യാഥാർഥ്യം വിസ്മരിക്കാനും പാടില്ല.

മുലയൂട്ടൽകൊണ്ട് കുഞ്ഞിന് മാത്രമല്ല അമ്മയ്ക്കും പരോക്ഷമായി അച്ഛനും ഗുണമുണ്ടെന്നുള്ളതാണ് സത്യം. ഇന്ന് സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ശാപമാണ് സ്തനാർബുദം. റീജിയണൽ ക്യാൻസർ സെന്ററിലെത്തുന്ന സ്ത്രീകളിൽ ബഹുഭൂരിപക്ഷവും സ്തനാർബുദ രോഗികളാണ്. മുലയൂട്ടുന്ന അമ്മമാരിൽ അതിനുള്ള സാധ്യത കുറവാണെന്ന് പറയുമ്പോൾ നൈതികമായ ആ പ്രക്രിയയിലൂടെ കുഞ്ഞിനൊപ്പം അമ്മയ്ക്കും കിട്ടുന്നുണ്ടല്ലോ ഗുണത്തിൽ പാതി.

മുലപ്പാലിന് പകരം മറ്റ ഭക്ഷണം അതായത് ടിൻ ഫുഡ് കാച്ചിക്കൊടുത്താൽ പോരെ? നിർദോഷകരമായ ചോദ്യം ഏതെങ്കിലുമൊരമ്മ ചോദിച്ചാൽ ഉപ്പും ഉപ്പിലിട്ടതും തമ്മിലുള്ള വ്യത്യാസമുണ്ട് അവയ്ക്കുതമ്മിലെന്ന് പറയുകയേ നിവൃത്തിയുള്ളൂ. കാലമൊരുക്കിയ ഔഷധക്കൂട്ടാണ് മുലപ്പാലെങ്കിൽ ലാഭേച്ഛകൊണ്ടുമാത്രം രൂപകല്പന ചെയ്തിട്ടുള്ളതാണ് പണ്ട് തകരപ്പാത്രത്തിലും ഇപ്പോൾ പ്ലാസ്റ്റിക് പാത്രങ്ങളിലും ബഹുരാഷ്ട്ര കമ്പനികൾ പടച്ചിറക്കുന്ന സമാന്തരഭക്ഷണം.

മുലപ്പാലും കുപ്പിപ്പാലും ഒരു താരതമ്യം

ആഹാര ഘടകങ്ങൾ	മുലപ്പാൽ	കുപ്പിപ്പാൽ
കൊഴുപ്പ്,	തലച്ചോറിന്റെ വികാസത്തിന് അത്യാവശ്യമായ ഡി എച്ച് എ (Docosahexaenoic acid -DHA) ധാരാളമുണ്ട്. അതുപോലെ കൊഴുപ്പിനെ ദഹിപ്പിക്കാൻ ശേഷിയുള്ള ലൈപേസ് ദഹനവും ആഗിരണവും ത്വരിതമാക്കുന്നു.	ഡി എച്ച് എ (Docosahexaenoic acid -DHA), കൊഴുപ്പിനെ ദഹിപ്പിക്കുന്ന എൻസൈം എന്നിവ ഇല്ല .ടിൻ ഫുഡിലെ കൊഴുപ്പ് പെട്ടെന്ന് ദഹിക്കുകയില്ല. സിംഹഭാഗവും മലത്തിലൂടെ പുറത്ത് പോകും.
മാംസ്യം	ബുദ്ധി വളരാനുള്ള അമിനോ അമ്ലങ്ങൾ, ലാക്ടോഫെറിൻ, മതിയായ ഉറക്കം കിട്ടാനുള്ള മാംസ്യങ്ങൾ, ബാക്ടീരിയയെ നശിപ്പിക്കുന്ന ലൈസോസൈം എന്നിവയുടെ കലവറ	ദഹിക്കാൻ വിഷമമുള്ളതും ആഗിരണം ചെയ്യാൻ കഴിയാത്തതുമായ മാംസ്യങ്ങൾ വൃക്കകൾക്ക് കേടുണ്ടാക്കും. ലാക്ടോഫെറിൻ, ലൈസോസൈം എന്നിവയില്ല
ലാക്ടോസ് -	കുടലിന്റെ ആരോഗ്യത്തിനാവശ്യമായ എളുപ്പം ദാഹിക്കുന്ന അന്നജം ധാരാളമുണ്ട്.	കുറവ് / ഇല്ല
പ്രതിരോധ ഘടകങ്ങൾ	ജീവനുള്ള ശ്വേതരക്താണുക്കളും, ആന്റിബോഡികളും കുഞ്ഞിന് കുറ്റമറ്റ പ്രതിരോധശേഷി നൽകും.	നിർജീവവും നിഷ്ക്രിയവുമായ പ്രതിരോധ ഘടകങ്ങൾ തെറ്റായി കുഞ്ഞിനെ പിന്തുടർന്നുകൊണ്ടിരിക്കും
ജീവകങ്ങളും ധാതുക്കളും	ഇരുമ്പ് സിങ്ക് കാൽസ്യം മുതലായവ ആവശ്യത്തിന്. ഇരുമ്പിന്റെ ആഗിരണം 50-75 ശതമാനം നടക്കുന്നു.	ഉള്ള ധാതുക്കളിൽ വളരെക്കുറച്ച് മാത്രമേ ആഗിരണം ചെയ്യുന്നുള്ളൂ. ബാക്കിയുള്ളവ ദഹനപ്രശ്നങ്ങളുണ്ടാക്കും
എൻസൈമുകൾ ഹോർമോണുകൾ	കൊഴുപ്പിനെ ദഹിപ്പിക്കുന്ന ലൈപേസ് അന്നജത്തെ ദഹിപ്പിക്കുന്ന അമിലേസ്, ഹോർമോണുകളായ തൈറോക്സിൻ പ്രൊലാക്ടിൻ ഓക്സിടോസിൻ എന്നിവ ആവശ്യത്തിന്.	തയ്യാറാക്കുമ്പോൾ അതിലെ എൻസൈമുകളും ഹോർമോണുകളും നിർജീവമാകുകയോ നിഷ്ക്രിയമാവുകയോ ചെയ്യുന്നു. ഇത് ദഹനേന്ദ്രിയവ്യൂഹത്തെ പ്രതികൂലമായി ബാധിക്കുന്നു.
രുചി	അമ്മയുടെ ഭക്ഷണ വൈവിധ്യങ്ങൾക്കനുസരിച്ച് രുചിയിൽ വ്യത്യാസമുണ്ടാകും. ഇത് മുതിർന്നവർ കഴിക്കുന്ന ഭക്ഷണത്തിലേക്ക് കുഞ്ഞിനെ ആകർഷിക്കുന്നു.	ഒരേ രുചി. ഇത് കുഞ്ഞുങ്ങളിൽ മടുപ്പുളവാക്കും.
ചെലവ്	ഒരു ചെലവുമില്ലാതെ കുഞ്ഞിന് വേണ്ടതെല്ലാം കിട്ടുന്നു.	വൻതുക ചെലവഴിക്കുന്നുണ്ടെങ്കിലും മതിയായ അളവിൽ എല്ലാം തികഞ്ഞത് കിട്ടുന്നില്ല

ഒരു കുഞ്ഞ് ജനിച്ചാൽ സ്വാഭാവികമായി ദമ്പതികൾ അടുത്തൊരു കുഞ്ഞിനെ ആഗ്രഹിക്കുന്നത് രണ്ടുവർഷം കഴിഞ്ഞാണല്ലോ. കുഞ്ഞിന് കൃത്യമായി മുലയൂട്ടുന്ന അമ്മയ്ക്ക് മുലയൂട്ടുന്നകാലത്തോളം ആർത്തവചക്രമുണ്ടാകില്ല. അതില്ലാത്തിടത്തോളംകാലം മറ്റൊരു മാർഗവും സ്വീകരിക്കാതെ തന്നെ അടുത്തകുഞ്ഞിന് വേണ്ടിയുള്ള അകലം പാലിക്കാനാകും.

തെറ്റായ സൗന്ദര്യസങ്കല്പങ്ങളാലോ മറ്റുകാരണങ്ങളാലോ മുലയൂട്ടാൻ മടിക്കുന്ന അമ്മമാർ നമ്മുടെ ഇടയിലുണ്ടെന്നുള്ളത് ഒരു ദുഃഖകരമായ സത്യമാണ്. അവർ കുഞ്ഞിനോട് മാത്രമല്ല തന്നോടും പ്രകൃതിയോടും കാട്ടുന്ന അക്ഷന്തവ്യമായ അപരാധംകൂടിയാണ്.

(പംക്തികാരൻ തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിലെ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്. ഫോൺ : 9447342497)

കില ന്യൂസ്

ഉദ്യോഗസ്ഥർ സൽപ്പേരു സമ്പാദിക്കാനാണ് ശ്രമിക്കേണ്ടത്: മന്ത്രി ഡോ. കെ.ടി.ജലീൽ

അഴിമതിയില്ലാത്ത ഉദ്യോഗസ്ഥനെന്ന സൽപ്പേരു സമ്പാദിക്കാനാണ് ഉദ്യോഗസ്ഥർ ശ്രമിക്കേണ്ടതെന്ന തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ. കെ.ടി.ജലീൽ. കിലയിൽ ഒരു മാസത്തെ പ്രാഥമിക പരിശീലനത്തിനെത്തിയ പുതിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഉദ്യോഗസ്ഥർ ഒരിക്കലും സംശയരോഗികളാകരുതെന്നും അതുകൊണ്ടാണ് ഫയലുകൾ നീങ്ങാൻ വൈകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നാം ഒരാളെ ബുദ്ധിമുട്ടിച്ചാൽ അതിന്റെ പലിശ സഹിതം നമ്മുടെ മക്കൾക്കോ കുടുംബാംഗങ്ങൾക്കോ തിരിച്ചുകിട്ടുമെന്ന കാര്യം വിസ്മരിക്കരുത്. സാധാരണക്കാരും പാവപ്പെട്ടവരുമാണ് സാധാരണഗതിയിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ എത്തുന്നത്. അവരുടെ ആവശ്യങ്ങൾക്കു പെട്ടെന്നു പരിഹാരം കാണാൻ ഉദ്യോഗസ്ഥർക്കു കഴിയണം. പുതിയ സെക്രട്ടറിമാരുടെ പ്രവർത്തനങ്ങൾ അടുത്ത വർഷം വിലയിരുത്താൻ പ്രത്യേക സംവിധാനമൊരുക്കുമെന്നും മന്ത്രി അറിയിച്ചു.കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സംബന്ധിച്ചു. 45 പേരാണ് പ്രാഥമിക പരിശീലനത്തിൽ പങ്കെടുക്കുന്നത്.

അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി വാർഷികകർമ്മപരിപാടി തയ്യാറാക്കൽ: എഞ്ചിനിയർമാർക്കുപരിശീലനം

ഈ വർഷത്തെ അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയുടെ വാർഷിക കർമ്മപരിപാടിയും ലേബർ ബജറ്റും തയ്യാറാക്കുന്നതു

മായി ബന്ധപ്പെട്ട് അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതി എഞ്ചിനിയർമാർക്കും ഓവർസിയർമാർക്കും കിലയിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി സംസ്ഥാന കൗൺസിൽ അംഗം എസ്.രാജേന്ദ്രൻ ആമുഖാവതരണം നടത്തി. കോഴ്സ് ഡയറക്ടർ ഡോ. സണ്ണി ജോർജ്, കോർഡിനേറ്റർ എം.രേണുകുമാർ എന്നിവർ സംസാരിച്ചു. ആറു കോർപ്പറേഷനുകളുൾപ്പെടെ 90 നഗരസഭകളിൽനിന്നുള്ളവരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

ഭൂട്ടാനിലെ ഉദ്യോഗസ്ഥർ കിലയിൽ

കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ചു പഠിക്കുന്നതിനു ഭൂട്ടാനിലെ ആഭ്യന്തരവകുപ്പിലെ ഉന്നതതല ഉദ്യോഗസ്ഥ സംഘം കിലയിലെത്തി. പന്ത്രണ്ടു പേരുള്ള സംഘത്തിൽ ഹാ, ചൊക്ക ജില്ലകളിലെ ഡെപ്യൂട്ടി ഗവർണ്ണർമാരും മറ്റു മേഖലകളിലെ ജില്ലാതല ഉദ്യോഗസ്ഥരുമുണ്ടായിരുന്നു.

അധികാരവികേന്ദ്രീകരണം, പ്രാദേശികാസൂത്രണം, കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ, ടോട്ടൽ ക്വാളിററി മാനേജ്മെന്റ്, തദ്ദേശസ്ഥാപനങ്ങളുടെ വിഭവസ്രോതസ്സുകൾ, വനിതാഘടകപദ്ധതി, ശിശുസൗഹൃദ തദ്ദേശഭരണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിപുലമായ പരിശീലനപരിപാടിയാണ് സന്ദർശകർക്കു വേണ്ടി ഒരുക്കിയിട്ടുള്ളത്.

കേരളത്തിന്റെ നേട്ടങ്ങളെ ബ്രിട്ടീഷ് എം. പിമാർ അഭിനന്ദിച്ചു

സ്ത്രീശാക്തീകരണത്തിലും വിദ്യാഭ്യാസ മേഖലയിലും കേരളം കൈവരിച്ച നേട്ടങ്ങളെ ബ്രിട്ടീഷ് പാർലമെന്റംഗങ്ങൾ അഭിനന്ദിച്ചു. പരസ്പര താൽപര്യമുള്ള വിഷയങ്ങളിൽ സഹകരണ സാധ്യതകൾ ആരാഞ്ഞ് കിലയിലെത്തിയതായിരുന്നു ബ്രിട്ടീഷ് എം. പിമാർ. കിലയിലെത്തിയ എം.പിമാരെ ഡോ.പി.കെ.ബിജു എം.പിയും തൃശ്ശൂർ ജില്ലാ കലക്ടർ ഡോ. കൗശികനും ചേർന്നു പൊന്നാടയണിയിച്ചു സ്വീകരിച്ചു. ക്രെയ്ഗ് വിറ്റാറുടെ നേതൃത്വത്തിലുള്ള സംഘത്തിൽ എം.പിമാരായ ഏഞ്ചല റെയ്നർ, ഡാനിയൻ സ്റ്റീഫൻ, സ്റ്റീവൻമാർക്ക് വാർഡ് റീഡ് എന്നിവർക്കു പുറമെ കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ

പ്രോഗ്രാം മാനേജർ റോബർട്ട് ഹെൻഡേഴ്സൺ ഹാർവർ, ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമ്മീഷ്ണർ ഭരത് ജോഷി, ചെന്നൈയിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷനിലെ മാധ്യമമേധാവി റൂഡി ഫെർണാണ്ടസ് എന്നിവരുമുണ്ടായിരുന്നു.

കേരളത്തിൽനിന്നുള്ള വനിതകൾപ്പെടെയുള്ളവർ അടുത്ത പ്രാദേശിക തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നുണ്ടെന്ന എം.പിമാർ അറിയിച്ചു. കേംബ്രിഡ്ജ് പ്രദേശത്താണ് കേരളത്തിൽനിന്നുള്ള നേഴ്സുമാർ അധികം പേരും വസിക്കുന്നത്. കുറെപേർ നേഴ്സിംഗിനു അവിടെ പഠിക്കുന്നുമുണ്ട്. അധികാരവികേന്ദ്രീകരണത്തിലൂടെ കേരളം കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് പ്രത്യേകിച്ച് സ്ത്രീ ശാക്തീകരണത്തിലും വിദ്യാഭ്യാസ രംഗത്തും നേടിയ മികവിനെക്കുറിച്ച് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ഡോ. പി. കെ.ബിജു എം.പി. വിശദീകരിച്ചു.

പ്രാദേശികഭരണത്തെക്കുറിച്ച് വിദ്യാർത്ഥികൾക്കു പരിശീലനം

പ്രാദേശികഭരണത്തെക്കുറിച്ചറിയാൻ കിലയിലെത്തിയ പുറ്റേക്കര സെന്റ് ജോർജ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾക്കു അർദ്ധദിന പരിശീലനം നൽകി. പ്രാദേശിക ഭരണകൂടവും കുട്ടികളും, പഠന നൈപുണികളും സ്മൃതി സാങ്കേതികവും, വ്യക്തിത്വ വികസനം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

പങ്കാളിത്ത ആസൂത്രണം പഠിക്കാൻ ജാർഖണ്ഡിലെ പഞ്ചായത്ത് പ്രസിഡന്റുമാർ കിലയിൽ

കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചും പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ചും പഠിക്കുന്നതിനു ജാർഖണ്ഡിൽനിന്നുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ കിലയിലെത്തി. ജാർഖണ്ഡ് ഗ്രാമവികസനവകുപ്പിലെ ജോയിന്റ് സെക്രട്ടറി രാജേഷ് കുമാർ വർമ്മയാണ് സംഘത്തെ നയിച്ചത്. കിലയിൽ ഇവർക്കുവേണ്ടി അഞ്ചുദിവസത്തെ പരിശീലനപരിപാടി സംഘടിപ്പിച്ചു.

വേലൂർ, മുള്ളൂർക്കര, പഴയന്നൂർ ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ച സംഘം അവിടങ്ങളിലെ വികസനപ്രവർത്തനങ്ങൾ നേരിൽ കണ്ടു വിലയിരുത്തുകയും ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തു.

നഗരശുചിത്വപദ്ധതി: കിലയിൽ ദ്വിദിന ശില്പശാല

നഗരശുചിത്വ പദ്ധതി(സി.എസ്.പി) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച രണ്ടുദിവസത്തെ ശില്പശാല ജി.ഐ. ഇസെഡിന്റെ (ജിസ്) പ്രതിനിധി സെബാസ്റ്റ്യൻ മാർ

ക്കാർട്ട് ഉദ്ഘാടനം ചെയ്തു. ശുചിത്വ പദ്ധതിക്കുള്ള സാങ്കേതിക സഹായം നൽകുന്നത് ജിസാണ്. കില പ്രൊഫ. ഡോ. സണ്ണി ജോർജ് സ്വാഗതമാശംസിച്ചു. ശുചിത്വമിഷനിലെ ഷാജി ക്ലമന്റ് ശില്പശാലയുടെ ലക്ഷ്യങ്ങൾ വിശദീകരിച്ചു. ഡോ. ഇസാക്കിരാജ് (ജിസ്) ആമുഖാവതരണം നടത്തി. നഗരശുചിത്വം എന്ത്, എന്തിന്, നഗരശുചിത്വ ടാസ്ക് ഫോഴ്സ് രൂപീകരണം, വിവരശേഖരണം, അതിന്റെ വിലയിരുത്തൽ, കർമ്മപരിപാടി എന്നീ വിഷയങ്ങളെക്കുറിച്ചു വിദഗ്ദ്ധർ ക്ലാസ്സെടുത്തു. നഗരശുചിത്വ പദ്ധതിയിൽ ചിറ്റൂർ -തത്തമംഗലം നഗരസഭയുടെ അനുഭവങ്ങൾ പങ്കുവച്ചു.

കിലയും ശുചിത്വമിഷനും ജിസും സംയുക്തമായാണ് ശില്പശാല സംഘടിപ്പിച്ചത്. വികസനം, ഊർജം, പ്രകൃതി വിഭവം, നഗരവികസനം, സാമ്പത്തിക വികസനം എന്നീ മേഖലകളിൽ നൂറിൽപരം രാഷ്ട്രങ്ങൾക്കു സാങ്കേതിക സഹായം നൽകുന്ന സ്ഥാപനമാണ് ജിസ്. ഈ ശില്പശാലയ്ക്കുവേണ്ടിയുള്ള ഫാക്കൽറ്റികളെ നൽകുന്നതും അവർതന്നെ. കേരളത്തിലെ സ്മാർട്ട് സിറ്റിയിലെ ശുചിത്വം, ഭവനനിർമ്മാണം, ഗതാഗതം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ മേഖലകളിൽ സാങ്കേതിക സഹായം നൽകുന്നതും ജിസ്സാണ്.

കിലയിലെ 13 റിസർച്ച് അസോസിയേറ്റുകൾ, പതിന്നാലു ജില്ലകളിലെ ശുചിത്വമിഷന്റെ സാങ്കേതിക വിദഗ്ദ്ധർ, 25 നഗരസഭകളിൽനിന്നുള്ള നോഡൽ ഓഫീസർമാർ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്.കേന്ദ്ര സർക്കാരിന്റെ അർബൻ സാനിറ്റേഷൻ നയത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി തയ്യാറാക്കുന്നത്. ഹരിതകേരളം മിഷൻ മുന്നോട്ടുവച്ച സമഗ്ര ശുചിത്വ പദ്ധതിയുടെ പ്രാധാന്യം കൂടി ഉൾക്കൊണ്ടാണ് നഗരസഭകൾ പദ്ധതി തയ്യാറാക്കുക.

സാമൂഹ്യവിദ്യാഭ്യാസപരിപാടിയിൽ ലൈബ്രറി കൗൺസിൽ പ്രവർത്തകരും

നവകേരളത്തിനായി ജനകീയാസൂത്രണം സാമൂഹ്യവിദ്യഭ്യാസ പരിപാടിയിൽ ലൈബ്രറി കൗൺസിൽ പ്രവർത്തകരുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പ്രവർത്തകരെ സജ്ജരാക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ള രണ്ടുദിവസത്തെ സംസ്ഥാനതല പരിശീലക പരിശീലനം കിലയിൽ സംഘടിപ്പിച്ചു. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽനിന്നുള്ള 65 പ്രവർത്തകരാണ് പരിശീലക പരിശീലനത്തിൽ പങ്കെടുക്കുന്നത്. ഇവിടെ പരിശീലനം നേടുന്നവരുടെ നേതൃത്വത്തിൽ ജില്ലാ-താലൂക്ക് തലത്തിൽ ലൈബ്രറി കൗൺസിൽ പ്രവർത്തകർക്കും ലൈബ്രറിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പൊതുജനങ്ങൾക്കും പരിശീലനം നൽകുന്നതാണ്.

പനവൂർ ഗ്രാമപഞ്ചായത്തിൽ നടന്ന വയോജനസംഗമം സംസ്ഥാനഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ വി. എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

പഴുത്തിലകളെ സ്നേഹിക്കുന്ന പച്ചിലകൾ

പനവൂർ ഗ്രാമപഞ്ചായത്ത് വയോസൗഹൃദഗ്രാമം

വാർദ്ധക്യം എല്ലാ ജീവജാലങ്ങൾക്കും അനിവാര്യമായുണ്ടാകുന്ന അവസാന കാലമാണ്. ഇന്ന് യൗവ്വനതീക്ഷ്ണമായിരിക്കുന്ന ശരീരവും മനസ്സും നാളെ വാർദ്ധക്യത്തിന്റെ അവധാനതയിലേക്ക് എത്തുന്നത് തികച്ചും സ്വാഭാവികം. എന്നാൽ ഇക്കാര്യം സ്നേഹപൂർവ്വം തിരിച്ചറിയാൻ യുവതലമുറയ്ക്കാകുന്നുണ്ടോ? വൃദ്ധരുടെ ജീവിതപ്രശ്നങ്ങൾ കൂടിവരുന്നൊരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

പുറന്തള്ളപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും മാത്രമല്ല അവഗണിക്കപ്പെടുകയും ചെയ്യുന്ന ദുഃസ്ഥിതി ഇന്ന് ചില വൃദ്ധജനങ്ങളെങ്കിലും അനുഭവിക്കേണ്ടിവരുന്നുണ്ട്. നിർദ്ധനത്വത്തിന്റേതാകാം, സ്വത്തുവിഭജനത്തിന്റേതാകാം, ആരോഗ്യപ്രശ്നത്തിന്റേതുമാകാം കാരണങ്ങൾ. ഇതിന് പരിഹാരം കണ്ടേ മതിയാകൂ. ഇന്നത്തെ യുവത്വം നാളത്തെ വാർദ്ധക്യമാണെന്ന സാമാന്യബോധമെങ്കിലും നമ്മെ ഉണർത്തേണ്ടതുണ്ട്.

ഇങ്ങനെ ചിന്തിക്കുമ്പോഴാണ് പനവൂർ ഗ്രാമപഞ്ചായത്ത് ചെയ്തുവരുന്ന സദ്പ്രവർത്തനങ്ങൾ നമുക്ക് മുന്നിൽ വരുന്നത്. പനവൂർ ഗ്രാമപഞ്ചായത്ത് വൃദ്ധജനങ്ങൾക്കായി "വയോസൗഹൃദ ഗ്രാമ"മൊരുക്കുന്നു. ഈ ജനകീയ തുടർപദ്ധതി ഗ്രാമപഞ്ചായത്തിലെ 60 വയസ്സിന് മുകളിൽ പ്രായമുള്ള വൃദ്ധജനങ്ങൾക്കായി, അവരുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനും മാനസികമായ ഒറ്റപ്പെടലിൽ നിന്നും മോചിപ്പിക്കുന്നതിനും സാമൂഹ്യ ഗാർഹിക പീഢനങ്ങളിൽ നിയമസുരക്ഷ ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു.

പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി പഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ക്ഷേമകാര്യ ആരോഗ്യ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ വൈസ് ചെയർമാൻമാരായും PHC മെഡിക്കൽ ആഫീസർ കൺവീനറും ആയുർവേദ, ഹോമിയോ മെഡിക്കൽ ആഫീസർമാർ, ICDS സൂപ്പർവൈസർ, കുടുംബശ്രീ മെമ്പർ സെക്രട്ടറി എന്നിവർ ജോയിന്റ് കൺവീനർമാരായും സംഘാടക സമിതി രൂപീകരിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ, ആരോഗ്യപ്രവർത്തകർ, അംഗണവാടി-ആശാ-കുടുംബശ്രീ പ്രവർത്തകർ എന്നിവർ സമിതിയിലംഗങ്ങളാണ്. പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ മെമ്പർ ചെയർമാനായും അംഗണവാടി വർക്കർ കൺവീനറായും സമിതി പ്രവർത്തിക്കുന്നു. വാർഡിലെ കുടുംബശ്രീ ADS മെമ്പർ CDS അംഗങ്ങൾ, അംഗണവാടി-ആശാ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ എന്നിവർ വാർഡുതല സംഘാടകസമിതിയിൽ അംഗങ്ങളാണ്.

പദ്ധതിയുടെ ഭാഗമായി 15 വാർഡുകളിലും വയോജന സഭകൾ വിളിച്ചുചേർത്ത് വയോജന ക്ലബുകൾക്ക് രൂപം നൽകി. വയോജന ക്ലബുകൾ പ്രവർത്തിക്കുന്നതിന് സൗകര്യപ്രദമായ കെട്ടിടങ്ങൾ ലഭ്യമാക്കി വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ക്ലബുകളിൽ മാസത്തിലൊരിക്കൽ ആരോഗ്യ പ്രവർത്തകർ എത്തി വയോജനങ്ങളുടെ ആരോഗ്യപരിശോധന നടത്തുന്നു. ജീവിതശൈലി രോഗങ്ങൾ പരിശോധിക്കുന്നതിനും മരുന്നുകൾ വിതരണം ചെയ്യുന്നതിനും സംവിധാനമുണ്ട്. ആരോഗ്യ പരിശോധനയ്ക്കായുള്ള ഉപകരണങ്ങളും ചികിത്സാ ഡയറികളും രജിസ്റ്ററുകളും ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 15 വാർഡുകളിലെയും വയോജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്തുതല വയോജന സംഗമം സംഘടിപ്പിച്ചു. കേരള സംസ്ഥാന ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായ വി.എസ്. അച്യുതാനന്ദനാണ് സംഗമം ഉദ്ഘാടനം ചെയ്തത്. വയോജനങ്ങളുടെ കലാപരിപാടികൾ ശ്രദ്ധേയമായി. പരിപാടിയോടനുബന്ധിച്ച് കട്ടിൽ വിതരണം ചെയ്തു.

പരിപാടിയുടെ വിജയകരമായ നടത്തിപ്പിനായി പനവൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ആഫീസർ ഡോ.പ്രീതയുടെ നേതൃത്വത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ ഇൻസ്പെക്ടർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ, ആയർവേദ മെഡിക്കൽ ഓഫീസർ, ആശാ പ്രവർത്തകർ, അംഗനവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, നാട്ടുകാർ തുടങ്ങിയവർ ആത്മാർത്ഥമായി പ്രവർത്തിക്കുന്നു. ഈ സാമ്പത്തികവർഷം വയോജനങ്ങൾക്കു വേണ്ടി 14 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

ഇപ്രകാരം ജീവിതത്തിന്റെ സായംകാലത്ത് സന്തോഷത്തിന്റെയും സാന്ത്വനത്തിന്റെയും നന്മയുടെയും തിളക്കമാർന്ന ഒരു കുമ്പിൾ വെളിച്ചം നമ്മുടെ അമ്മൂമ്മമാർക്കും അപ്പൂപ്പന്മാർക്കും പകർന്നു നൽകാൻ മനസ്സിനാലും പ്രവൃത്തിയാലും തയ്യാറായ പനവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ജീവനക്കാരും പ്രദേശവാസികളുടെയും നമ്മുടെയേവരുടെയും അഭിനന്ദനത്തിനും അഭിവാദ്യത്തിനും പാത്രമാകുന്നു.

ജീവിതത്തിന്റെ സായംകാലത്ത് സന്തോഷത്തിന്റെയും സാന്ത്വനത്തിന്റെയും നന്മയുടെയും തിളക്കമാർന്ന ഒരു കുമ്പിൾ വെളിച്ചം നമ്മുടെ അമ്മൂമ്മമാർക്കും അപ്പൂപ്പന്മാർക്കും പകർന്നു നൽകാൻ മനസ്സിനാലും പ്രവൃത്തിയാലും തയ്യാറായ പനവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ജീവനക്കാരും പ്രദേശവാസികളുടെയും നമ്മുടെയേവരുടെയും അഭിനന്ദനത്തിനും അഭിവാദ്യത്തിനും പാത്രമാകുന്നു

...എന്ന് വായനക്കാർ

സമഗ്രവും ഗുണപരവുമായ മാറ്റങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന സമഗ്രവും ഗുണപരവുമായ മാറ്റങ്ങൾ പ്രതിഫലിപ്പിക്കുന്നതിൽ പഞ്ചായത്ത് രാജ് മാസിക കാണിക്കുന്ന ശ്രദ്ധ സൂക്ഷ്മമാണ്. അധികാരം സാധാരണക്കാരന്റെ കൈകളിലെത്തുന്നതിൽ ഉത്തമമാതൃക കേരളം തന്നെയാണ്. ഇവിടെ എല്ലാ വിഭാഗം ജനങ്ങൾക്കും തൃപ്തികരമായ ക്ഷേമ-വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സർക്കാരിന്റെ പ്രതിബദ്ധത എടുത്തുപറയത്തക്കതാണ്. മാർഗ്ഗരേഖയുടെ ചട്ടക്കൂടിൽ മുന്നേറുന്ന പദ്ധതിപ്രവർത്തനങ്ങൾ വിജയപ്രദമാക്കുവാൻ എല്ലാ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും കഴിയട്ടെ എന്ന ആശംസയോടെ.

സിന്ധു, ശാസ്താംകോട്ട.

അഭിനന്ദനങ്ങൾ

"വിരിഞ്ഞുപോയ എന്റെ കുട്ടുകാരിൽ
ഒരാളാവുന്നല്ലോ നീ..."

മക്കളെ നടത്തേണ്ട വഴിയെപ്പറ്റി ധർമ്മസങ്കടത്തിലാഴുന്ന ഒരച്ഛന്റെ മനസികാവസ്ഥ ഹൃദയസ്പർശിയായ കാവ്യഭാഷയിൽ വരച്ചിടാൻ കൊന്നമൂട് വിജുവിന് കഴിഞ്ഞു. ഇതൊരു കവിയുടെ മാത്രം പ്രശ്നമല്ല. ഒരു വശത്ത് സാമൂഹ്യപ്രതിബദ്ധമായൊരു ലോകവീക്ഷണവും മറുവശത്ത് വാത്സല്യസമ്പന്നമായൊരു പിതൃമനസ്സും ഏതൊരാളുടെയും സന്തുലിതാവസ്ഥയ്ക്ക് ഭംഗം വരുത്തും. ഇതു തിരിച്ചറിയാനും ആവിഷ്കരിക്കാനും കഴിഞ്ഞതാണ് കവിയുടെ പ്രതിഭ.

അനീഷ്, തവിഞ്ഞാൽ.

സിനിമ കണ്ട അനുഭവം

ചില സിനിമകൾ കാണാൻ പറ്റാതെ പോകുമ്പോഴും അവയെക്കുറിച്ചുള്ള നല്ല ആസ്വാദനം വായിക്കുമ്പോൾ സിനിമ കണ്ട അനുഭവത്തോടടുത്തുനില്ക്കും. അങ്ങനെയാകണമെങ്കിൽ സർവ്വതലത്തിലും സിനിമയുടെ സ്വത്വവും പ്രത്യേകതകളും എടുത്തെഴുതാൻ കഴിവുള്ളൊരു സർഗ്ഗാത്മകത സിനിമാ നിരൂപണത്തിനു വേണം. തീർച്ചയായും എൻ.പി. മുരളീകൃഷ്ണനുണ്ട്. ഓരോ ആസ്വാദനക്കുറിപ്പും അത് തെളിയിക്കുന്നു. അനുമോദനങ്ങൾ.

സുരേഷ് ബാബു, അഞ്ചൽ.

കണ്ണും കാതും

വീ.സീ.അഭിലാഷ്

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) March 2018
Annual Subscription ₹120, Published on 20 march 2018
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to post without prepayment No. KL/TV(N) WPP-85/2015-17

ഫോർ ദി പീപ്പിൾ

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

പരാതിപ്പെടാം... ഓൺലൈനിലൂടെ

- പൊതുജനങ്ങൾക്ക് for the people പോർട്ടലിൽ (http//pglsgd.kerala.gov.in) പരാതികൾ ഓൺലൈനായി ആയി നൽകാം.
- ഈ സംവിധാനം വഴി പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ച് രണ്ട് തരം പരാതികൾക്ക് പരിഹാരം തേടാം
  - സേവന ലഭ്യതയിൽ വരുന്ന വീഴ്ചകൾ
  - അഴിമതി സംബന്ധിച്ച പരാതി
- വ്യാജപരാതികൾ ഒഴിവാക്കാൻ ആധാർ/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നിർബന്ധം
- പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സൗകര്യം
- പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, നഗര-ഗ്രാമാസൂത്രണ വകുപ്പ് LSGD എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെയാണ് ഈ വെബ്പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

Printed & Published by P.Marykutty IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: P.Marykutty IAS